# രസികരഞ്ജിനി

## ൧൦൭൮.

പുസ്തകം ൨. | തുലാമാസം. | ലക്കം ൩.

## മംഗളം.

—:O:—

മുക്കണ്ണൻതന്റെകണ്ണേററുടനുടലുരുകി
പ്പോയപുഷ്പബാണനേത്താൻ
തൃക്കണ്ണാൽത്തന്നെവീണ്ടും പുരുദയമുദയമ
ചേർത്തുകാത്തോരുതായേ ।
ഉൾക്കൊള്ളും ദോഷമെല്ലാമുടനറുതിവരും
മാറുനീക്കൂറൊടെന്നെ
തൃക്കണ്ണാൽത്തീട്ടുകൊന്നെൻ ത്രിപുരഹരപുരാ
പുണ്യംപൂരത്തിടമ്പേ ! ॥

പറയാട്ട് അച്യുതമേനോൻ.

## അഹംഭാവം.

—:O:—

ജന്തുക്കൾക്കു നരജന്മം ദുർല്ലഭമായിട്ടുള്ളതാണ് എന്ന ആചാര്യസ്വാമികൾ പറഞ്ഞിട്ടുണ്ട. മനുഷ്യജന്മം പുണ്യോൽക്കർഷത്തിന്റെ ഫലവും മോക്ഷം ഉത്തമമായ മനുഷ്യ ജന്മത്തിന്റെ ഫലവും ആണെന്ന്, വിദ്വാന്മാരെല്ലാവരും സമ്മതിക്കും. സാധാരണ

പാമരന്മാര പോലും "എന്നാൽ മോക്ഷമുണ്ടോ" എന്ന സംഭാഷണങ്ങളിൽ പലപ്പോഴും പറഞ്ഞുവരാറുള്ളതുകൊണ്ടുതന്നെ മോക്ഷം പരമാനന്ദമായിട്ടുള്ള ഒരവസ്ഥയാണെന്നു നമുക്കു അനുമാനിക്കാവുന്നതാണ. ഏതുജന്മത്തിൽ മുക്തനാവുകയോ മുക്തനാവുന്നതിന്ന ശ്രമിക്കുകയോ ചെയ്യുന്നുവോ, ആ ജന്മം സഫലവും അങ്ങിനെ അല്ലാത്തജന്മം നിഷ്ഫലവും ആണെന്നുള്ളത നിർവ്വിവാദമായിട്ടുള്ളതാകുന്നു.

"യാനിദുഃഖാനിയാതൃഷ്ണാദുസ്സഹായേദുരാധയഃ.
തത്സർവ്വംശാന്തചേതസ്സുതമോർക്കേഷ്വിവനശ്യതി—
ശ്രുത്വാസ്പൃഷ്ട്വാചദൃഷ്ട്വാചഭുക്ത്വാഘ്രാത്വാശുഭാശുഭം,
നഹൃഷ്യതിഗ്ലായതിയഃ സശാന്തഇതികഥ്യതേ."

എന്നുംമററുമുള്ള പ്രമാണങ്ങളേക്കൊണ്ട മോക്ഷം സിദ്ധിക്കുവാൻ ആവശ്യമുള്ളവയിൽ ശാന്തി പ്രാധാന്യമേറിയ ഒന്നാണെന്നും ദുഃഖംവരുമ്പോൾ വിഷാദിക്കാതെയും സുഖംവരുമ്പോൾ സന്തോഷിക്കാതെയും ഇരിക്കുന്നവനാണ ശാന്തനെന്നും പറയപ്പെടുന്നു.

ഇങ്ങിനെയുള്ളശാന്തിയെ ശീലിക്കാതെ മനുഷ്യർ വിചാരമില്ലാത്തവരും ഗർവ്വികളുമായി കാലംകഴിച്ചുകൂട്ടുന്നത് എത്രകഷ്ടമായിട്ടുള്ളതാണ്. താൻവലിയ യോഗ്യനാണെന്നും മററാരുംതന്നിലും സമനല്ലെന്നും തോന്നുകയാണ പ്രായേണ ഗർവ്വിന്ന കാരണമായിത്തീരുന്നത്.

എല്ലാവക്കും ഒരേവിധമായ അഭിപ്രായംയാതൊരുകാര്യത്തിലും ഉണ്ടാവുന്നതല്ലാ. ഏതുകാര്യത്തിലും ഏതുകാലത്തും അഭിപ്രായഭേദങ്ങൾ ഉണ്ടായിക്കൊണ്ടുതന്നെയിരിക്കും. ഒരുകാര്യത്തേകുറിച്ച് ഒന്നിലധികം അഭിപ്രായങ്ങളുണ്ടാകുമ്പോൾ എല്ലാ അഭിപ്രായങ്ങളിലും പരമാത്ഥമുണ്ടെന്ന എപ്പോഴും പറഞ്ഞുകൂടുന്നതുമല്ല.

ഒരാൾക്ക വല്ലതിനേയും കുറിച്ച് ഒരു അഭിപ്രായം ജനിക്കുന്നത യഥാത്ഥമായ കാരണത്തെ ആശ്രയിച്ചായിരിക്കുമ്പോൾ ആ അഭിപ്രായത്തെ എല്ലാവരും സ്വീകരിക്കുകയും അതിനോടു സ്വി

ഭാന്താപക്ഷം" പ്രസിദ്ധമായതാന്തം, അതായത സൂക്ഷ്മാലോചന യുടെ ഫലമായി ലഭിക്കപ്പെട്ട തത്വം അത് ഏതോ, ആ പക്ഷം) എന്ന് പറയുകയും ചെയ്യുന്നു. തക്കതായ കാരണത്തെ അവലംബി ച്ചല്ലാതെയോ യാതൊരു കാരണവുമില്ലാതെയോ വല്ലതും ധരിക്ക കയോ പറയുകയോ ചെയ്യുന്നത പലപ്പോഴും ആക്ഷേപത്തിനും ചിലപ്പോൾ പരിഹാസത്തിനും കൂടി ഹേതുവായിത്തീരുന്നതാണ.

രാജാവെന്നു കേട്ടിട്ടുള്ളതല്ലാതെ ജനനം മുതൽക്ക കണ്ടിട്ടി ല്ലാത്തതുകൊണ്ട രാജാവു മനുഷ്യവർഗ്ഗത്തിൽ നിന്നു ഭേദിച്ച ഒരു മാതിരി സൃഷ്ടിയാണെന്നു ധരിച്ചിരുന്നതിനാൽ ഒരിക്കൽ ഒരുരാജാ വിനെ കാണുവാൻ സംഗതിവന്ന ഒരു മുത്തശ്ശി "അല്ലാ, രാജാവ്, രാജാവ് എന്നകേട്ടപ്പോൾ ഞാൻ എന്തോ എന്നുവിചാരിച്ചു. ഇ ത ഒരാളാണ" എന്നു പറഞ്ഞിട്ടുള്ളത് ഓർമ്മയിൽ വരുന്നു. ഈ മു ത്തശ്ശിയെപ്പോലെയുള്ളവരെയോ ഇതിലും കുറച്ചുകൂടിഭേദമായി ട്ടുള്ളവരേയോ നമുക്കിപ്പോൾ ധാരാളം കാണുവാൻ കഴിയും.

ഇങ്ങിനെയാതൊരു കാരണവുമില്ലാതെയോ തക്കതായ കാ രണം കൂടാതെയോ ചിലർ വല്ലതും ധരിക്കുകയോ പറയുകയോ ചെയ്യുന്നത് ഒരു വിധം ആലോചിച്ചാൽ സഹിക്കാവുന്നതാണ്. അഭിപ്രായഭേദവും തെററിദ്ധരിക്കലും പലക്കും പലകാര്യത്തിലും ധാരാളം വന്നുപോകുന്നതാണ.

എന്നാൽ "ഞാൻധരിച്ചതുശരി" "ഞാൻ പറയുന്നത സ ത്യം" എന്നുള്ള നാട്യത്തോടു കൂടിയും, മററുള്ളവർ എത്രവളരെ യു ക്തിയോടുകൂടിപ്പറഞ്ഞാലും സമ്മതിക്കാതെയും, അതിനെപ്പററി ആലോചിക്കാതെയും ഇരിക്കുന്ന ചിലരുണ്ട്. അവരുടെ അവസ്ഥ യാണ വളരെ ശോചനീയമായിട്ടുള്ളത്. ഇങ്ങിനെയുള്ള പിടിവാ ദം "ഞാൻതന്നെ പ്രമാണി" "നമുക്കു സമനേവൻ" എന്നിങ്ങി നെ അവനവനേ പററി അവനവനതന്നെ ഉണ്ടായിട്ടുള്ള വിചാ രത്തിൻെറ ഫലമാണെന്നേ പറഞ്ഞു കൂടു.

അറിവിനെ ആശ്രയിച്ച് "താൻ പ്രമാണി"എന്ന നാടിച്ചു ന ടക്കുന്നവർ ഒന്നും അറിഞ്ഞുകൂടാത്ത മൂഢന്മാരാണെന്നുപറഞ്ഞുകൂ ടാ. ഒന്നുമറിഞ്ഞുകൂടാത്തകൂട്ടരാണെങ്കിൽ മററുള്ളവർ പറയുന്ന തിനെ വിശ്വസിച്ചുകൊള്ളുന്നതാകയാൽ അങ്ങിനെയുള്ളവരെ വ

ല്ല കാൎയ്യവും പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നത് എളുപ്പമായിട്ടുള്ളതാണ്. വിശേഷജ്ഞന്മാരായ മഹാത്മാക്കളെ കാൎയ്യം ബോദ്ധ്യപ്പെടുത്തുന്നതും വളരെ എളുപ്പമാണല്ലൊ.

“ഞാൻപ്രമാണിത്തം” നടിക്കുന്ന കൂട്ടർ ഈ രണ്ടുതരത്തിലും പെട്ടവരല്ല. കുറച്ചു വല്ലതും അറിഞ്ഞിരിക്കും. ഇനിയും വളരെ അറിവാനുണ്ടെന്നു മനസ്സിലാകയെയുമില്ല. ഇങ്ങിനെയുള്ളവരാണ് “ഞാൻ യോഗ്യൻ” “മററവരൊക്കെ മോശം” എന്നുധരിച്ചുപോകുന്നത്. “ശ്രൊചിവേത്തിഷഡക്ഷരാണിചേദ്ദപീദൃശം ശിതികണ്ഠമിചരതി” എന്നുപറഞ്ഞിട്ടുള്ളത ഈ വകക്കാരെക്കുറിച്ചുതന്നെയാണ്.

ഇങ്ങിനേയുള്ളവരുടെ ഭാവവും അവരോടു സംസാരിക്കേണ്ടതായിവരുമ്പോൾ മററുള്ളവൎക്ക നേരിടുന്ന സങ്കടവും കുറച്ചൊന്നുമല്ല. “ജ്ഞാനലവദുൎവ്വിദഗ്ദ്ധം ബ്രഹ്മാപിനരംനരഞ്ജയതി” “അല്പവിദ്യാൻ മഹാഗൎവ്വി,” എന്നും മററും പറഞ്ഞിട്ടുള്ള മഹാന്മാരെ നാളൊന്നിന്ന നൂറു പ്രാവശ്യം തൊഴുതാൽ പോര.

കാലക്രമംകൊണ്ട അറിവു വൎദ്ധിക്കുകയോ ഒരു യോഗ്യൻ ഒരവസരത്തിൽ പറഞ്ഞതുപോലെ “യൌവനത്തിന്റെ ശക്തികൊണ്ടുള്ള ചോരത്തിളപ്പൊന്നു കുറയുകയോ” ചെയ്യുമ്പോൾ ഇവരുടെ “ഞാൻതന്നെ പ്രമാണി” എന്നുള്ള ഭാവം നിശ്ശേഷം നശിക്കുന്നതും അപ്പോൾ അവൎക്ക മുമ്പുണ്ടായിരുന്ന മൂഢതയേയും തന്നിമിത്തം കാണിച്ചതായ ചാപല്യങ്ങളേയും ഓൎത്ത പശ്ചാത്തപിച്ചുകൊള്ളുന്നതുമാണ്.

“യദാകിഞ്ചിജ്ഞോഹംഗജ ഇവമദാന്ധസ്സമഭവം
തദാസൎവ്വജ്ഞോസ്മീത്യഭവദവലിപ്തംമമമനഃ-
യദാകിഞ്ചിൽകിഞ്ചിൽബുധജനസകാശാദവഗതം
തദാമൂൎഖോസ്മീതിജ്വരഇവമദോമേവ്യപഗതഃ.”

എന്നുപറഞ്ഞിട്ടുള്ളതുകൊണ്ട് അറിവുകുറഞ്ഞിരിക്കുന്നകാലത്ത താൻ സൎവ്വജ്ഞനെന്നും അറിവു വൎദ്ധിച്ചിട്ടുള്ള കാലത്ത താൻ അറിവുകുറഞ്ഞവനാണെന്നും തോന്നിപ്പോകുന്നത് ഒരു പതിവാണെന്നുവിചാരിക്കേണം. അതുകൊണ്ടാണ വിദ്യയുടെ ഫലം വിനയമാണെന്ന യോഗ്യന്മാർ പറയുന്നത്.

ഇങ്ങിനെയുള്ള ബുദ്ധിശൂന്യന്മാർ "പരപരിഹാസമരികിൽ പരമമിലാഷം കലർന്നുമേവുന്നു" എന്നവരികളിലും തങ്ങൾ ലോകനിന്ദയ്ക്കു പാത്രീഭവിച്ചിട്ടുള്ളവരാണെന്നുള്ളത് ആ ബുദ്ധിശൂന്യത നീങ്ങുന്നതുവരെ ഒരിക്കലും മനസ്സിലാക്കുന്നതല്ല.

ഇനി ധനത്തെ ആശ്രയിച്ച മേൽപറഞ്ഞതിനിണ നടിക്കുന്നളുത്തരെ നമുക്കു നോക്കുക. "ഭക്ഷണമാത്രമാന്നാൽ, യക്ഷേശരെയും ജയിച്ചിട്ടനാഥലർ". കാര്യമിങ്ങിനെയിരിക്കുമ്പോൾ ഒരു മാതിരി പണക്കാരാണെന്ന് പറയാവുന്ന ഇങ്ങിനെയുള്ളവരുടെ കഥയെന്തു പറയേണ്ടു!

വല്ലവരേയും കണ്ടാൽ യാതൊന്നും സംസാരിക്കാതെ ബഹുഗൌരവം നടിച്ചിരിക്കുക. ആരെങ്കിലും വല്ലതും ചെന്നുപറഞ്ഞാൽ ഒരു തലയാട്ടൽ. ഇങ്ങിനെ ഇവര കൂട്ടുന്ന ഗോഷ്ഠികളെല്ലാം പറഞ്ഞുതുടങ്ങിയാൽ കണക്കുകയുമില്ല. പണ്ടു കണ്ടു പരിചയവും മറ്റും ഉള്ള വല്ലവരേയും ചിലപ്പോൾ കണ്ടാൽ കണ്ടില്ലെന്ന[illegible]ക്കുക കണ്ടതായി നടിച്ചാൽതന്നെയും പണ്ടു കണ്ടിട്ടുള്ള ഓർമയില്ലെന്നു നടിക്കുക, മുതലായ പലതും പ്രബുദ്ധതയിന്റെ അംശമെന്നാണ വെച്ചിരിക്കുന്നത്. ആരും തങ്ങൾക്കെതിരില്ല, സർവ്വഥാ തങ്ങൾ പൂജ്യന്മാരാണ്, എന്നുള്ള വിചാരം ഇവരിൽതന്നെയാണ കുടികൊള്ളുന്നത്. സവയസ്യന്മാരും വയോധികന്മാരുമായ ചിലർക്ക് വെറുപ്പുതോന്നത്തക്കവണ്ണം അലക്ഷ്യമായി പലതും സംസാരിപ്പാൻ ഇവർക്ക് യാതൊരു ശങ്കയുമുണ്ടാവുകയില്ല.

ഇങ്ങിനെ ദുരഭിമാനികളായിട്ടുള്ളവർക്ക് വളരെ അനത്ഥങ്ങൾ നേരിടുവാൻ എ[illegible]യുള്ളതും നേരിട്ടിട്ടുള്ളതും ആണ്. ദ്രോണരുടേയും പാഞ്ചാലരാജാവിന്റേയും കഥ ഇവിടെ ഉദാഹരണമായിട്ടു വിചാരിക്കാം.

ഇങ്ങിനെയുള്ള ചിലർക്ക് തങ്ങളുടെ സ്ഥിതി എന്താണെന്നും എങ്ങിനെയാണ് ലോകത്തിൽ വർത്തിക്കേണ്ടതെന്നും ഉള്ളതിനെക്കുറിച്ച യാതൊരു വിചാരവുമുണ്ടാകയില്ല. ഇവരെ ബാധിച്ചിട്ടുള്ള തിമിരം നമ്മുടെ ചില ചെറുപ്പക്കാരെ ബാധിച്ചിട്ടുള്ള ഉദ്യോഗതിമിരത്തിൽനിന്ന ഒട്ടും താണതായിരിക്കയില്ല.

ഏതാനും സ്വത്ത് സ്വാധീനത്തിൽ ആയാൽ തൽക്ഷണം പൂർവ്വകഥയെല്ലാം മറന്നു. നടവടിയെല്ലാം മാററി. പിന്നെ കുളിപ്പാൻ പോകേണമെങ്കിലും മേനാവുവേണം. കുറച്ചുകഴിഞ്ഞാൽ ധൂർത്തിന്റെ ശക്തികൊണ്ടു പണം സാമാന്യം നശിച്ചു മേനാവു കേറിനടക്കുവാൻ സാധിക്കയില്ലെന്നാവും. അപ്പോൾ കുതിരവണ്ടിയാകും. പിന്നെയും കുറച്ചുകഴിഞ്ഞാൽ കാളവണ്ടിയായി. കുറച്ചുകൂടികഴിഞ്ഞാൽ അതിന്നും നിവൃത്തിയില്ലാതെയായിട്ട് വാലിയക്കാരനാം ചെല്ലപ്പെട്ടിയുമായിട്ടുകാണാം. അവസാനം "ഉള്ളതുംപോയ്യന്റെ ഉണ്ണിയമ്മേ" എന്നായിത്തീരും.

ഇങ്ങിനെ "ചന്തത്തിന്നൊക്കമേ ജീവിച്ചിരിക്കിലും" എന്ന കൂട്ടത്തിലുള്ളവർ ഇപ്പോൾ വളരെയുണ്ട്. "വരവിന്നു സമാനം ചിലവുമതുവേണം" എന്നുള്ളതു എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. അവസ്ഥ നന്നല്ലും അനാവശ്യമായുമല്ലാതെ നല്ലകാർയ്യങ്ങൾക്കുവേണ്ടി ഒരു കാശു പോലും ഈ വകക്കാർ ചിലവുചെയ്യ എന്നു വരികയില്ല. സൽപാത്രദാനംകൊണ്ടും മററുമാണു ധനം ക്ഷയിച്ചത എങ്കിൽ "ശോഭന്തേഗളിതവിഭവാശ്ചാർത്ഥിഷുനരാഃ", എന്നു പറഞ്ഞിട്ടുള്ളതുപോലെ അവർ ലോകത്തിലെപ്പോഴും സന്മാന്യന്മാരായിരിക്കുന്നതാണല്ലൊ.

കഥയില്ലാതെയുള്ള ദുരഭിമാനമാണ് ഇവരെ നശിപ്പിക്കുകയും ലോകനിന്ദക്കു പാത്രമാക്കുകയും ചെയ്യുന്നത്.

ഒരിക്കൽ ഒരാൾ ഒരു കയ്യിൽ പരിചയും മറേറകയ്യിൽ വാളും ധരിച്ചുകൊണ്ടു നടക്കുമ്പോൾ "ഇതെന്തിനാണ്" എന്നു ആരോ ചോദിച്ചതിന്നു "പണ്ടു ഞങ്ങളുടെ തറവാട്ടു വളരെ സ്വത്തുള്ളതും കേളികേട്ടതുമായിരുന്നു. അന്ന് അകമ്പടികൂടാതെ പുറത്തിറങ്ങുക പതിവില്ല. ഇപ്പോൾ സ്വത്തു അധികമില്ലെങ്കിലും സ്ഥാനമാനങ്ങൾ കളഞ്ഞുകൂടല്ലൊ എന്നുവിചാരിച്ചു വല്ലടിക്കിലേക്കും പോകേണ്ടിവരുമ്പോൾ ഞാൻതന്നെ വാളും പരിചയും കയ്യിലെടുക്കുകയാണ്" എന്നു മറുവടിപറഞ്ഞതായി കേട്ടിട്ടുണ്ട്. ഇങ്ങിനെയുള്ള അഹംഭാവം നീങ്ങാതെയിരിക്കുന്നതുവരെ ജനങ്ങളുടെയിടയിൽ ക്ഷേമമെങ്ങിനെ വദ്ധിക്കും, "അന്തിപ്പഴഞ്ചോ

ളമഹാഭാഗ്യമുണ്ടെങ്കിലല്ലാതിക്കിലെങ്ങും വിളങ്ങാഗുണ്ടതാപം” എന്നുള്ളത് ഒരിക്കലും മറക്കത്തക്കതല്ല.

ഇങ്ങിനെ പലവർഗ്ഗക്കാരേയും അഹംഭാവം, അഹങ്കാരം, ഗർവ്വം എന്നും മററും പലേനാമങ്ങളുള്ള “ഞാനൊന്നേനന്നു” എന്നുള്ള ഭൂതം ബാധിക്കാതിരുന്നിട്ടില്ല. ഈ ഭൂതം ബാധിച്ചാൽ ഓരോവർഗ്ഗക്കാരും കാണിക്കുന്ന ഗോഷ്ഠി ഓരോവിധത്തിലായിരിക്കും. അതെല്ലാം ഇവിടെ വിസ്തരിച്ച സമയം കളയുന്നില്ല. ഏതു വിധമായിരുന്നാലും ഈ ഭൂതം ബാധിക്കാതെ കഴിഞ്ഞുകൂടുന്നത് മഹാഭാഗ്യവും ഈ ഭൂതം ബാധിക്കുന്നത് വലുതായ നാശത്തിന്നു ഹേതുവും ആണെന്ന് മഹാത്മാക്കളെല്ലാവരും ഒരുപോലെ സമ്മതിക്കുന്നതാകയാൽ ഈ ബാധകൂടാതിരിക്കുവാൻ എല്ലാവരും സർവ്വഥാ ശ്രമിക്കേണ്ടതാണ്.

“ഞാനൊന്നേനന്നു”, ഇതിൽ ഏതക്ഷരമാണ് ശൂന്യമല്ലാതത്. ഇങ്ങിനെ സർവ്വശൂന്യമായ ഈ ഭൂതം ബാധിച്ചിട്ടുള്ളവരുടെ അവസ്ഥയും സർവ്വശൂന്യംതന്നെയാണെന്ന് വിശേഷിച്ച പറയേണമെന്നുണ്ടോ?

എന്തിന്നധികം പറയുന്നു യഥാർത്ഥത്തിൽ യോഗ്യർതന്നെയാണെങ്കിൽ അവക്ക് നാശകരമായ ഈ ഒരു ഭാവം ലേശംപോലും ഉണ്ടാകുന്നതല്ല. “മന്ദഃകവിയശഃ പ്രാർത്ഥീ ഗമിഷ്യാമ്യുപഹാസ്യതാം” എന്ന മഹാത്മാവും മഹാകവിയുമായ ശ്രീകാളിദാസനും “പോദജനജ്ഞാനിനാ മാത്രനായുള്ളോരു ഞാൻ” എന്നും മററും മഹാനായ തുഞ്ചത്തെഴുത്തച്ഛനും പറഞ്ഞിട്ടുള്ളതിനെ ആലോചിച്ചാൽ “നിറകുടം തുളുമ്പില്ലെ”ന്നുള്ള വാക്യം വളരെ വാസ്തവമായിട്ടുള്ളതാണെന്ന് എളുപ്പത്തിൽ തീർച്ചപ്പെടുത്തുവാൻ കഴിയുന്നതാണ്.

ഒന്നുകൂടി ആലോചിച്ചുനോക്കുക. രണ്ടായിരംചതുർയ്യുഗം തികഞ്ഞാൽ ഒരുദിവസവും, അങ്ങിനെ മുപ്പതു ദിവസം കൂടിയത് ഒരു മാസവും, അങ്ങിനെ പന്ത്രണ്ടുമാസം കൂടിയത് ഒരു സംവത്സരവും, അങ്ങിനെയുള്ള നൂറു സംവത്സരം ആയുഷ്കാലവും, ആയ ബ്രഹ്മാവിന്റെ ആയുസ്സ്, കാലത്തിന്റെ അനന്തത്വം ആലോചിച്ചാ

ൽ നിസ്സാരമാകുന്നു പറയേണം. ബ്രഹ്മാവിന്നുള്ള ആയുസ്സിന്റെ അവസ്ഥയാലോചിച്ചാൽ എഴുപത്തൊന്നു ചതുൎയ്യുഗം മാത്രം ജീവിച്ചിരിക്കുന്ന ഒരു മനുവിന്റെ ആയുസ്സ് അതിലും വളരെ വളരെ നിസ്സാരമെന്നല്ലേ വിചാരിപ്പാൻ തരമുള്ളു. ഇങ്ങിനെ നോക്കുന്നതായാൽ എത്രയൊ ചുരുങ്ങിയ കാലമായിത്തോന്നുന്ന ഒരുനൂറു മനുഷ്യസംവത്സരമാണ് ഒരു മനുഷ്യന്റെ പരമായുസ്സ്. അതുപോലെതന്നെ, അല്ലയോ കേരളീയരേ! അനേകകോടി ബ്രഹ്മാണ്ഡങ്ങളുള്ളതിൽ ഒരു ബ്രഹ്മാണ്ഡത്തിൽ ചുരുങ്ങിയ ഒരു ഭാഗമായ ഭൂമിയുടെ ഖണ്ഡങ്ങളിൽ ചെറിയ ഖണ്ഡമായ ഭാരതഖണ്ഡത്തിൽ ചെറുതായ ഒരു ജില്ലയിലോ സംസ്ഥാനത്തിലോ എവിടെയോ ഒരു താലൂക്കിൽ ഏതോ ഒരു ദേശത്തിന്റെ ഒരു കോണിലുള്ള ഒരു ഭവനത്തിലാണ നാം ജനിച്ചുവളരുന്നത്.

ഇത്രവളരെ ചുരുങ്ങിയ ഒരു കാലത്തിന്റെയും സ്ഥലത്തിന്റെയും അകത്ത് ഉത്ഭവിച്ചു നശിക്കുന്നവനായ ഒരു മനുഷ്യന് അഹംഭാവം കാണിച്ചു ഞെളിയുന്നതിന്ന് വല്ലതും കാരണമുണ്ടെങ്കിൽ അതു വലുതായ മൌഢ്യത്തിന്റെ തള്ളിച്ചയാണെന്നല്ലാതെ മറെറന്താണ് പറയുവാനുള്ളത്!

ചിറൂര വാരവൂര രാമുമേനോൻ.

---

# കുചേലവൃത്തം.

## വഞ്ചിപ്പാട്ട്.

---

വഞ്ചികളി അല്ലെങ്കിൽ വള്ളംകളി തിരുവിതാംകൂറിലെ നായന്മാരുടെ പ്രിയതമമായ ഒരു വിനോദവും ആഹ്ലാദഭരിതമായ ഒരു വ്യായാമവും ആകുന്നു. വിസ്തൃതങ്ങളായ തടാകങ്ങളെക്കൊണ്ടും, രമണീയങ്ങളായ നദികളെക്കൊണ്ടും സൎവ്വത്രവ്യാകീൎണ്ണമായ ഈ രാജ്യത്തിൽ ഈ വിനോദത്തിന് ഇത്ര പ്രചാരവും പുഷ്ടിയും സിദ്ധിച്ചത് ആശ്ചൎയ്യമല്ലല്ലൊ. നേരേ മറിച്ചു ഈ നാട്ടിൽ വള്ളംകളി ഇല്ലായിരുന്നുഎങ്കിൽ അത് നാട്ടുകാൎക്ക് ലജ്ജാവഹ

മെന്നുതന്നെ പറയാമായിരുന്നു. ഈ കളിക്കാരുടെ ഉത്സാഹത്തിന്നായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഗാനകാവ്യങ്ങൾക്ക് വള്ളപ്പാട്ടുകൾ അല്ലെങ്കിൽ വഞ്ചിപ്പാട്ടുകൾ എന്നുപേർ പറയപ്പെടുന്നു. ഇപ്പോൾ അറിവിൽപെട്ടിട്ടുള്ള വഞ്ചിപ്പാട്ടുകളിൽവച്ച് ഉത്തമമായിട്ടുള്ളത് ഈ ലേഖനത്തിന്റെ വിഷയമായ വഞ്ചിപ്പാട്ടാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

ദീർഘാവലോകനം ആവശ്യപ്പെടാതെ പ്രഥമദൃഷ്ടിയിൽതന്നെ മഹത്തായ ധർമ്മോപദേശംചെയ്യുന്ന ഒരു പുരാണകഥയാണു കുചേലവൃത്തം. സാക്ഷാൽ ശ്രീനാരായണൻതന്നെ ലോകരക്ഷണത്തിനായി മനുഷ്യരൂപേണ അവതീർന്നു തന്റെ അതിമാനുഷകൃത്യങ്ങളെക്കൊണ്ടു ബാല്യത്തിൽതന്നെ ലോകത്തെ വിസ്മയഭരിതമാക്കിത്തീർത്തവനായ ശ്രീകൃഷ്ണൻ കംസവധാനന്തരം വിദ്യാഭ്യാസത്തിനായി സാന്ദീപനിയുടെ അടുക്കൽ ചെല്ലുന്നു. എത്രയും അപ്രസിദ്ധനായ ഒരു ബ്രാഹ്മണബാലൻ അവിടെവച്ചു ഭഗവാന്റെ സതീർത്ഥ്യതയ്ക്കും സ്നേഹത്തിന്നും പാത്രീഭവിക്കുന്നു. വിദ്യാഭ്യാസാനന്തരം ഇവർ പിരികയും പിന്നീടു അന്യോന്യദർശനത്തിനുപോലും ഇടയാകാതെ അനേകവർഷങ്ങൾ കഴികയുംചെയ്യുന്നു. ഇതിനിടയിൽ ഭഗവാൻ ഗൌരവമേറിയ അവതാരകാര്യങ്ങളെ എല്ലാം ചെയ്തുതീർത്തു ദ്വാരകയിലെ രാജാവായിട്ടും ഭാരതവർഷത്തിൽ സർവ്വഥാ ഏകപുരുഷനായിട്ടും ഇച്ഛായത്തമായ തന്റെ ഐശ്വര്യത്തിന്റെ മൂർദ്ധന്യത്തെ അനുസരിച്ചു ദ്വാരകയിൽ സുഖവാസത്തെ അംഗീകരിക്കുന്നു. ഈ സന്ദർഭത്തിൽ "സ്വചേഷ്ടിതംകൊണ്ടുജ്ജഗൽപ്രസിദ്ധൻ" എന്ന മെച്ചം മാത്രമുള്ളവനും ദരിദ്രശിരോമണിയും ആയ തന്റെ സതീർത്ഥ്യൻ ഭാര്യയുടെ നിർബ്ബന്ധത്താൽ വല്ലതും യാചിക്കാനായി ഭഗവാന്റെ അടുക്കൽ വന്നുചേരുന്നു. "പ്രാഭവമുള്ളവരെ പ്രാകൃതൻ കാണുമ്പോൾ പ്രാഭൃതം വേണമെന്നുണ്ട്" എന്നുള്ള ന്യായത്തെ അനുസരിച്ച് ഇദ്ദേഹം ഒരു കീറത്തുണിയിൽ കുറേ അവലും പൊതിഞ്ഞുകെട്ടിക്കൊണ്ടുവന്നിട്ടുണ്ട്. എങ്കിലും ഇപ്രകാരമുള്ള തന്റെ സതീർത്ഥ്യനെ ജഗൽഗുരുവായ ഭഗവാൻ എതിരേൽക്കുന്നതും, പൂജിക്കുന്നതും, മലിനവസ്ത്രത്തിൽ

സഞ്ചിതമായ അവലിനെ ഭക്ഷിച്ച് അത്ഭുതപൂർവ്വമായ സന്തുഷ്ടിയെ അനുഭവിക്കുന്നതും, ഒടുവിൽ ദരിദ്രനായ തന്റെ സ്നേഹിതന് ഊഹാഗോചരമായ ഐശ്വര്യസമ്പത്തിനെ പ്രദാനംചെയ്യുന്നതും, വിരക്തനും മോക്ഷാർത്ഥിയുമായ ഒരു ബ്രാഹ്മണന് ഇതെല്ലാം ആവശ്യപ്പെട്ടിട്ടല്ല, പിന്നയോ, ലോകത്തിൽ സ്ഥിരവും നിർവ്യാജവും ആയ സ്നേഹം, സ്ഥാനോൽക്കർഷം, ഐശ്വര്യധോരണി മുതലായ തുച്ഛസംഗതികളെ അവലംബിച്ചല്ല സ്ഥിതിചെയ്യുന്നതെന്നുള്ള അനശ്വരതത്വത്തെ ലോകങ്ങൾക്ക് ഉപദേശിക്കാൻ മാത്രമാകുന്നു. ദരിദ്രനായ സതീർത്ഥ്യനും അർത്ഥാപേക്ഷിയുമായ ദ്രോണനേ അവമാനിച്ച ദ്രുപദന്റെ ചരിത്രത്തോടുകൂടി ആലോചിക്കുമ്പോൾ ഈ കഥ എത്ര സാരമായ ഉപദേശത്തെ ആണ് നാം കാണുന്നത്.

ഈ ഗാനകൃതിയുടെ കവി മീനച്ചൽതാലൂക്കിൽ രാമപുരം എന്ന ദിക്കിലുണ്ടായിരുന്ന ഒരു വാര്യർ ആണ്. ഇദ്ദേഹത്തെ ഇപ്പോഴും രാമപുരത്തു വാര്യർ എന്നുതന്നെ പറഞ്ഞുവരുന്നു. ഇദ്ദേഹം വളരെ വിദ്വാനും എന്നാൽ വളരെ വിദ്വാന്മാരേപ്പോലെ വിദ്യയിൽ അലങ്കൃതനെങ്കിലും ദാരിദ്ര്യത്താൽ പീഡിതനും ആയിരുന്നുവത്രേ. ഇദ്ദേഹം ഈ വഞ്ചിപ്പാട്ടുണ്ടാക്കിയതിനെപ്പററി മലയാളഭാഷാചരിത്രത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"കാർത്തികതിരുനാൾ മഹാരാജാവർ ൯൩൦-ൽ വടക്കോട്ടു എഴുന്നള്ളിയിരുന്നസമയം വൈക്കത്ത് അല്പദിവസം എഴുന്നള്ളിത്താമസിച്ചുഎന്നും ഈ വർത്തമാനം വാര്യരുടെ ശിഷ്യന്മാരറിഞ്ഞ ഒരുവിധത്തിൽ വാര്യരേ പറഞ്ഞുസമ്മതിപ്പിച്ച് പത്തു ശ്ലോകങ്ങളുമുണ്ടാക്കിച്ചുകൊണ്ടു വൈക്കത്തേക്കു കൊണ്ടുപോകയും അവിടെ അടിയറ വയ്പിക്കയുംചെയ്തുഎന്നും ആൾ കുറേ യോഗ്യനും വിദ്വാനും ആണെന്ന മഹാരാജാവ് ശ്ലോകങ്ങൾകൊണ്ടു നിശ്ചയിച്ചു ഭക്ഷണാംകൊടുക്കുന്നതിന്നു ചട്ടംകെട്ടി എന്നും തിരികെഎഴുന്നെള്ളുന്ന സമയം വാര്യരു കടവിൽ ഹാജരുണ്ടായിരുന്നുഎന്നും ബോട്ടിൽകൂടി കയറുന്നതിനു കല്പിക്കയും വാര്യർ അതിൽ കയറുകയും ചെയ്തുഎന്നും അനന്തരം ഒരു വള്ളപ്പാട്ടുണ്ടാക്കി പാടുന്നതിനു ക

ല്പിച്ചുഎന്നും തൽക്ഷണം വേണ്ടതാകയാൽ വാഴ്ത്തൂർ അല്പം ക്ഷീണിച്ചു എങ്കിലും പരമഭക്തനാകയാൽ പെരുന്തൃക്കോവിലപ്പനെ ധ്യാനിച്ചുകൊണ്ട് "കുചേലവൃത്തം" വള്ളപ്പാട്ടായിട്ട ആരംഭിച്ച് പാടിത്തുടങ്ങിഎന്നും തിരുവനന്തപുരത്തെഴുന്നെള്ളിയതും കഥ അവസാനിച്ചതും ശരിയ്ക്കിരുന്നാംഎന്നും" ആണ്.

ഇതേപ്പററികറച്ചു പറയാനുള്ളതു പിന്നീട്ട പറഞ്ഞുകൊള്ളാം. ഏതായാലും തിരുവിതാംകൂർ മഹാരാജാവിൻെറ ആജ്ഞയേ അനുസരിച്ചാണ് ഈ കൃതിയെ കവിനിർമ്മിച്ചതെന്നുള്ളതിനു സംശയമില്ല. ഈ സംഗതിയെ അടിസ്ഥാനമായി ഒരു ഉപമാലങ്കാരരൂപത്തിലാകുന്നുകവിതയ്ൻെറ കഥാവിഷയത്തെ അവതരിപ്പിക്കുന്നത്.

"വഞ്ചീനമനുജനായിട്ടവതരിച്ചിരിക്കുന്ന
വഞ്ചിവലവൈരിയുടെ കൃപയ്ക്കിരപ്പൻ
വഞ്ചിതമായ്ചെന്നാവൂ ഞാനെന്നിച്ചരിച്ചു വാഴുങ്കാലം
വഞ്ചിപ്പാട്ടുണ്ടാക്കേണമെന്നരുളിച്ചെയ്തു.
വേദശാസ്ത്രപുരാണേതിഹാസകാവ്യനാടകാദി
വേദികളായിരിക്കുന്ന കവികളുടെ
മേദുരങ്ങളായ ഗദ്യപദ്യങ്ങളെ ശ്രവിക്കുന്നോ
മേദിനീന്ദ്രനജ്ഞനോടാജ്ഞാപിച്ചതോർപ്പു
വാനവർക്കു നിറവോളമമൃതമപ്പിച്ച ഭഗ
വാനു കചേലകപിപിടകമെന്നോണം
വാണിഗുണംകൊണ്ടാരേയും പ്രീണിപ്പിക്കും വഞ്ചിവഞ്ചൂ
പാണിക്കെൻ പാട്ടിമ്പമാകാനടി തൊഴുന്നേൻ". ~~കുന്നു

ഈവണ്ണം കഥാവിഷയത്തെ പ്രസ്താവിച്ചതിൻെറശേഷം കവി തിരുവനന്തപുരം പട്ടണത്തിൻെറ ശില്പവൈചിത്ര്യത്തേയും മാർത്താണ്ഡവർമ്മമഹാരാജാവിൻെറ അവദാനങ്ങളേയും പ്രശംസിപ്പാൻ തുടങ്ങുന്നു. തൻെറ സ്വാമിയും അന്നദാതാവുമായ മഹാരാജാവിലുള്ള ഭക്ത്യതിശയത്താലും സാക്ഷാൽ വീരപുരുഷനായ ആ രാജസിംഹൻെറ പരാക്രമങ്ങളെക്കണ്ടുണ്ടായ വിസ്മയാധിക്യത്താലും വിമൂഢനായിത്തീർന്ന് കവി അതിട്ടത്തെ മഹാവിഷ്ണുവി

ൻെറ ഒരു അവതാരമെന്നുതന്നെ കല്പിക്കുന്നു. എട്ടുവീട്ടിൽ പിള്ളമാർ മുതലായ "സ്വാമിദ്രോഹികളുടെവംശവിച്ഛേദം വരുത്തിയതും" ശ്രീപത്മനാഭക്ഷേത്രം പണികഴിപ്പിച്ചതും ഭദ്രദീപം മുതലായ പുണ്യാനുഷ്ഠാനങ്ങളെ സ്ഥാപിച്ചതും ഇങ്ങിനെ മാർത്താണ്ഡവർമ്മമഹാരാജാവിൻെറ രാജ്യഭാരത്തിൽ നടന്ന മുഖ്യസംഭവങ്ങളെല്ലാം അത്യന്തം രസകരമായ വിധത്തിൽ സൂചിതങ്ങളായിരിക്കുന്നു. തിരുമനസ്സിലെ പുണ്യചേഷ്ടകളെക്കണ്ട് കവിയുടെ മനസ്സിൽ തിങ്ങുന്ന സന്തോഷം—

"മാർത്താണ്ഡമഹീപതീന്ദ്രൻ വെറുതേയോ ജയിക്കുന്നു.
മാലോകരെമന്നരായാലീവണ്ണം വേണ്ടൂ"

എന്നുള്ള വാക്കുകളായി പുറത്തേക്കു പ്രസരിക്കുന്നു. സ്യാനന്ദൂര നഗരത്തിൻെറ ശില്പവൈശിഷ്ട്യം കണ്ടിട്ട് കവിക്കുണ്ടാകുന്ന വിസ്മയവും അനല്പമാകുന്നു. മതിലകവും കൊട്ടാരവും സംബന്ധിച്ചുള്ള എല്ലാക്കെട്ടിടങ്ങളും സ്ഥലവും വളരെ ഭംഗിയായി വർണ്ണിക്കപ്പെട്ടിട്ടുണ്ട്. അനന്തരം കവി അനന്തപുരത്തിൽ അനന്തതല്പശയനായ പത്മനാഭൻെറ ദശാവതാരങ്ങളെ സൂചിപ്പിക്കുകയും കൃഷ്ണാവതാരം മുതൽ കുചേലോപാഖ്യാനംവരേ ഉള്ള ഭാഗവതകഥയെ എത്രയും ചുരുക്കത്തിൽ വിവരിക്കുകയുംചെയ്യുന്നു. ഈ വിവരത്തിൽ ഒരു മനോധർമ്മം പ്രത്യക്ഷമായിക്കാണാനുണ്ട്. ശ്രീകൃഷ്ണൻെറ ഉൽകൃഷ്ടഗുണങ്ങളിൽവച്ച് പ്രസ്തുതമായ കുചേലോപാഖ്യാനത്തിൽ സർവ്വോപരിയായി പ്രകാശിക്കുന്നത് അദ്ദേഹത്തിൻെറ ഭക്തവാത്സല്യമാണല്ലൊ. സ്വാമിയുടെ ഈ ഭക്തവാത്സല്യം സർവ്വോപരി ആയി പ്രകാശിച്ചിട്ടുള്ളത പാണ്ഡവന്മാർ വിഷയമാണെന്നുള്ളതിന് സംശയമില്ല. അതിനാൽ "പാണ്ഡവന്മാരിൽ പക്ഷപാതി" യായ ഭഗവാൻ അവർക്കുവേണ്ടി ചെയ്തിട്ടുള്ള സാഹായ്യങ്ങളെ കവി ഒരുവിധം സവിസ്തരമായി വായനക്കാരുടെ മനസ്സിനെ ഭക്തികൊണ്ട അലിയിക്കുന്ന വിധത്തിൽ വിവരിക്കുന്നു. ഇതിന ഉദാഹരണമായി ചില വരികളെ ഇവിടെ എഴുതുന്നു.

"ധർമ്മപുത്രരുടെ കാര്യക്കാരനോ കാരണമർത്ത്യൻ
ധർമ്മദൈവമോ ദൂതനോ ഞാനറിഞ്ഞില്ല."

സമ്മതിയാമജ്ജുനന്റെ സഖിയോ സൂതനോ ചര
ചിന്മയൻ ഗുരുഭൂതനോ ഞാനറിഞ്ഞില്ല
സുരാസുരനരന്മാരേജയിച്ച സാവ്യസാചിയെ
ജരാനരാജിതനായ നദീതനയൻ
ശരചരവശനാക്കി ചോരിമപ്പോഴപ്പോളൊരു
ചരാചരപ്രപഞ്ചാനാം പതികോപിച്ചു,
കമ്മട്ടമല്ലീവൃദ്ധന്റെ കളിയെന്നിട്ടു കയറും
ചമ്മട്ടിയുംവച്ചിട്ട നായുധത്വം സത്യം
കൈവിട്ടും കളഞ്ഞു ചക്രമെടുപ്പുതും ചെയ്തുരാജ
കൺവെട്ടത്തിറങ്ങി. ദേവവ്രതന്റെ നേരേ"

ഭാരതയുദ്ധകഥ അവസാനിപ്പിക്കുമ്പോൾ

"കളിയല്ലേ കർണ്ണന്റെയും ദുര്യോധനന്റെയും വധം എള്ളുതാമോ പാണ്ഡവഭക്തിബന്ധുവല്ലാഞ്ഞാൽ" എന്നു കവി ചോദിക്കുന്നതു പാണ്ഡവന്മാർക്കു ഭഗവാനിൽനിന്നു ലഭിച്ചിട്ടുള്ള സഹായ്യത്തിന്റെ ഗൌരവത്തെ പ്രത്യക്ഷപ്പെടുത്തുന്ന ഒരു ചോദ്യമാകുന്നു.

അനന്തരം "ചിൽക്കാതല്ക്കുസതീധ്യാനം" ബ്രഹ്മജ്ഞാനാനന്ദത്താൽ ദാരിദ്ര്യദുഃഖത്തെ വിസ്മരിച്ചവനമായ കുചേലന്റെ ധർമ്മപത്നി തന്റെ ഭർത്താവിനോട് തങ്ങളുടെ ദരിദ്രാവസ്ഥയെപ്പററി സ്വല്പം പറയുന്നു. "കുടുംബസംരക്ഷണത്തിനു അശക്തനായ നിങ്ങൾ എന്തിനുവിവാഹം കഴിച്ചു" എന്ന് കുചേലന്റെ ഭാര്യ അദ്ദേഹത്തോടു ചോദിക്കുന്നതായി ഒരു പദ്യകാവ്യത്തിൽ വായിച്ചിട്ടുണ്ട്. ഈ വികൃതമായ ഒരു ചോദ്യം ആ സതീശിരോമാലികയെക്കൊണ്ട് ചോദിപ്പിച്ചതു കഠിനമായിപ്പോയി എന്ന് എല്ലാസഹൃദയന്മാരും സമ്മതിക്കുന്നതാണ്. ഈ സംഗതിയിൽ ശ്രീകൃഷ്ണചരിതത്തിൽ നമ്പ്യാരുടെപ്രയോഗംതന്നെയും കുറേ അധികമായില്ലയൊ എന്നു സംശയിക്കാം. എന്നാൽ ഈ വഞ്ചിപ്പാട്ടിൽ വിപ്രപത്നിയുടെ ആവലാതിവളരെ മിതവും വിനീതവും ആയ സ്വരത്തിലാണ്.

"ചില്ലീനമാനസപതേ ചിരന്തനനായ പുമാൻ
ചില്ലിചുളിച്ചൊന്നു കടാക്ഷിപ്പാനോർക്കേണം
ഇല്ലദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും

ഇഷ്ടംവീണകുത്തുമാറായത്രാകണ്ടാലും
വല്ലഭകേട്ടാലും പരമാത്മമഗ്നനായഭവാൻ
വല്ലഭയുടെ വിശപ്പുമറിയുന്നില്ല”

എന്നുപറഞ്ഞതിന്റെശേഷം ഭഗവാനെക്കാണ്മാൻ പോണമെന്ന് അപേക്ഷിക്കമാത്രം ചെയ്യുന്നു. ഈ അപേക്ഷയെ സ്വീകരിച്ച് പിറേറദിവസം പ്രഭാതത്തിൽ കുചേലൻ പ്രാഭൃതസഹിതനായിപ്പുറപ്പെടുന്നതിനെ എത്ര അനുഭവങ്ങളിൽ വരുത്തി വർണ്ണിച്ചിരിക്കുന്നു.

“കുലങ്കഷകുതൂഹലം കുടയുമെടുത്തിട്ടന്നു
കുലയായപത്നിയോടു യാത്രയുംചൊല്ലി
ബാലാദിത്യവെട്ടംതുടങ്ങിയനേരം കൃഷ്ണനാമ
ജാലങ്ങളെ ജപിപ്പതും ചെയ്തുകുചേലൻ
ചാലെ വലത്തോട്ടൊഴിഞ്ഞചകോരാദിപക്ഷിയുടെ
കോലാഹലം കേട്ടുകൊണ്ടുനിർഗ്ഗമിച്ചു”.

മാർഗ്ഗത്തിൽ അദ്ദേഹത്തിന്റെ വിചാരങ്ങൾ മനുഷ്യസ്വഭാവത്തിന് അത്യന്തം അനുരൂപങ്ങളായിരിക്കുന്നു. വിദ്യാഭ്യാസം കഴിഞ്ഞ് പിരിഞ്ഞതിൽപിന്നെ ഇതേവരെ സ്വാമിയെച്ചെന്നുകാണാത്ത ഞാൻ ഇപ്പോൾ ചെന്നാൽ ഭഗവാന് എന്തുതോന്നുമെന്നും എന്റെ അപേക്ഷ “നാളീകംകരിമ്പനമേലെയ്തുപോലാകു”മെന്നും, മററും ആക്ഷേപിച്ചും എങ്കിലും ഭഗവാന് എന്നോട് അപ്രകാരമൊന്നും തോന്നുകയില്ലെന്നും

“തോണ്ടുപണ്ടുണ്ടായസാപ്തപദീനംതന്നെപറഞ്ഞു,
കാണുമ്പോളഖിലേശനോടിരപ്പനിവൻ
ദ്രോണർ ദ്രുപദനാലെന്നപോലെനിന്ദിക്കപ്പെടുക
വേണമെന്നില്ലാദ്യനല്ലെപ്രഭുവല്ലല്ലൊ”

എന്നും മററും സമാധാനം ചെയ്തും കുചേലൻ ദ്വാരവതിയുടെ സമീപത്തിൽ എത്തുന്നു. ഇവിടെ ദ്വാരവതിയുടെ വർണ്ണനം കവിക്കു വർണ്ണനത്തിലുള്ള പാടവത്തെ ധാരാളം പ്രത്യക്ഷീകരിക്കുന്നു. ഈ പട്ടണം കണ്ടപ്പോൾ കുചേലനുണ്ടായ സന്തോഷത്തെ കവി ഇപ്രകാരം വർണ്ണിക്കുന്നു.

"രോമാഞ്ചാഞ്ചിതരാജധാനിസൽക്കരിച്ചേകിയ
രോമാഞ്ചക്കുപ്പായമീറനായിച്ചമഞ്ഞമ്മേ
സീമാതീതാനന്ദാശ്രുവിൽ കുളിക്കകൊണ്ടുകുചേല
ചോമാതിരിക്കുത്തുച്ചുമടായിച്ചമഞ്ഞു.
ഭക്തിയായകാററുകൊണ്ടാകിലേററം പൊന്തുകിയ
ഭാഗ്യപാരാവാരഭംഗപരമ്പരയാ
ശക്തിയോടുകൂടിവന്നു മാറിമാറിയെടുത്തിട്ടു
ശാർങ്ഗിയുടെ പുരദ്വാരം പ്രാപിക്കപ്പെട്ടു".

ഇത് അലങ്കാരധോരണികൊണ്ടും ഭാവരസംകൊണ്ടും ഏതു സഹൃദയൻെറ മനസ്സിനെ ആണ് ആനന്ദിപ്പിക്കാത്തത്?

അപ്പോൾ "ഏഴാംമാളികമുകളിലിരുന്നരുളും-
ഏഴുരണ്ടുലകുവാഴിയായതമ്പുരാൻ"
തൻെറ വയസ്യൻെറ വരവിനെക്കണ്ടിട്ട് താഴെ എഴുന്നെള്ളി
"മാറത്തെപ്പിയർപ്പുവെള്ളംകൊണ്ടു നാറുംസതീർത്ഥ്യനെ
മാറത്തുണ്മയോടുചേർത്തു ഗാഢംപുണർന്നു
കൂറുമൂലം തൃക്കൈകൊണ്ടുകൈപിടിച്ചുകൊണ്ടുപരി
കേറിക്കൊണ്ടുപൊൽക്കട്ടിൽത്തന്മേലിരുത്തി"

എന്നുള്ളത് ദ്രുപദനേപ്പോലെ ഉള്ളവർക്ക് എത്ര സാരമായ പാഠമായിരിക്കുന്നു. അനന്തരം ഭഗവാൻെറ സല്ക്കാരവും; "ചിത്രം ചിത്രമങ്ങോട്ടു ചെന്നാദരിക്കേണ്ടുന്ന മഹാതീർത്ഥമിത്രങ്ങളാഗമിക്കകൊണ്ടു നന്നായി" എന്നിത്യാദിയായ കുശലപ്രശ്നവും മഹത്തായ ലോകോപദേശമായിരിക്കുന്നു. അനന്തരം വിദ്യാഭ്യാസകാലത്തു നടന്ന സംഗതികളെപ്പററി സംഭാഷണം സ്വാഭാവികമായി പ്രവർത്തിക്കുന്നു. ഈ സംഭാഷണത്തെപ്പെട്ടെന്നു നിറുത്തിയിട്ട് ഭഗവാൻ തൻെറ പ്രിയസഖൻ കൊണ്ടുവന്നിട്ടുള്ള പ്രാഭൃതത്തെ അപേക്ഷിക്കുന്ന വരികൾ ഹൃദയത്തെ ബലാൽ ആകർഷിക്കുന്നു.

"വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാംബന്ധംവിനാ
വിശക്കുന്നു നമുക്കത്തു സഹിച്ചുകൂടാ
വിശ്രുതനായഭവാൻെറ ഭവചീഡതീൻപോമീ
വാശകേട്ടാമിക്കപോലതിനൊന്നുള്ളു

പൊതിയങ്ങൊട്ടുതന്നാലും ലജ്ജിക്കേണ്ടഗോപിമാരും
കൊതിയനെന്നിജ്ജനത്തെപ്പറവുണ്ടാവം''

ഇപ്രകാരം അരുളിച്ചെയ്തതിന്റെ ശേഷം ഭഗവാൻ അവൽപ്പൊതി കയ്യിലാക്കി ഒരുപിടി അവൽ ഭക്ഷിക്കയും,

‹‹ക്ലേശലവമൊന്നുമില്ലാഞ്ഞെന്റെ ഭക്തന്മാരർപ്പിച്ചാൽ
കശ്മലംകാഞ്ഞിരക്കുരുവുമെനിക്കമൃതം.''

എന്നു സന്തോഷത്തോടെ പറകയും ചെയ്യുന്നു. അനന്തരം പ്രിയവയസ്യനും പരമഭക്തനുമായ ബ്രാഹ്മണന്നു താൻ ദാനംചെയ്വാൻ നിശ്ചയിച്ചിരിക്കുന്ന ഐശ്വര്യത്തിന്റെ സൂചകമായി ഭഗവാൻ.

‹‹ശ്രീയുംതവസ്ത്രീയുമൊന്നേഎന്നപദംതന്നെചൊന്നാ
ജ്ജായയോടു പറഞ്ഞേക്കുമമവചനം.''

എന്നുമാത്രം പറയുന്നു. ഇതിനെല്ലാം കുചേലന്റെ ഉത്തരം എത്രയും മധുരവും വിനീതവും ആയിരിക്കുന്നു. ചിരവിരഹിതനായ തന്റെ വയസ്യനോ അഥവാ വേദാന്തവേദ്യനായ ജഗദീശ്വരനോടുകണ്ടുണ്ടായ സന്തോഷത്താലും, അദ്ദേഹത്തിന്റെ സൽക്കാരരീതിയാലും, മതിമറന്നുപോയ ആ മഹാ ബ്രാഹ്മണൻ തന്റെ ഭാര്യയുടെ അപേക്ഷയെപ്പറ്റി ഭഗവാനോടുയാതൊന്നും പറയാതെയും പിറേറദിവസം പ്രഭാതത്തിൽ യാത്രപറഞ്ഞ് പിരികയും ചെയ്യുന്നു.

അപ്പോൾ.

‘വിയർത്തൊലിച്ചിട്ടു പൂതിഗന്ധമേറുംവിരൂപനേ
വയസ്യനെന്നിട്ടുരതിപതിപിതാവാം
ശ്രീയഃപതിമാറത്തു ചേർത്തതിഗാഢം പുണർന്നതും
ഭയപ്പെട്ടിട്ടാതുമൊന്നും പറയാഞ്ഞതും
ശാസ്യന്മാരാംഭൃത്യന്മാരുമശിക്കാത്തകാൽപൃഥുക
മാസ്യത്തിലിട്ടമൃതാക്കിട്ടിറക്കിയതും,''

മററും വിചാരിച്ചു വിചാരിച്ചുണ്ടായ സന്തോഷത്താൽ, ജഡീഭൂതനായ ഇദ്ദേഹം കുറേവഴി നടന്നതിന്റെ ശേഷം തന്റെ ഭാര്യയുടെ അപേക്ഷയെ സ്മരിക്കയും അതു നിഷ്ഫലമായിത്തീർന്നതി

നാൽ അത്യന്തം വ്യസനിക്കയും ചെയ്യുന്നു. ഇപ്രകാരം കുറെക്കൂടി പോയതിന്റെ ശേഷം അദ്ദേഹം സ്വഭവനം കാണുന്നതിനേയും അതിലുള്ള ഐശ്വൎയ്യപുഷ്ടിയേയും കുചേലന് അവിടെ ഉണ്ടായ സൽക്കാരങ്ങളെയും കവി എത്രയും ഹൃദയംഗമമായവിധത്തിൽവൎണ്ണിക്കുന്നു.

„വെൺകൊററാതപത്രം തഴവെൺചാമരം താലവൃന്തം
തങ്കക്കോളാമ്പി താംബൂലചൎവ്വണക്കോപ്പും
മങ്കമാരെടുത്തുംകൊണ്ടുവേണ്ടങ്കിലും ചുററുംകൂടി
പങ്കജാക്ഷകൃപകൊണ്ടുമുട്ടി കുചേലൻ.

ഇങ്ങിനെയുള്ള ഐശ്വൎയ്യപുഷ്ടിയുടെ സ്വാഭാവികഫലം മദപുഷ്ടിയാണെല്ലോ. എന്നാൽ

„കുചേലനും പ്രേയസിക്കും സമ്പത്തുണ്ടായതിൽതത്ര
കുശേശയലോചനങ്കൽ പത്തിരട്ടിച്ചു.
കുചേലനായായഭക്തിക്കുള്ളൊരൈക്യം കൊടുത്താലും
ക്ലേശതരതരമായിക്കടം ശേഷിച്ചു.”

ഈക്കാവ്യത്തിന്റെ കൎത്താവ കവിതാവാസനയും മനോധൎമ്മവും കല്പനാശക്തിയും ധാരാളമുള്ളവനും കവിയശസ്സിന്ന ധാരാളം അൎഹനായ ഒരു കവിയാണെന്ന നിസ്സംശയം പറയാവുന്നതാണ്. രസോൽക്കൎഷത്തിൽ ഞാൻ ഇവിടെ ഉദ്ധരിച്ചിട്ടുള്ളവരികളേക്കാറ ഒട്ടുംതാഴെഅല്ലാത്ത വരികൾ ഇനിയും ഈകാവ്യത്തിൽവളരെ ഉണ്ട്. എന്നാൽ വിസ്താരഭയംകൊണ്ട് അവയേക്കൂടി ഉദ്ധരിക്കാൻപാടില്ലാതിരിക്കുന്നു. ശബ്ദാൎത്ഥാലങ്കാരങ്ങളാൽ കാവ്യത്തിന്ന സിദ്ധിക്കേണ്ട ചമല്ക്കാരം ഈകാവ്യത്തിന്ന നല്ലവണ്ണം ലഭിച്ചിട്ടുണ്ട്. ഇതിന്നുംപുറമേ വാക്യങ്ങളായി അന്വയിക്കാൻക്ലേശമുള്ള ഒരു വരിയും ഈ പുസ്തകത്തിൽ ഇല്ലെന്നുള്ളതും കവിയുടെ വിദ്വത്വത്തിന്ന് സാക്ഷിയാകുന്നു. എല്ലാംകൊണ്ടും വിദ്വാന്മാരും സഹൃദയന്മാരുമായ എല്ലാവായനക്കാരുടേയും ശ്രദ്ധക്ക് ഇപ്പോഴത്തെതിൽക്കൂടുതലായി വിഷയീഭവിക്കുന്നതിന്ന വേണ്ട യോഗ്യതകൾ ഈകാവ്യത്തിന്നുണ്ടെന്ന് നിസ്സംശയം അഭിപ്രായപ്പെടാം.

ഇനി ഈകാവ്യത്തിന്റെ ജനനകാലത്തെപ്പറ്റി ഒരുസംശയം ഉള്ളതിനെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈകാവ്യം, ൯൭൩-ൽ നാടുനീങ്ങിയ കാർത്തികതിരുനാൾ മഹാരാജാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ ആജ്ഞപ്രകാരം എഴുതപ്പെട്ടതായി ഭാഷാചരിത്രത്തിൽ കാണുന്നു. ഈ ഊഹത്തിനെ ബലപ്പെടുത്തുന്നതായി ആഭ്യന്തരമായ യാതൊരു തെളിവും ഈകാവ്യത്തിൽ കാണുന്നില്ല. കാർത്തികതിരുനാൾ തിരുമനസ്സിലെ നാമധേയം രാമവർമ്മഎന്നായിരുന്നു. എന്നാൽ കവിവാഴ്ത്തുന്നതെല്ലാം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പരാക്രമത്തെ ആകുന്നു. ഇത് കാർത്തികതിരുനാൾ തിരുമനസ്സിലേ അമ്മാമനും തിരുവിതാംകൂർ രാജ്യസ്ഥാപകനുമായ രാജർഷഭനേ ഉദ്ദേശിച്ചാണെന്നുള്ളതിനു സംശയമില്ല. അവിടുത്തെ അപദാനങ്ങളുടെ കീർത്തനം ഭാഗിനേയനായ തിരുമനസ്സിലേക്ക് പ്രീതികരമായിത്തന്നേ ഇരിക്കുമെങ്കിലും, നാടുവാണിരുന്ന മഹാരാജാവിനേക്കുറിച്ച കവിഒരക്ഷരം പോലും പറയാതെ ഒഴിക്കുമെന്നുള്ളത് അസംഭാവ്യമായിത്തോന്നുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിന് സർവ്വഥാ അനരൂപനായ ഭാഗിനേയനായിരുന്ന രാമവർമ്മ മഹാരാജാവെന്നുള്ള വാസ്തവം ഈ അസംഭാവ്യതയെ ഏററവും ബലപ്പെടുത്തുന്നു എന്നുമാത്രമല്ല മാർത്താണ്ഡവർമ്മ മഹാരാജാവിനേ വാഴ്ത്തുന്നതിൽ

"മാർത്താണ്ഡ മഹീപതിന്റെൻ വെറുതെയോ ജയിക്കുന്നു."

എന്നുംമററും അനേകം പ്രയോഗങ്ങൾ വർത്തമാന കാലത്തിൽ തന്നെയാണ്

"നാട്ടിനെനന്നാക്കിയതുമോർത്താലങ്ങു ജയസ്തംഭം
നാട്ടുമിനവാപരാരമെന്നു തോന്നുന്നു"

എന്ന തദാനീന്തനമായ രാജ്യഭരണവൈശിഷ്ട്യ സൂചകരുപേണയുള്ള ഭാവിപ്രയോഗവും കാണുന്നുണ്ട്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് ഈകാവ്യം എഴുതപ്പെട്ടു എന്നാണ് ഈസംഗതികളിൽനിന്നും ഊഹിക്കേണ്ടിയിരിക്കുന്നത്. ഈഭാഗം വായനക്കാർ തീർച്ചയാക്കട്ടെ.

കെ. ആർ. കൃഷ്ണപിള്ള. ബി. ഏ.

# മാമാങ്കം

(അല്ലെങ്കിൽ മലയാളത്തിലെ മാമാങ്കം.)

—;o:—

അതിൻറ ശേഷം പിന്നത്തെ മാമാങ്കത്തിന്നുമുമ്പിൽ മാപ്പിളമാർ വെള്ളാട്ടരാജാവിനെ ചെന്നുകണ്ടു വളരെ ശ്ലാഘിച്ചകൂട്ടത്തിൽ "മാമാങ്കത്തിൽ നിലപാടുനില്പാൻ അവിടേക്കല്ലാതെ മറെറാരു രാജാവിന്നും ഭാഗ്യമുണ്ടായില്ലല്ലൊ അതുതന്നെ അവിടുത്തെ മഹത്വത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട എന്നുപറഞ്ഞു. അതുകേട്ട രാജാവ "അത് ഏതിക്ക സംഗതിവശാൽ സിദ്ധിച്ചതല്ലേ. അതൊരു മഹത്വസാക്ഷ്യമാകുന്നതല്ലല്ലോ". "അതല്ല. അങ്ങിനെ അവിടെക്ക സംശയമുണ്ടെങ്കിൽ അടുത്ത മാമാങ്കത്തിന്ന ഒരു വീരപരീക്ഷ നിശ്ചയിക്കുക" "അങ്ങിനെതന്നെ. ഏതുപ്രകാരം വേണമെന്നു നിശ്ചയിക്കുവിൻ" "എന്നാലവിടുന്ന നിലപാടുനില്ക്കുമ്പോൾ അവിടുത്തെ സൈന്യങ്ങൾ മുമ്പിൽ രണ്ടു വരിയായി ആയുധപാണികളായി നേരേ നില്ക്കുക. അപ്പോൾ സാമൂരിപ്പാട്ടിലേയോ മറ്റു വല്ല രാജാക്കന്മാരുടേയോ ഭാഗത്തിൽനിന്നു ആരെങ്കിലും ഒരാൾ ഒററക്ക കടന്നുവന്നു ഇവിടുത്തെ സൈന്യങ്ങളെ ജയിച്ച നിലപാടുനില്പാനുള്ള സ്ഥലത്തു പ്രവേശിക്കുന്നതായാൽ നിലപാടുനില്പാനുള്ള അധികാരം അങ്ങോട്ടും, അതുപോലെതന്നെ അവിടുന്ന നില്ക്കുമ്പോൾ ഇവിടുത്തെ ആൾ ജയിച്ചുവെങ്കിൽ ആ സ്ഥാനം ഇങ്ങോട്ടും വിട്ടുകൊടുക്കത്തക്കവണ്ണം ഒരു നിശ്ചയം ചെയ്യു. എന്നാൽ ഇതിൽവെച്ച് ആൎക്കാണ യോഗ്യത എന്നറിയാമല്ലൊ" എന്നു പറഞ്ഞു.

രാജാവ അങ്ങിനെ സമ്മതിക്കയുംചെയ്തു. പിന്നത്തെ മാമാങ്കത്തിന്ന അപ്രകാരം പരീക്ഷിച്ചതിൽ ആയുധാഭ്യാസത്തിൽ അതിസമൎത്ഥന്മാരായ വെള്ളാട്ടരാജാവിൻെറ സൈന്യത്തെയെല്ലാം സാമൂരിപ്പാട്ടിലെ ഭടന്മാരിൽ ഒരുവൻ തോല്പിച്ചതിനാൽ ആവഴിക്ക നിലപാടുനില്പാനുള്ള അവകാശം സാമൂരിപ്പാട്ടിലെക്ക സിദ്ധിക്കയുംചെയ്തു. അതിൽപിന്നെ പലതവണയും സാമൂരിപ്പാട്ടിലേയും വെള്ളാട്ടരാജാവിൻെറയും സൈന്യങ്ങൾ തമ്മിൽ ഘോരം നിലവാ

ട്ടനില്ലിനെപ്പററി മഹാഭയങ്കരമായ പലേയുദ്ധവും ഉണ്ടായിട്ടുള്ളതായി കേൾവിയുണ്ട്. എങ്കിലും അതിലെല്ലാം സാമൂരിപ്പാടുതന്നെ ജയിച്ചു കേറിയ സ്ഥാനത്തുനിന്നും എറങ്ങാതെതന്നെ മാമാങ്കം അവസാനിച്ചു എന്നാണു ഐതിഹ്യം.

എന്നാൽ അന്നു മലയാളത്തിലുള്ള മററു രാജാക്കന്മാൎക്കും ഈ സ്ഥാനലബ്ധിക്കു സ്വാഭാവികമായി ആഗ്രഹം ജനിപ്പാനവകാശമുണ്ടായിരുന്നിരിക്കാമെങ്കിലും അന്നു കൊച്ചി തിരുവാംകൂർ മുതലായ തെക്കുള്ള രാജാക്കന്മാൎക്കും ഇന്നുള്ള പ്രാബല്യം സിദ്ധിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ സാമൂരിപ്പാടിനെ ജയിപ്പാൻ തക്ക ശക്തിയുള്ള രാജാക്കന്മാർ ചുരുക്കമായിരുന്നതുകൊണ്ടു മററുള്ളവരാരും ഈ കാൎയ്യത്തിൽ പ്രവേശിക്കാതിരുന്നതാണെന്നൂഹിപ്പാൻ മതിയായ കാരണമുണ്ടു.

ഇങ്ങിനെ സാമൂരിപ്പാടായിട്ടും വളരെക്കാലം മാമാങ്കം നടത്തിവന്നിരുന്നതിനിടക്കു ഒരിക്കൽ മലയാളത്തിൽ അതിനുമുമ്പൊരിക്കലും കേട്ടുകേൾവിപോലുമുണ്ടായിട്ടില്ലാത്ത പ്രകാരം ഒരു ദിവസം അഞ്ചാറു നാഴികപ്പകലെ കാറും കറുപ്പും ഇടിയും മിന്നലും കാററും ഒന്നും കൂടാതെതന്നെ യദൃഛയാ ഭാരതപ്പുഴയിൽ ഒരു വെള്ളപ്പൊക്കമുണ്ടായി. കുംഭമാസംകാലത്തു മലയാളത്തിലെ ഒരു നദിയിൽ ജലപ്രവാഹമുണ്ടാകുന്ന കാൎയ്യം ആരെങ്കിലും സ്വപ്നേപി സംശയിക്കുന്നതാണോ. എന്തിനു പറയുന്നു, വെള്ളം പൊങ്ങിയെന്നല്ലാ അതിവിശാലമായ മണപ്പുറത്തു നിരത്തികെട്ടിയിരുന്ന അസംഖ്യം കുടിലുകളിലുണ്ടായിരുന്ന അനേകായിരം ഉറുപ്പികയുടെ കച്ചവടസ്സാമാനങ്ങളും, കച്ചവടക്കാരുടേയും കാഴ്ചക്കാരുടേയും പാൎപ്പിടങ്ങളും അവയിലുണ്ടായിരുന്ന കിണ്ണം, കിണ്ടി, കരണ്ടി മുതലായ പൊന്നു, വെള്ളി, വെങ്കലപാത്രങ്ങളും, മററുമെപ്പേപ്പെട്ടതും കുത്തിച്ചാടിയൊലിച്ച് പൊന്നാനി അഴിയിൽചെന്നു സമുദ്രപതനംചെയ്കയും; മനുഷ്യരെല്ലാം ഒരുവിധം നീന്തിത്തുടിച്ച്, വെള്ളം കുടിച്ച്, ചത്തും ചാകാതേയും, കരയിൽ കയറിരക്ഷപ്പെടുകയുംചെയ്തു.

ഈ അപൂൎവ്വസംഭവം നടന്ന സമയം അവിടെ കൂടിയിരുന്ന പല മഹാന്മാരുംകൂടി ഈ സംഗതി പില്ക്കാലത്തെ ജനങ്ങളുടെ

അറിവിന്നായി എന്തെങ്കിലും പ്രകാരത്തിൽ നിലനിർത്തേണമെന്നു നിശ്ചയിച്ചു.

എന്നാൽ പണ്ടത്തെക്കാലത്തെ ഹിന്തുക്കൾ എന്തെങ്കിലും ഒരു വിശേഷസംഗതിയുണ്ടായാൽ അതിനെക്കുറിച്ചു ഒരു ചരിത്രമെഴുതുകയെന്ന സമ്പ്രദായം ഇല്ലാം ചുരുക്കമായിരുന്നു എങ്കിലും ആ സംഗതിയുടെ ഒരു ചുരുക്കം സൂചിപ്പിക്കുന്നതും, അതുണ്ടായ ദിവസത്തെപ്പോഴും കൃത്യമായി കാണിക്കുന്നതും ആയ അന്നത്തെക്കലിദിനസംഖ്യക്കു ഒരു നാമകരണം ചെയ്യുന്നതു സാധാരണ പതിവായിരുന്നു. ഇങ്ങിനെ ചുരുങ്ങിയ അക്ഷരങ്ങളെക്കൊണ്ടു സംഗതിയെ സൂചിപ്പിക്കുകയും പരല്പേരുപ്രകാരം സംഖ്യ ശരിയാക്കുകയും ചെയ്യുന്നതും വണ്ണം കലിമുതലായവയുടെ നാമകരണം ചെയ്യുന്നതിന്നു പണ്ടുള്ള യോഗ്യന്മാരിൻ പലക്കും വളരെ പാടവമുണ്ടായിരുന്നു എന്നുള്ളതു നമുക്കു പ്രത്യേകം സ്മരണീയമാണ്.

ഒരംവക വിരുതന്മാരൽ പ്രത്യേകം കേൾവിപ്പെട്ട ഒരാളായിരുന്നു നമ്മുടെ മേല്പത്തൂർ നാരായണ ഭട്ടതിരിപ്പാട.

മലയാളത്തിലെ വിദ്യാകലാനിപുണന്മാരായ പണ്ഡിതന്മാരെല്ലാം മാമാങ്കത്തിൽ വന്നുചേന്നിരുന്നുഎന്ന മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങിനെവന്നു ചേരുന്ന വിദ്വാന്മാർ അവിടെ ഓരോ സദസ്സുകളായി തിരിഞ്ഞു അതിൽ വെച്ചു താന്താങ്ങളുടെ വാസനയേയും അഭ്യാസത്തേയും പ്രകടിപ്പിപ്പാനായി ശാസ്ത്രവാദങ്ങൾ, സദിരുകൾ മുതലായ സാഹിത്യ സംഗിത പരീക്ഷകൾ നടത്തുകയും, അതിൽ വെച്ചു ജയാപജയങ്ങളുടെ താരതമ്യത്തെ ക്ലിപ്തപ്പെടുത്തി അവസ്ഥാനുസാരം സംഭാവനാദികൾ നൽകുകയും ചെയ്തുവന്നിരുന്നതിനാൽ അക്കാലത്തു വിദ്യാഭിവൃദ്ധിക്കുംകൂടി മാമാങ്കം ഒരു മുഖ്യ പ്രയോജകമായിരുന്നു.

ഈ കൂട്ടത്തിൽ അന്നുള്ള വിദ്വാന്മാരിൽ ഏററവും ഉയന്ന ഒരു സ്ഥാനം സിദ്ധിച്ചിരുന്ന ഭട്ടതിരിപ്പാടും മേല്പറഞ്ഞ സംഭവം നടന്ന സമയം അവിടെ ഉണ്ടായിരുന്നു. അവരെല്ലാവരും കൂടി ആലോചിച്ചതിൽ അന്നത്തെ കലിദിനസംഖ്യയായ ൧൭,൨൧,൧൮൦ എന്നതിന്ന് ഒരു പേരിട്ടു പ്രസിദ്ധപ്പെടുത്തേണ്ടതാവശ്യമാണെന്നു തീർച്ചയാക്കി. പലരും ഓരോപേരുകളിട്ടുതുടങ്ങി. അതിനിടക്കു ഭട്ടതിരി 'നദീപുഷ്ടിരസഹ്യാതു' എന്നൊരുപേരിട്ടു. അതുകേട്ടപ്പോഴെ

വേറെ ഒരു നമ്പൂരി ഭട്ടതിരിയുടെ അവസ്ഥ ഇങ്ങിനെ ക്രമത്തിലൊരു ചേരിട്ടുകൊണ്ടു വിശേഷമായില്ല, ഈ അവസ്ഥക്കുചേന്ന അർത്ഥത്തിൽ തന്നെ ഈ സംഖ്യക്കു വിപരീതമായി ഒരു ചേരുകൂടി ഇട്ടാൻ ഞാൻ സമ്മതിക്കാം" എന്നു പറഞ്ഞു. അപ്പോൾ ഭട്ടതിരി "റോഗ്യസാരംപയോജനി" എന്ന് വിപരീതമായി ഒരു ചേരുകൂടി ഉണ്ടാക്കി. ഇതുകേട്ടപ്പോൾ വേറൊരു ജ്യോത്സ്യൻ "ഹൈ! ഇതുരണ്ടുംകൂടി ഒരു ശ്ലോകാർദ്ധംപോലെയിരിക്കുന്നു. എന്നാൽ ഭട്ടേരി! ഈ സംഖ്യയുടെ ചേരായിട്ടുതന്നെ ഇതൊരു ശ്ലോകമാക്കരുതേ?" എന്നായി. അപ്പോൾ മറ്റൊരു മാന്യൻ "എന്നാൽ അതും, ഒരു പാദം ക്രമസംഖ്യയേയും, മറേറതു വിപരീതസംഖ്യയേയും കാണിക്കുന്ന രണ്ടു ചേരുകളായിരിക്കണം; അതിനും പ്രകൃതത്തിനു യോജിച്ചതായിരിക്കേണമെന്നു പറയേണ്ടതുമില്ലല്ലോ" എന്നായി. അപ്പോൾ ഭട്ടതിരി "ജ്ഞാൽകർമ്മാൽ സായാഹ്നേ, നഷ്ടാത്മാഃ പ്രയുഞ്ജതാം" എന്നിങ്ങിനെ രണ്ടു ചേരുകളേക്കൊണ്ടുതന്നെ അവർ രണ്ടുചേരുടെയും ഇഷ്ടപ്രകാരം ശ്ലോകവും പൂരിപ്പിച്ചു.

ഈ കലിദിനസംഖ്യകൊണ്ടു നോക്കിയാൽ നാരായണീയനിർമ്മാണശേഷം ഇരുപത്തുനാലുകൊല്ലം കഴിഞ്ഞിട്ടാണ് ഈ സംഭവം നടന്നതെന്നു കാണാം. നാരായണീയകൃതി ഭട്ടതിരിയുടെ ചെറുപ്പത്തിലാണെന്നു പ്രസിദ്ധമാണല്ലൊ. അതുകൊണ്ട ഈ ചേരുകൾ ഭട്ടതിരിയുടെ തന്നെയാണെന്നു വിശ്വസിക്കുവാൻ ന്യായവിരോധവുമില്ല.

മാമാങ്കം ഇതിനുശേഷം പിന്നെയും വളരെക്കാലം നിലനിന്നുപോന്നു, ഒടുവിൽ മലയാളത്തിലെ പൂർവ്വൈശ്വര്യ സമൃദ്ധിക്കു ഒരു ധൂമകേതുവായി തീർന്ന ടിപ്പുസ്സുൽത്താൻെറ ആഗമനത്തോടുകൂടി കൊല്ലം ൯൬൦-ന് അടുത്ത ഒരു കാലത്തിൽ അവസാനിച്ചുപോയെന്നാണ വിശ്വാസമായ കേൾവിയുള്ളത്.

ഏതായാലും പ്രകൃതി കാര്യങ്ങൾക്കൊക്കെയും കാലാന്തരത്തിൽ കണ്ടുവരുന്നതുപോലെയുള്ള പരിണാമഭേദംതന്നെയായിരിക്കാം ഈ വിഷയത്തിലും സംഭവിച്ചത്. എന്നാലും ഇന്നുള്ള മലയാളികളുടെ ഭാഗ്യദോഷം കൊണ്ടാണെന്നു മാത്രമേ ഞാൻ വിശ്വസിക്കുന്നുള്ളൂ.

കുന്നേഴത്ത പരമേശ്വരമേനോൻ.

# ചില മലയാള വൎണ്ണങ്ങൾ.

:o:

അടുത്തുകഴിഞ്ഞ ചിങ്ങത്തിലെ രസികരഞ്ജിനിയിൽ കെ. രാമകൃഷ്ണപിള്ള അവർകൾ ചില മലയാള വൎണ്ണങ്ങളേപ്പറ്റി എഴുതിയിരുന്ന ലേഖനവും അതിന്റെ അവസാനത്തിൽ പത്രപാഠകന്മാർ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെക്കുറിച്ച ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യണമെന്നുള്ള അൎത്ഥനയും ഞാൻ വായിക്കയുണ്ടായി.

മേൽ പറഞ്ഞ ലേഖകന്റെ അഭിപ്രായങ്ങളേപ്പറ്റി ത്യാജ്യഗ്രാഹ്യവിവേചനം ചെയ്വാൻ പ്രാപ്തനാണെന്നുള്ള അഭിമാനം എനിക്കില്ല. എങ്കിലും ഈ വിഷയങ്ങളേപ്പറ്റി ഭാഷാപോഷിണിയിലും മറ്റും പലയോഗ്യന്മാരും വളരെക്കാലമായി പ്രതിപാദിച്ചുവരുന്നത വായിക്കാറുള്ളത്കൊണ്ടും ഇങ്ങിനെ ഒരു വിഷയത്തിൽ പ്രോത്സാഹിക്കേണ്ടത മലയാളഭാഷാതല്പരന്മാരായ എല്ലാവരുടെയും ഒരു ഭാരമാണെന്നുള്ള എന്റെ പൂൎണ്ണവിശ്വാസം കൊണ്ടും എനിക്ക തോന്നുന്ന ചില അഭിപ്രായങ്ങൾ പറവാൻ ഞാൻ ഒട്ടുംമടിക്കുന്നില്ല.

പിള്ള അവർകളുടെ ലേഖനാന്തൎഗ്ഗതമായ വിഷയങ്ങളിൽ പ്രധാനമായി എന്റെ ശ്രദ്ധയെ ആകൎഷിച്ചതു് സംവൃതസ്വരത്തെപ്പറ്റിയുള്ളതാണ്. ഈ വിവാദം തുടങ്ങീട്ട് കുറെക്കാലമായല്ലോ. ഈ സ്വരം സംവൃതാകാരമൊ സംവൃതോകാരമൊ എന്നായിരുന്നു ആദ്യത്തെ സംശയം. സംവൃതാകാരമെന്ന ചിലൎക്ക വാദിപ്പാൻ ഇടയായതിന്ന കാരണമെന്തായിരിക്കും? "ഹ്രസ്വസ്യാവൎണ്ണസ്യോച്ചാരണേസംവൃതം" എന്ന സൂത്രസിദ്ധാന്തത്തെ അനുസരിച്ച് ഒരു സംസ്കൃതപദത്തിന്റെ അവസാനത്തിലുള്ള ഹ്രസ്വാകാരംസംവൃതമാക്കി ഉച്ചരിക്കേണ്ടതാണെല്ലൊ. ഈ പാണിനീയശിക്ഷയെ അനുസരിച്ചായിരുന്നു പണ്ടുള്ള ആൎയ്യബ്രാഹ്മണർ പദാന്തത്തിലുള്ള ഹ്രസ്വാകാരത്തെ ഉച്ചരിച്ചിരുന്നത്. ഇതിന്നു ദൃഷ്ടാന്തമായി ഇപ്പൊഴുമുള്ള ഉത്തരദേശാൎയ്യബ്രാഹ്മണരുടെ ഉച്ചാര

ണ്ടതെ സ്വീകരിക്കാവുന്നതാകുന്നു. അവർ എഴുതുന്നത് "പെപാത്" എന്നാണെങ്കിലും ശബ്ദിക്കാറുള്ളത് "പെപാത്" എന്നാകുന്നു. ഇപ്രകാരംതന്നെയായിരിക്കരുതേ നമ്മുടെ മലയാളത്തെ കീഴടക്കിയ ആര്യപുരാതനന്മാരും ആചരിച്ചിരുന്നത്? ഇവരുടെ ൟ സംവൃതാകാരത്തോട നമ്മുടെ വിവാദഗ്രസ്തമായ സംവൃതസ്വരത്തിന്ന് ശ്രുതിസാമ്യമുണ്ടാകയാൽ, പൂർവ്വികന്മാർ കാട് വീട് എന്നു ശബ്ദിച്ചിരുന്ന പദങ്ങളെ ആര്യന്മാർ "പെപാത്" എന്ന് എഴുതുന്ന രീതിയെ അനുസരിച്ച് കാട, വീട, എന്ന് എഴുതുകയും, തന്നിമിത്തം "പെപാത്" എന്നതിലെ അന്ത്യസ്വരംപോലെ ഇവകളിലെ അന്ത്യസ്വരവും അകാര സംബന്ധിയെന്ന് അവർ പ്രാമാദികമായി വിശ്വസിക്കയും ആ വിശ്വാസം ചില ആധുനികന്മാരിലും പരമ്പരയായി നിലനിന്നു വരികയും ചെയ്തതിനാലോ തമിഴ് വ്യാകരണത്തിലുള്ള "കുററിയലുകരം, മുററിയലുകരം" ഇവയെപ്പററി ഇവർ തീരെ അപരിചിതന്മാരായിരുന്നതിനാലൊ ആയിരിക്കാം മേൽപറഞ്ഞ വാദങ്ങിന്ന കാരണമായിത്തീർന്നത്.

എന്നാൽ ൟ സ്വരം സംവൃതോകാരമാണെന്നു മലയാളത്തിലുള്ള മിക്ക വിദ്വാന്മാരും ഇപ്പോൾ ഒന്നൊരുമിച്ച് സമ്മതിച്ചിരിക്കുന്നു എന്നതിന്ന് ഭാഷാപോഷിണി ഒരു ബലമായ തെളിവാകകൊണ്ട് ഞാൻ ഇപ്പോൾ സംവൃതാകാരമല്ലെന്നു വീണ്ടും സ്ഥാപിപ്പാനായി തുനിയാതെ സംവൃതോകാരത്തിൽ പ്രവേശിക്കാം. ൟ സംവൃതോകാരത്തെ ഒരക്ഷരത്തോടുചേർത്തെഴുതുമ്പോൾ കേരളപാണിനീയത്തെ അനുസരിച്ച ഉകാരവും മീതേ സംവൃതോകാര ചിഹ്നമായ ചന്ദ്രക്കലയും (്) രണ്ടും വേണമോ എന്നും അല്ല ആലിപിയുടെ മീതേ ചന്ദ്രക്കലമാത്രം ഇട്ടാൽ മതിയോ എന്നുമാണ് മുഖ്യമായവാദം. ചന്ദ്രക്കലതന്നെ അരയുകാരചിഹ്നമാകനിമിത്തം ഉകാരവും (്) ചന്ദ്രക്കലയും കൂടുമ്പോൾ ഒന്നര ഉകാരമായില്ലെ? അതുകൊണ്ട് ഇകാരം അനാവശ്യമെന്നാണ് തോന്നുന്നത്. എന്നാൽ (്) ചന്ദ്രക്കലമാത്രം ചേർക്കുന്നതായാൽ അകാരവും സംവൃതോകാരവുംകൂടി ഒന്നര സ്വരമായില്ലേ? എന്നുചോദിക്കമായിരിക്കാം. ൟ സംശയം മലയാളഭാഷയിൽ സ്വരചിഹ്ന

ങ്ങൾ വൎണ്ണങ്ങളോട ചേൎക്കുന്ന ക്രമം സൂക്ഷ്മദൃഷ്ട്യാ നോക്കുന്നപക്ഷം തീരുന്നതാകുന്നു. മലയാളത്തിൽ ഇ, ഈ" മുതലായ സ്വരങ്ങളുടെ ചിഹ്നമാകുന്ന, ി. ീ. മുതലായവ കകാരത്തോടചേൎത്തെഴുതുമ്പോളാണല്ലോ കി. കീ. എന്നായിത്തീരുന്നത്. ഇങ്ങിനെ ചേൎത്തെഴുതുമ്പോൾ കി എന്നക്ഷരത്തിൽ "അ"കാരവും "ഇ"കാരവും കൂടി രണ്ടു സ്വരങ്ങളുണ്ടോ. ഇല്ലാത്തപക്ഷം അതുപോലെതന്നെ "ക" എന്നതിനോട ( ് )അരയുകാരസ്വരചിഹ്നം ചേൎത്തെഴുതീട്ടുണ്ടാവുന്ന ക് എന്നതിൽ മാത്രം സ്വരദ്വയചിഹ്നങ്ങളുണ്ട് എന്നുപറയുന്നത് യുക്തിയോ? അതുകൊണ്ട ചന്ദ്രക്കല മാത്രം മതിഎന്നും ഉകാരം ആവശ്യമില്ലെന്നും ആണ എന്റെ അഭിപ്രായം.

കടത്തനാട്ട് ഉദയവൎമ്മ തമ്പുരാനവൎകളും, മിസ്റ്റർ തോമസ ഷ്മൂളിയിൽ മുതലായവരെല്ലാവരും മേൽപറഞ്ഞ അഭിപ്രായത്തോട യോജിച്ചിട്ടുണ്ട്. പണ്ഡിതർ ആർ. വി. കൃഷ്ണമാചാൎയ്യരവൎകൾക്കും ഈ അഭിപ്രായംതന്നെയാണ് ഉള്ളത് എന്ന് ആദ്ദേഹത്തിന്റെ ഒരു ദീൎഘലേഖനത്തിൽനിന്ന എനിക്ക അറിവാൻ സംഗതിയായിട്ടുണ്ട്.

മലബാർകാരുടെ സംവൃതസ്വരം ഇകാരത്തിന്റെ ഉൾവലിവായിരിക്കേ അതിനെക്കുറിപ്പാൻ ഇകാരോപരിചന്ദ്രക്കലയല്ലേ ഇടേണ്ടത്?" എന്ന മിസ്റ്റർ പിള്ള ചോദിച്ചതിനെപ്പററി ആശ്ചൎയ്യപ്പെടുന്നു. മലബാറിൽ ഈ സംവൃതസ്വരം ഇകാരത്തിന്റെ ഉൾവലിവായി ഉച്ചരിക്കുന്നത് മലബാർകാരനായ എന്റെ അറിവിൽ ഇതേവരെ പെട്ടിട്ടില്ല. അഥവാ അങ്ങിനെ ഉണ്ടെന്ന ഊഹിക്കുന്നപക്ഷംതന്നെ ഇകാരോപരിചന്ദ്രക്കല ഇടേണമെന്നുണ്ടോ? ഈ വിഷയത്തിൽ കേരളപാണിനീയത്തോടു യോജിക്കുന്നപക്ഷമല്ലേ അങ്ങിനെ ചെയ്യേണ്ടതുള്ളു? "ആകപ്പാടെ നോക്കിയതിൽ കേരളപാണിനീയത്തോട യോജിക്കുന്നവരാണ് അധികമാളുകളെന്നുതോന്നുന്നു." എന്ന പറഞ്ഞതിന്ന് അടിസ്ഥാനമെന്തെന്ന് അറിയുന്നില്ല. "തിരുവിതാംകൂറിൽ ഭൂരിപക്ഷക്കാരും" പാണിനീയത്തെ അനുസരിച്ച് എഴുതിവരുന്നുണ്ടെങ്കിലും മദ്ധ്യകേരളത്തിലാകട്ടെ ഉത്തരകേരളത്തിലാകട്ടെ അപ്രകാരം ചെയ്യുന്നില്ലെന്ന നിൎവ്വിവാദം പറയാവുന്നതാകുന്നു.

ഈ അന്ത്യസ്വരോച്ചാരണത്തിൽ ദേശാന്തരങ്ങളിൽ വല്ല സ്വല്പഭേദവും ഉണ്ടെങ്കിലും എഴുതുന്നതിൽ ഏകരീതിത്വം സാധിക്കേണമെങ്കിൽ ആരും മക്കടമുഷ്ടി പിടിക്കാതെ കാൎയ്യത്തിന്റെ യഥാൎത്ഥതത്വത്തെ സൂക്ഷ്മമായി അറിഞ്ഞ് യുക്തിക്കനുസരിച്ച് പ്രവൃത്തിക്കുന്നതായാൽ ഒരു വിഷമവും ഇല്ല.

ഇനി “നന” “പന” ഇവയെപ്പററിയാണ് കുറച്ച് പറവാനുള്ളത്. ഇതിലെ അന്ത്യലിപി “ണ” എന്ന് എഴുതേണമെന്നാണല്ലൊ പിള്ള അവർകളുടെ അഭിപ്രായം. അപരിചിതന്മാൎക്ക പ്രഥമദൃഷ്ടിയിൽ പരിഭ്രമമുണ്ടാക്കിത്തീൎക്കുന്ന ഈ വക വൎണ്ണങ്ങൾ പുതുതായി സൃഷ്ടിക്കുന്നതിനെക്കാൾ നമ്മുടെ പൂൎവ്വീകന്മാർ ഉപയോഗിച്ചിരുന്ന വല്ല സൂത്രവും ഉണ്ടെങ്കിൽ അത സ്വീകരിക്കുന്നതല്ലേ നല്ലത്? പന എന്നതിലെ നകാരത്തിന്റെ ആദ്യത്തെ കുനി ചെറുതായും “നരി” എന്നതിലെ നകാരത്തിന്ന ഇപ്പോഴുള്ളപോലെതന്നെ രണ്ടു കുനിയും ഒരുപോലെയും ആയിരുന്നുവത്രെ പണ്ടുള്ളവർ എഴുതിയിരുന്നത്. ഇതിന്ന ശരിയായ തെളിവ് മിസ്റ്റർ ജോസെഫ് മൂളിയിൽ കാണിച്ചതായി ഭാഷാപോഷിണിയിൽ കാണുന്നതും ഉണ്ട. അദ്ദേഹം തെളിയിച്ചിട്ടില്ലാത്ത പക്ഷംതന്നെ ഈ യുക്തിയാണ് സ്വീകാരയോഗ്യമെന്നാലോചിച്ചാലറിയാവുന്നതാകുന്നു. ‘പ’ കാര ‘വ’ കാരങ്ങൾ തമ്മിലുള്ള ഭേദം ഇതിനെ ബലപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ട പഴയ സമ്പ്രദായത്തെത്തന്നെ അനുസരിച്ച ‘പന’ യിലെ നകാരം ആദ്യത്തെ കുനി ചെറുതാക്കി എഴുതുന്നതായാൽ ഉചിതമായിരിക്കുമെന്നാണ എന്റെ അഭിപ്രായം. ററ എന്നത റ്റ എന്ന എഴുതുന്നതിന്നും മതിയായ കാരണം കാണുന്നില്ല. ഇങ്ങിനെ മുമ്പുള്ള അക്ഷരങ്ങളെ ഉടച്ചു വാൎക്കുവാനും സൎവ്വശബ്ദങ്ങൾക്കും ശരാശരിയായി നൂതന അക്ഷരങ്ങൾ സൃഷ്ടിപ്പാനും ശ്രമിക്കുന്നപക്ഷം നമ്മുടെ ഭാഷക്ക് അന്ന്യഭാഷകളായി സമ്മേളനം വൎദ്ധിക്കുംതോറും ഓരോ ലിപികളെ ചേൎക്കേണ്ടിവരുന്നതാകയാൽ കാലക്രമംകൊണ്ടു അക്ഷരകാണ്ഡം പരബ്രഹ്മംപോലെ അനന്തമായിത്തീരുകയും, നമ്മുടെ പിന്തുടൎച്ചക്കാൎക്ക ഇക്കാലത്തെ വല്ല ഗ്രന്ഥങ്ങളോ പുസ്തകങ്ങളോ വായിച്ചു മനസ്സിലാക്കേണമെങ്കിൽ അസാദ്ധ്യമായി വരികയും ചെയ്യും.

സി. രാഘവപ്പുതുവാൾ,

# കടം.

ഇപ്രകാരം മററുള്ളവരെ വഞ്ചിക്കുന്ന കള്ളൻ തന്റെ അന്യായാർജ്ജിതമായ ധനം നഷ്ടപ്പെടുവാൻ പ്രാപ്തിയുള്ളവരോട കൈവശപ്പെടുത്തിട്ടുള്ളതാകയാൽ കേവലം തസ്കരനേക്കാൾ അല്പം ഭേദമാണെന്നും അല്ലെങ്കിൽ അവന്നു പണം എന്തിന കടം കൊടുത്തു എന്നും മററും ചിലർ പ്രതിവാദിക്കുമായിരിക്കും. എന്നാൽ ഇതിന് കടം കൊടുത്തവരെ കുററപ്പെടുത്തുവാനില്ല. കടം കൊടുക്കുന്ന സമയം തന്റെ പണം വേഗത്തിൽ മടക്കി കിട്ടുമെന്നായിരിക്കുമല്ലൊ ഏവന്റെയും പൂർണ്ണവിശ്വാസം. അപ്പോൾ തനിക്കു നഷ്ടപ്പെടേണ്ടി വരുമോ എന്നും മററും ആലോചിക്കുന്ന കാര്യം അത്രതീർച്ചയില്ല. ഈ ഒരു സംഗതി വിചാരിച്ചെങ്കിലും മുരട്ടു കള്ളൻ പണം ഉടമസ്ഥനു മടക്കി കൊടുത്തു കളയാമെന്ന് വിചാരിക്കുമോ? ഒരിക്കലുമില്ല. ലജ്ജാഹീനന്മാരും എത്രതന്നെ കടം വാങ്ങിയാലും തൃപ്തിപ്പെടാത്തവരും ആയ ഈ ജാതിക്കാരുടെ സമ്പ്രദായം മുഴുവനും കണ്ടു മനസ്സിലാക്കീട്ടില്ലാത്ത ഒരാൾക്ക് ഇവർ പണം കൈവശപ്പെടുത്തുവാൻ എന്തെല്ലാം ഉപായങ്ങൾ പരീക്ഷിച്ചുനോക്കുമെന്നും എത്രപേർക്ക് കടപ്പെട്ടിരിക്കുമെന്നും അറിവാൻ സാധിക്കുന്നതല്ല. തങ്ങളുടെ പരിചയക്കാരോടെല്ലാം കടം വാങ്ങുന്നവരും യാതൊരാൾക്കും സംഖ്യ മടക്കികൊടുക്കാത്തവരും, ആയ പലരേയും നമ്മൾക്കു കാണുവാൻ കഴിയുന്നതാണ്. ജനങ്ങളെ ആസകലം ഇപ്രകാരം ചെണ്ടകൊട്ടിക്കുന്നതിന്ന് അവർക്ക് എളുപ്പമായ ഒരു വഴിയുണ്ട. അതെന്തെന്നാൽ ഏതെങ്കിലും ഒരാളായിട്ട പരിചയമായാൽ ഉടനെതന്നെ അയാളോട സ്വല്പമായ വല്ല സംഖ്യയും വായ്പ ചോദിക്കുകതന്നെയാണ്. പരിചയം പുതുതായിരിക്കുമ്പോൾ തന്നെ ഇങ്ങിനെ യാചിക്കുന്നതുകൊണ്ട രണ്ടു ഗുണങ്ങളുണ്ട്. (1) തന്റെ ചരിത്രം അറിവില്ലാത്ത ആളുടെ മുമ്പിൽ സാധുത്വം അഭിനയിക്കുവാനും, തന്നിമിത്തം അയാളെ അനുകൂലിപ്പിക്കുവാനും യാചകന് എളുപ്പത്തിൽ സാധിക്കുന്നതാണ്. (2) അപേക്ഷ കുറെദിവസം കഴിഞ്ഞു ചെയ്യുന്നതാണെങ്കിൽ വല്ല സ്നേഹിതന്മാരും

പരമാൎത്ഥം മനസ്സിലാക്കി ഉപകാരതല്പരനായ അയാളെ മുഷിക്കുവാനും ഇടവന്നേക്കാം. ആദ്യത്തിങ്കൽ ഈ വൈഷമ്യത്തിന്ന് വഴിയില്ലല്ലോ. പതിവായി ഇങ്ങിനെ കടം വാങ്ങുന്നവരിൽ സംഖ്യ മടക്കി കൊടുക്കുന്നവർ ഒരിക്കലും ഉണ്ടാകുന്നതല്ല. എന്നുമാത്രമല്ല ഇവരിൽ ചിലർ കടക്കാരനെ കാണുമ്പോൾ ഒളിച്ചുമാറുന്നവരുംകൂടി ആയിരിക്കും. പട്ടിണികൊണ്ട ചാവാതെയും ജയിലിൽ പോകാതെയും വളരെക്കാലം കഴിച്ചുകൂട്ടുവാൻ ഈ കൂട്ടരിൽ അധികം പേൎക്ക് സാധിക്കുന്നുണ്ടല്ലോ! ഇതു അത്ഭുതം തന്നെ!

അതിലാഭം കിട്ടുവാൻ മാൎഗ്ഗമുള്ള വ്യാപാര വിഷയത്തിൽ ദ്രവ്യം കടം കിട്ടേണമെന്ന പരസ്യപ്പെടുത്തുമ്പോൾ തന്നെ കാൎയ്യസ്വഭാവമില്ലാത്ത എത്ര ഗൃഹസ്ഥന്മാർ പണം കൊടുത്തുപോകുന്നു! ഈ വ്യാപാരത്തിൽ ലാഭം കിട്ടുംപോലെതന്നെ നഷ്ടവും വന്നേക്കാമെന്നുള്ള കഥ ആരും ഓൎക്കുന്നില്ല. ഒരുവന്ന വ്യാപാരത്തിന്നാവശ്യമുള്ള ദ്രവ്യം കയ്യിലില്ലെങ്കിൽ അന്യന്റെ പണം കടം വാങ്ങിക്കുന്നതിലും നല്ലത അവനെ സഹായിപ്പാൻ ത്രാണിയുള്ള മറ്റൊരുവനെ കൂട്ടാളിയായി ചേൎക്കുന്നതാകുന്നു. എന്തെന്നാൽ ഇങ്ങിനെ മറ്റൊരാളെ കൂട്ടായി ചേൎക്കുന്നതുകൊണ്ട് വ്യാപാരത്തിൽ നോട്ടവും ജാഗ്രതയും അധികം ഉണ്ടാവാൻ ഇടയുണ്ട. എന്നുമാത്രമല്ല അന്യന്റെ പണം കടംവാങ്ങി ഉപയോഗിക്കുമ്പോൾ സ്വന്തം പണം ചിലവുചെയ്യുമ്പോളുണ്ടാവുന്നപോലെയുള്ള ശുഷ്കാന്തി സാധാരണയായി ആൎക്കും കണ്ടുവരാറുമില്ലല്ലോ.

(കടം) "വാങ്ങിടുകിലൊ
ദ്രവ്യം പാകംനോക്കിച്ചിലവിടലതിൽമൂൎച്ചകളയും"

എന്ന ആംഗ്ലേയകവിശിരോമണിയായ ഷേക്സ്പിയരുടെ വാക്കിന്റെ താല്പൎയ്യവും ഇതുതന്നെയാണ്.

കടംവന്ന അതികഠിനമായ ബുദ്ധിമുട്ടിൽ അകപ്പെട്ടിരിക്കുമ്പോൾ തല്ക്കാലനിവൃത്തിക്കുവേണ്ടി വായ്പവാങ്ങിക്കുന്ന സമ്പ്രദായവും വളരെ ചീത്തയായിട്ടുള്ളതുതന്നെ. ഈ ഘട്ടങ്ങളിൽ പണം കിട്ടുന്നതിന്ന് അന്യായപലിശ കൊടുക്കേണ്ടിവരുന്നു. ആലോചനക്കുറവുള്ള ഒരാൾ കടത്തിലകപ്പെട്ടാൽ അയാളുടെ യഥാൎത്ഥസ്ഥി

തിയറിഞ്ഞ കഴിയുന്ന വേഗത്തിൽ മോചനത്തിന്നുള്ള മാൎഗ്ഗങ്ങളെ
ആലോചിക്കാതെ പിന്നെയും തൽക്കാല നിവൃത്തി മാത്രം കരുതി
കടം വാങ്ങികയാണചെയ്യുന്നത. അവർ ഇപ്രകാരം പിന്നെയും
പിന്നെയും കടംവാങ്ങി ഒടുവിൽ തീരെ നശിച്ചുപോകുവാൻ ഇട
വരുന്നു. വ്യാമോഹിത ചിത്തനായ ഇയ്യാളുടെ സ്ഥിതി മോർഫിയാ
(Morphia) എന്ന ഔഷധത്തിന് അടിമപ്പെട്ടുപോയ ഒരു രോഗി
യുടെ അവസ്ഥപോലെയാണ. വായുക്ഷോഭം ചുമ തുടങ്ങിയുള്ള
രോഗം കൊണ്ട് പ്രാണവേദന അനുഭവിക്കുന്ന സമയം ഈ ഔഷ
ധം ദേഹത്തിൽ പ്രവേശിപ്പിച്ചാൽ തൽക്കാലം ഒരാശ്വാസം കിട്ടു
ന്നതുകൊണ്ട് ആയതിന കൊതിച്ച ദീനക്കാർ ഈ മരുന്നിനൊ
ടെ വൈഷമ്യം ആലോചിക്കാതെ കൂടക്കൂടെ ഉപയോഗിക്കുന്നു. ഒടുവി
ൽ അവർ ഈ ഔഷധത്തിൽ ചേൎന്നിട്ടുള്ള കറുപ്പിന്റെ ദോഷശ
ക്തിക്കധീനപ്പെട്ട ദേഹനാശംതന്നെ വരുത്തിക്കൂട്ടുകയും ചെയ്യുന്നു.
കടം വാങ്ങുന്നവരുടെ വ്യാമോഹാവസ്ഥയും അവസാനവും ഇങ്ങി
നെതന്നെയാണ്.

ഈ സ്ഥിതിയിലുള്ളവർ വായ്പവാങ്ങുവാനായി ഹുണ്ടികക്കാ
രുടെ അടുക്കൽ ചെല്ലുമ്പോൾ അനുഭവിക്കുന്ന നഷ്ടത്തെപ്പററി നാ
മുക്ക ഊഹിക്കാവുന്നതാണ. ഹുണ്ടികക്കാർ തങ്ങൾക്ക നഷ്ടം വ
രാതിരിപ്പാനുള്ള സകല വഴികളും നോക്കാതിരിക്കയില്ല. ഹുണ്ടി
കക്കാരുടെ കാൎയ്യം കട്ടിയാകുന്നതോടുകൂടി മററുള്ളവരുടെ കാൎയ്യം
ഓട്ടയാവുന്നതും തീൎച്ചയാണ. ഇങ്ങിനെ കടത്തിൽ കിടന്നു മുങ്ങുന്ന
ഒരുവൻ അടുത്ത സ്നേഹിതനോട കൂടക്കൂടെ കടംവാങ്ങിച്ച അവ
നേയും തന്റെ സ്ഥിതിയിൽതന്നെയാക്കുവാൻ ഉത്സാഹിക്കുന്നത്
ഏററവും ജുഗുപ്സാവഹമായ പ്രവൃത്തിതന്നെയാണ. ഈ സംഗതി
യെപ്പററി ഏതെല്ലാംവിധത്തിൽ ഗുണദോഷനിരൂപണം ചെയ്തു
നോക്കുന്നതായാലും നിവൃത്തിയില്ലാത്ത ഘട്ടത്തിൽ അനിയതമാ
യ കാൎയ്യസാദ്ധ്യത്തിന്നായി വ്യാപാരികൾ തമ്മിൽ ഉടനെ മടക്കി
കൊടുക്കുവാനുള്ള മാൎഗ്ഗം കണ്ട കടംവാങ്ങിക്കുന്നതൊഴികെ ശേഷ
മുള്ള സമ്പ്രദായങ്ങളെല്ലാം ആപത്തിൽ പൎയ്യവസാനിപ്പാനേ വ
ഴിയുള്ളു.

കടംകൊടുക്കുമ്പോൾ പ്രായേണ ജനങ്ങളുടെ വിചാരം എന്തായിരിക്കാമെന്നുംകൂടി ഇനി അല്പം ആലോചിക്കുക. കയ്യിൽ ദ്രവ്യം വെച്ചുകൊണ്ട് ഇല്ലെന്നുപറയുന്നത് എങ്ങിനെ? ഇതു് നീതിക്കേടാണെന്നില്ലെ വിചാരിക്കേണ്ടതു? സാമാന്യം മൎയ്യാദക്കാരുടെ അഭിപ്രായം ഇങ്ങിനേയായിരിക്കും. പിന്നെ സാധാരണയായി പണം വായ്പചോദിക്കുന്നതും "ഇല്ല" എന്നുപറവാൻ പ്രകൃത്യാ മടിയില്ലാത്തവരോടായിരിക്കയില്ലെല്ലൊ. കൈവശം ധാരാളം പണമുണ്ടായിരിക്കെ "എന്റെ കയ്യിൽ ഇരിപ്പില്ല" "ഞാൻ കൊടുക്കയില്ല" എന്നും മറ്റും നേരിട്ടു പറവാൻ യാതൊരു കൂസലുമില്ലാത്തവരോട് ആരെങ്കിലും കടംചോദിപ്പാൻ വിചാരിക്കുമോ? അവരുടെ മനസ്സിന്റെ കാഠിന്യം എത്രത്തോളമുണ്ടെന്ന് കണ്ടും കേട്ടും എല്ലാവക്കും അനുഭവസിദ്ധമായിരിക്കയില്ലെ? പരിചയക്കാരിൽ ആരെങ്കിലും കുറെ പണം തല്ക്കാലം കടം കിട്ടിയാൽ കൊള്ളാമെന്ന് ആശ്രയിച്ചുപറയുമ്പോൾ അതിനെ കൈക്കൊള്ളാതെ തള്ളിക്കളയത്തക്കവണ്ണം മനസ്സിന്നു ദാൎഢ്യം ലോകത്തിൽ അധികം ജനങ്ങൾക്കു ഉണ്ടായിട്ടില്ല. എങ്കിലും അന്യന്നു കടംകൊടുപ്പാൻ ഇതു ഒരു കാരണമായിത്തീരുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. അന്യനോടു ന്യായരഹിതമായ ഒരു അപേക്ഷ ഒരുവന്നു ചെയ്യാമെന്നുണ്ടെങ്കിൽ അതു താൻ സ്വീകരിക്കില്ലെന്നുപറവാൻ മറേറവന്നു മടി വിചാരിച്ചിട്ടുള്ള ആവശ്യം എന്തു്? കടക്കാരനു വല്ലവിധത്തിലും ദ്രവ്യനാശം വരുന്നതാണെങ്കിൽ അതു കടംകൊടുത്തിട്ടുള്ളവനേക്കൂടി ബാധിക്കുന്നതാകകൊണ്ടു കടംകൊടുക്കുന്നതിന്നുമുമ്പായി കടക്കാരന്റെ സ്ഥിതിയെ അന്വേഷിച്ചറിഞ്ഞ് ഇടപാടുചെയ്യുന്നതിലുള്ള ഗുണദോഷത്തെ നല്ലവണ്ണം പൎയ്യാലോചിച്ചു തീൎച്ചപ്പെടുത്തേണ്ടു ഭാരം കടംകൊടുക്കുന്നവന്നല്ലെ? പണം നിരൎത്ഥകമായ കാൎയ്യാദികളിൽ ധൂൎത്തായി വ്യയംചെയ്യാനല്ലെന്നും കടക്കാരന്ന് അവശ്യം വേണ്ടിവന്നിട്ടുള്ളതും നിശ്ചയമായും സഹായമായിത്തീരുന്നതും ആണെന്നും പൂൎണ്ണമായി ബോദ്ധ്യപ്പെടാതെ ഒരുവൻ ആൎക്കെങ്കിലും കടംകൊടുക്കുന്നതായാൽ തന്റെ പ്രവൃത്തികൊണ്ടു സ്വന്തം പണം നഷ്ടമാകുന്നതുകൂടാതെ തന്റെ സ്നേഹിതനായ കടക്കാരന്

അത് ഒരുവിധത്തിൽ ദോഷംചെയ്യുന്നതും, അവർ തമ്മിലുള്ള സ്നേഹബന്ധത്തിന്ന നിസ്സംശയം ഭംഗംവരുത്തുന്നതുംകൂടി ആകുന്നു.

സ്നേഹത്തിന്ന കടംകൊടുക്കുമ്പോൾ വാഗ്ദത്തപത്രം എഴുതിവാങ്ങുന്നതും ആ സംഖ്യക്കു പലിശ വാങ്ങുന്നതും ശരിയാണോ എന്ന ഇനി ആലോചിക്കാം. കൊടുക്കുന്ന സംഖ്യക്കു ലക്ഷ്യം വാങ്ങിക്കേണമെന്നസ്വപ്നേപി വിചാരിക്കാത്തതായവരുള്ളവർക്ക് മാത്രമേ സ്നേഹംപ്രമാണിച്ച് ധനസഹായംചെയ്യാവൂ എന്നാണ ഞങ്ങൾക്കു തോന്നുന്നത. മതിയായ ഉറപ്പ്കൊടുത്ത കടംവാങ്ങിക്കുന്നത "കൊടുത്തുവാങ്ങൽ" തൊഴിലായിട്ടുള്ളവർ തമ്മിൽ ചെയ്യേണ്ടതാണ. സ്നേഹിതന്മാർ തമ്മിൽ ഇപ്രകാരംചെയ്യുന്നത തീരേ അസംബന്ധമായിരിക്കും. "കൊടുത്തുവാങ്ങൽ" തൊഴിലല്ലെങ്കിൽ സ്നേഹിതന്റെ ആവശ്യത്തിന്നായി സ്വന്തം നിലവിട്ട ഹുണ്ടികക്കാരനാകുന്നത എന്തിന? ഇതിന വിരോധമില്ലെന്നുവിചാരിക്കുന്നതായാൽ ഈ സംഗതിയിൽ "സ്നേഹിതന്മാർ" എന്നുള്ള ശബ്ദത്തിന്ന് എന്തവകാശമാണുള്ളത? സാധാരണയായി ഉറപ്പുവാങ്ങി പലിശക്കു പണം കൊടുക്കുന്നവരുടെ നേരെ നന്ദിയോ സ്നേഹമോ ഉണ്ടായിരിക്കയില്ല. ചുരുക്കിപ്പറയുന്നതായാൽ കൊടുത്തത തിരിയേ കിട്ടിയില്ലെങ്കിലും വിരോധമില്ലെന്നുവരുന്ന ഘട്ടങ്ങളിലേ സ്നേഹിതന്മാർ കടംകൊടുത്തുകൂടു എന്നാണ ഞങ്ങളുടെ ഉപദേശം. പരസ്പരം പരിപൂർണ്ണമായ വാത്സല്യവിശ്വാസാദി ഗുണങ്ങളും, കൊടുക്കുന്നാൾക്കു സന്തോഷവും, വാങ്ങുന്നതിൽലേശമെങ്കിലും ലജ്ജാകഷായമില്ലെന്ന വാങ്ങുന്നവന്ന പൂർണ്ണബോദ്ധ്യവും ഉണ്ടാകുന്ന സംഗതികളിൽ ചെയ്യുന്നതൊഴിച്ചു മററു യാതൊരുവിധത്തിലുള്ള ഏടവാടുകൾ സ്നേഹിതന്മാർ തമ്മിൽ ചെയ്തുപോകരുതെന്നുമാത്രമാണ പ്രസ്തുതവിഷയത്തിന്റെ സാരസംക്ഷേപം.

"ഈലോകം പരലോകമെന്നിവകളിൽ ഭീതിക്കു മൂലം സദാ
മാലോകർക്കതിനിന്ദ്യമാമൊരു വിലീമാലേററമേകും കടം
കാലേററിക്കുട്ടുകൊടിയായ ധനിതൻ വക്രത്തെ നോക്കാതെയി
ത്രൈലോക്യത്തിലിരിപ്പതിന്നെവനവൻതന്നേ മഹാഭാഗ്യവാൻ."

(ചണ്ഡകൌശികം)

എസ്സ്. വി. ആർ.

# സന്യാസിധർമ്മം.

—:o:—

നമ്മുടെ കേരളനിവാസികളായ മഹാജനങ്ങൾക്ക് "ആഭാസന്മാരും സന്യാസിവേഷം കെട്ടി നടക്കുന്നവരും ആയ ചില മനുഷ്യപിശാചുകളിൽനിന്നും" നേരിട്ടുവരുന്നതായ "കഷ്ടനഷ്ടാപമാനങ്ങളെ ഉന്മൂലനം ചെയ്യുന്നതിൽ ബദ്ധകങ്കണനായി പുറപ്പെട്ടിരിക്കുന്ന, വി. ടി. ഗോപാലമേനോൻ എന്ന മഹാശയന്റെ ൧൫-ാം ലക്കം രസികരഞ്ജിനിയിൽ "ശാസ്ത്രാനുസരണമായി സന്യാസിധർമ്മത്തെ വിവരണം" ചെയ്ത ഉപന്യാസത്തെ ദൈവഗത്യാ ഞാനും വായിക്കുന്നതിനിടയായി.

ഹിന്തുക്കളായ നമ്മുടെ പൂർവ്വിക മഹാശയന്മാരാൽ വളരെ കാലം ശ്രമിച്ചു കണ്ടുപിടിക്കപ്പെട്ടതും അനേക ജന്മസഞ്ചിതമായ കർമ്മമഹാരണ്യത്തെ ഭസ്മീകരിക്കുന്നതിൽ അത്യുഗ്രാനലനമായിരിക്കുന്ന സന്യാസം എന്താണെന്നും ഏതുവിധമുള്ള സന്യാസമുള്ളവൻ ഏതുവിധമുള്ള ധർമ്മത്തോടുകൂടിയവനായിരിക്കണമെന്നും എങ്ങിനെയിരിക്കണമെന്നും ശാസ്ത്രാനുസരണം കേരളഭാഷയിൽ ഒരു വിവരണം ചെയ്യുന്നത് ഈ ഭാഷയിൽ ഈ വിധമുള്ള ഗ്രന്ഥ ദൌർല്ലഭ്യംനിമിത്തം അനേക ജനങ്ങൾക്കു ഉപകാരമാകുമെന്നുള്ളതും ഇതിലേക്കായി ശ്രമിച്ച മിസ്റ്റർ ഗോപാലമേനവൻ സർവ്വാത്മനാ ശ്ലാഘ്യോദ്യമനാകുമെന്നുള്ളതും തർക്കമററ സംഗതികളാകുന്നു.

എന്നാൽ മഹാമനസ്കനായ ഇദ്ദേഹത്തിന്റെ ഈ ഉപന്യാസം ഉദ്ദിഷ്ടധർമ്മത്തെ പൂർണ്ണമായി വെളിപ്പെടുത്തുന്നതിൽ കുറഞ്ഞൊന്നു വൈമുഖ്യത്തെ കാണിച്ചിട്ടുണ്ടെന്നുതന്നെയല്ല ചിലഘട്ടങ്ങളിൽ വിപരീത സരണിയെ അനുധാവനം ചെയ്തിട്ടില്ലയോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

ഒന്നാമതായി ഇദ്ദേഹം "ശാസ്ത്രാനുസരണം" വെളിപ്പെടുത്തുന്നത് "സന്യാസിവേഷമാത്രത്തെ കെട്ടിക്കാട്ടിയതുകൊണ്ടു യഥാർത്ഥസന്യാസിയാകുമോ" എന്നതുടങ്ങിയുള്ള അഞ്ചാറുചോദ്യങ്ങ

ളും "ഇപ്രകാരങ്ങളായ ഗുണങ്ങൾ തികഞ്ഞിട്ടുള്ള യാതൊരുവനും യഥാർത്ഥസന്ന്യാസിയാകയില്ല" എന്ന് ആ വക ചോദ്യങ്ങൾക്ക് ഒരുത്തരവും, "സന്ന്യാസിവേഷം കെട്ടുന്നത് എളുപ്പവും ധർമ്മത്തെ അനുഷ്ഠിക്കുന്നതും ഫലത്തെ പ്രാപിക്കുന്നതും പ്രയാസവും ആകുന്നു" എന്നൊരു നിശ്ചയവും ആകുന്നു. ഈ ചോദ്യോത്തരനിശ്ചയങ്ങളുടെ ആശയം മുൻപറഞ്ഞ ലക്ഷണങ്ങൾ മാത്രമുള്ളവൻ സന്ന്യാസിയാകയില്ലെന്നാണെങ്കിൽ അതു യഥാർത്ഥവും, ആ വക ലക്ഷണം യഥാർത്ഥസന്ന്യാസിയിൽ പ്രകാശത്തിൽ അന്ധകാരം എന്നപോലെ ഒരിക്കലും ഇരിക്കുന്നതല്ലെന്നാണെങ്കിൽ അതു അയഥാർത്ഥവും ആണെന്നാണ എനിക്കു തോന്നുന്നത്.

ജനകമഹാരാജാവ് ഏററവും മനസ്സിരുത്തി പ്രവർത്തിക്കേണ്ടതായ അനേകം ഗൌരവമുള്ള ഐഹികകർമ്മങ്ങൾക്ക് ഒരു നിധിയായും, അതേസമയത്തിൽ തന്നെ അദ്ദേഹം ഒരു നിഷ്കാമകർമ്മിയായ യഥാർത്ഥ സന്ന്യാസിയായും ഇരുന്നിരുന്നു എന്ന പുരാണമൂലം അറിയാവുന്നതാണ. നാരദപ്രഭൃതികളായ അനേക മഹർഷിമാരിൽ മാത്സര്യാദികളായ അനേക ദോഷങ്ങൾ കൂടിയിരുന്നില്ലയോ എന്നുകൂടി ആശങ്കിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു മേനവൻ പറയുന്ന പിശാചുക്കളിൽ ചിലരെങ്കിലും താദൃശയായ പദവിയേയോ മററാ ആശ്രയിച്ചവരല്ലെന്നു തീർച്ചപ്പെടുത്തുവാൻ അല്പബുദ്ധിയായ എനിക്കു ധൈര്യംവരുന്നില്ല. "പുംഖാനുപുംഖവിഷയേക്ഷണതല്പരോപി ബ്രഹ്മാവലോകനനിഗ്രന്ധമനാഹിയോഗീ"ഇത്യാദി പ്രമാണങ്ങൾ ഈദൃശന്മാരെ വേണ്ടിടത്തോളം സഹായിക്കുന്നുമുണ്ട്. അതുകൊണ്ടു മേനവൻെറ വിശേഷണപദങ്ങൾ സാഹസശീലങ്ങളല്ലയോ എന്നുകൂടി സംശയിക്കുന്നു.

രണ്ടാമതായി മേനവൻ സന്ന്യാസാർഹന്മാരുടെ ലക്ഷണപ്രഖ്യാനത്തിന്ന ഒരുങ്ങുന്നു. സാധനചതുഷ്ടയസമ്പത്തിഅഭ്യാസിയായ ഒരുവൻെറ ലക്ഷണമെന്നല്ലാതെ ആരൂഢനായ ഒരുവങ്കലും അതു കണ്ടേ മതിയാവു എന്നുശഠിക്കുന്നത് അബദ്ധമാണെന്നുകൂടി വന്നേക്കാം.

മൂന്നാമതായി അദ്ദേഹം സന്ന്യാസിയുടെ ലക്ഷണത്തെ വിവരിക്കുന്നു. "സന്ന്യസിക്കയെന്നാൽ സർവ്വകർമ്മങ്ങളേയും പരിത്യജി

ക്കം എന്നത്ഥമായിരിക്കകൊണ്ട സന്ന്യസിച്ചവൻ സർവ്വകർമ്മങ്ങളേയും പരിത്യജിക്കേണ്ട”മെന്നുപറയുന്നു. ഇതിന്ന ലക്ഷ്യമായി ശങ്കരാചാൎയ്യസ്വാമികളുടെ ഗീതാഭാഷ്യത്തിന്റെ മുഖവുരയിൽനിന്നും ഒരു വാക്യത്തെ എടുത്തു ഭാഷപ്പെടുത്തിക്കാണിക്കുകയുംചെയ്യുന്നു. അനാത്മവിഷയാകാരലേശസംബന്ധമില്ലാതെ മനസ്സ് ബ്രഹ്മാകാരപരിണാമോന്മുഖമായിരിക്കേണമെന്നല്ലാതെ കർമ്മം ചെയ്യുന്നതിനെ ആ വാക്യാത്ഥം നിഷേധിക്കുന്നുണ്ടെന്നുതോന്നുന്നില്ല. എന്തെന്നാൽ ഗീതയെ വ്യാഖ്യാനിച്ച് അതിൽ പ്രതിപാദിതങ്ങളായ വിഷയങ്ങളിൽനിന്നും മനുഷ്യദൃഷ്ടികളെ ദവീയസിയായ പദവിയിലേക്കു നയിപ്പിക്കണമെന്ന് ആചാൎയ്യസ്വാമിക്കു നിർബ്ബന്ധമുണ്ടായിരുന്നുഎന്ന നമുക്ക് ഊഹിക്കാൻ ഒരു മാൎഗ്ഗവും കാണുന്നില്ല. ഗീതതന്നെ അൎജ്ജുനന്ന കർമ്മത്തിൽ വൈമുഖ്യം വന്നപ്പോഴാം അതു ചെയ്യേണ്ടതാണ് എന്നു അദ്ദേഹത്തോടു ഭഗവാൻകൃഷ്ണൻ ഉപദേശിക്കുന്നതാകുന്നു. ഈ ഗീതയിൽ ഏഴാം അദ്ധ്യായം സന്ന്യാസിയായുള്ള ഒരുവൻ സദാകാൎയ്യം ചെയ്യേണമെന്നും തദ്വിപരീതന്മാർ മൂഢന്മാരെന്നും ഉപദേശിക്കുന്നു. ഈ അവതാരപുരുഷൻതന്നെ മേൽപറഞ്ഞ ഉദ്ദേശത്തെ അനുകരിച്ച ജനങ്ങളിൽ കൃത്യബോധം ഉണ്ടാക്കിക്കൊടുത്തുമാണിരുന്നിരുന്നത്.

മേനവൻ പറയുന്നപോലേയുള്ള സന്ന്യാസിയുടെ മററു ലക്ഷണങ്ങളിൽ അധികവും അഭ്യാസികൾക്കല്ലാതെ ആത്മജ്ഞന്മാൎക്ക് ഒരിക്കലും അപേക്ഷിതങ്ങളായേ തീരൂ എന്നുള്ളവയല്ലാത്തതുകൊണ്ട് ഉപന്യാസത്തിന് “അഭ്യാസിധർമ്മം” എന്നുപേരിട്ടിരുന്നു എങ്കിൽ പ്രസ്തുതവിഷയം ഇതിനേക്കാൾ അധികം യോജിച്ചിരിക്കുമെന്നുതോന്നുന്നു. സന്ന്യാസി കാട്ടിലേ ഇരിക്കാവൂ, ഭിക്ഷാന്നമേ ഭക്ഷിക്കാവൂ, എന്നും മററുമുള്ള അഭിപ്രായങ്ങളെ “ജ്ഞാനവാസിഷ്ഠം മുഴുവനും അതിൽ വിശേഷിച്ച” ശിഖിധ്വജോപാഖ്യാനവും നിർമ്മൂലനംചെയ്യുന്നതിൽ ഉന്മേഷത്തോടുകൂടി ഇരിക്കുന്നു.

ഋണത്രയങ്ങളെ തീക്കുന്നതിന്ന പുത്രസമ്പത്ത വേണമെന്നും അതില്ലെങ്കിൽ നരകപ്രാപ്തിഉണ്ടെന്നുമുള്ള അഭിപ്രായത്തെ പ്രസിദ്ധന്മാരും യഥാത്ഥ സന്ന്യാസികളുമായ നവയോഗികൾ, സ

സനകാദികൾ, നരനാരായണന്മാർ, ശുകൻ, ജാമദഗ്ന്യൻ, ശങ്കരാചാര്യർ, മുതലായ ഗുരുക്കന്മാർ തങ്ങളുടെ സന്ന്യാസകാലംകൊണ്ട് എത്രമാത്രം പരിനിഷ്ഠിതന്മാരാകുന്നതെന്നുള്ളതു മേനാവന്റെ സ്മരണയിൽ വരാത്തതെന്തുകൊണ്ടെന്നറിയുന്നില്ല. ഇവരിൽ നവീനനായ ശങ്കരാചാര്യസ്വാമികൾ ആരണ്യത്തിൽ അധിവസിക്കാതെ അത്യുത്സാഹത്തോടും പരോപകാര തല്പരതയോടും കൂടി മഠസ്ഥാപനം, മതസ്ഥാപനം മുതലായ അനേക കർമ്മങ്ങൾ ചെയ്തുവന്നിരുന്നാലവരം അദ്ദേഹം ആശ്രമഭ്രഷ്ടനായിട്ടുള്ളതെന്നു തോന്നുന്നില്ല. അതുകൊണ്ടു വിധിനിഷേധാനുബദ്ധനല്ലാത്ത ജീവന്മുക്തനേ സന്ന്യാസിയാണെന്നും അദ്ദേഹം ലോകത്തിൽ ഏതുമാതിരി കാലയാപനം ചെയ്യുന്നു എന്നോ ഏതുമാതിരി ചെയ്യേണമെന്നോ നിയമനം ചെയ്വാൻ പാടില്ലാത്തതെന്നും അങ്ങിനെ ചെയ്യുന്നതായാൽ അതു പാപമാണെന്നും പറയാതെ കഴിയുന്നതല്ലോ.

ഞാനിങ്ങിനെ പറയുന്നതുകൊണ്ടു സന്ന്യാസിധർമ്മത്തെ ഉല്ലംഘനം ചെയ്യുന്ന യതിവേഷധാരികൾ ഇല്ലെന്നു തെററിദ്ധരിച്ചുപോകരുത. അങ്ങിനെയുള്ളവർ ഇന്നിന്ന ആളുകളാണെന്നു ചൂണ്ടിക്കാണിക്കാൻ നാം ഒരുങ്ങുന്നതു പക്ഷെ അബദ്ധമായിരിക്കയില്ലയോ എന്നു സംശയിക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

മേനാവൻ പറയുന്നതുപോലെ ഇപ്രകാരമുള്ള വേഷക്കാരിൽ നിന്നും നാനാവിധ കഷ്ടനഷ്ടങ്ങൾ ജനങ്ങൾക്കുണ്ടായേക്കാം. പക്ഷെ സന്ന്യാസികളെന്നു പേരുപോലും ധരിക്കാതെ തങ്ങളുടെ വാഗ്ധാടിയാലോ കൌശലങ്ങളാലോ ദുരുപദേശങ്ങളാലോ സ്വക്ഷേമപഥത്തിൽ നിന്നും അസംഖ്യം പാവങ്ങളെ വ്യാമോഹിപ്പിച്ച് അന്ധകാരമയങ്ങളായ വനാന്തരങ്ങളിലേക്കു നയിപ്പിക്കുന്ന അനവധി ദുഷ്ടബുദ്ധികളായ മനുഷ്യരൂപികളും മനുഷ്യർ എന്നുള്ള നാമത്തെ ഹഠാൽ സ്വീകരിച്ചു പോരുന്നതു നമുക്കു അറിവുള്ള ഒരു സംഗതിയാണ്. അതിനെ സർവ്വസാധാരണമായും നിത്യാനുഭവമായും ഗണനം ചെയ്യുന്നതുകൊണ്ടു മാത്രമായിരിക്കാം നാം അതിനെക്കുറിച്ചു പര്യാലോചിക്കാത്തത്. മഠങ്ങളെ സ്ഥാപിച്ചു സദ്വിഷയങ്ങളെക്കുറിച്ചു ഒരു സ്ഥിരപ്രതിപത്തിയുണ്ടാക്കുവാൻ ഉദ്യു

ന്തനായിരുന്ന ആചാൎയ്യസ്വാമികളുടെ കാലം, നമ്മുടെ മേനവൻ ജീവിച്ചിരിക്കുന്നതായിരുന്നു എങ്കിൽ ഇദ്ദേഹത്തിന്റെ താരലോടു കൂടിയവാണീവിലാസം അനൎഗ്ഗളമായി പ്രവഹിക്കാതിരിക്കുയില്ലെന്നു തന്നേ പറയാം. മതങ്ങളെ സ്ഥാപിച്ചും പ്രസംഗങ്ങൾ ചെയ്തും മതത്തെ ഒന്നുകൂടി നമ്മുടെ അല്ലെങ്കിൽ കേരളീയരുടെ ഇടയിൽ സ്ഥാപിപ്പാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു കൊണ്ടു തൽപ്രവൎത്തകന്മാരായി ആളുകൾ ഒരുമ്പെടുവാൻ ഭാവമുണ്ടെങ്കിൽ അതിന്ന ഇനിഭാവിയായ ഒരു കാലമല്ല നല്ലത് എന്നുകൂടി മഹാജനങ്ങളെ അറിയിച്ചുംകൊണ്ടു വിരമിച്ചു കൊള്ളുന്നു.

ടി. നാരായണക്കുറുപ്പ്.

---

# സമ്മാനലേഖനം.

(എട്ടുറുപ്പിക സമ്മാനം)

:o:

ഉത്തമരീതിയിൽ നടത്തിവരുന്ന ഇംഗ്ലീഷുപത്രങ്ങളോടും മാസികകളോടും താരതമ്യപ്പെടുത്തി നമ്മുടെ മലയാള പത്രങ്ങളേയും മാസികകളേയുംപററി ഉപന്യസിക്കുന്നതായാൽ അവകളുടെ ഉൽക്കൎഷത്തിന്റെ മാൎഗ്ഗം കണ്ടറിഞ്ഞ കാലദേശാവസ്ഥകൊണ്ടു വളരെ വ്യത്യാസപ്പെട്ടിരിക്കുന്ന നമ്മുടെ മാസികാപത്രങ്ങളുടെ അഭിവൃദ്ധിക്കായി നാം എത്രത്തോളം പ്രയത്നിച്ചിട്ടുണ്ടെന്നും, ഈ പ്രയത്നം എത്ര ഫലിച്ചിട്ടുണ്ടെന്നും, ഇനിയും എന്തെല്ലാം ചെയ്വാൻ കഴിയുമെന്നും അറിയാറാവണമെന്നുള്ള ഉദ്ദേശ്യത്തിന്മേലാണ മേൽപറഞ്ഞ വിഷയത്തേക്കുറിച്ചുള്ള ഉത്തമോപന്യാസത്തിന്നു ഞങ്ങൾ ചുരുങ്ങിയ ഒരു സമ്മാനം കൊടുപ്പാൻ നിശ്ചയിച്ചു പരസ്യം ചെയ്തിരുന്നത്.

ഈ വിഷയത്തിൽ എട്ടുപന്യാസം ഞങ്ങൾക്കു കിട്ടീട്ടുണ്ട്. ഇവയിൽ മദിരാശിയിൽ നിന്നൊന്നും, തൃശ്ശിനാപ്പിള്ളിയിൽനിന്നരണ്ടും, വെട്ടത്തുനാട്ടിൽനിന്നൊന്നും, തൃശ്ശിവപേരൂരുനിന്നൊന്നും

കൊട്ടങ്ങല്ലൂരുനിന്നൊന്നും, എറണാകുളത്തുനിന്നൊന്നും, മുഞ്ചിറയിൽനിന്നൊന്നുമാകുന്നു വന്നുചേൎന്നിട്ടുള്ളത്.

ഉപന്യാസദാരിദ്ര്യംകൊണ്ടു കഴിഞ്ഞൊരുവൎഷം അനുഭവിച്ച ഇച്ഛാഭംഗം വിചാരിക്കുമ്പോൾ ഇത്തവണ ഞങ്ങൾക്കു അനല്പമായ സന്തോഷത്തിന്നവകാശമുണ്ട്. ഇതിന്നു ഞങ്ങൾ മേൽപറഞ്ഞ എട്ടുപന്യാസകന്മാൎക്കും കടപ്പെട്ടിരിക്കുന്നു. വിശേഷിച്ചു സമ്മാനത്തിന്നവകാശിയായ ചുണ്ടയിൽ സി. രാഘവപ്പൊതുവാളവർകളെ അഭിനന്ദിക്കയും ചെയ്യുന്നു.

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള മാസികാപത്രങ്ങളെ താരതമ്യപ്പെടുത്തി അവയുടെ ഉദയം, വൃദ്ധി, താൽക്കാലികാവസ്ഥ, ഗുണദോഷനിരൂപണം, പ്രതിബന്ധപരിഹാരം, പ്രചാരണോപായം എന്നിവയാലോചിക്കുകയാകുന്നു ഈ ഉപന്യാസത്തിൽ മുഖ്യമായിട്ടു വേണ്ടുന്നതു. അനുവദിച്ച എട്ടുഭാഗത്തിൽ വളരെ കവിയാതെയും ക്രമമൊപ്പിച്ച് ഒരുവിധം എല്ലാ വിഷയങ്ങളും പ്രതിപാദിച്ചും എഴുതപ്പെട്ടിട്ടുള്ള ലേഖനം തൃശ്ശിനാപ്പള്ളിയിൽ താമസിക്കുന്ന വിദ്യാൎത്ഥിയും മലബാർകാരനുമായ രാഘവപ്പൊതുവാളുടേതാണെന്ന് പത്രാധിപരും ഉടമസ്ഥനും പുറമെ ഒരാളും അന്യോന്യം ആലോചിക്കാതെയും ചേരുകൾ നോക്കാതെയും പരിശോധിച്ചു തീൎച്ചപ്പെടുത്തിയ അഭിപ്രായമാകുന്നു.

പ്രസിദ്ധപ്പെടുത്തുന്ന ഈ സമ്മാനലേഖനത്തിൽ ഞങ്ങൾക്കു പറവാനുള്ളത് അതാതു ഭാഗങ്ങളുടെ അവസാനത്തിൽ ചേൎത്തിട്ടുണ്ടു.

ര. ര. പ.

# മലയാളപത്രങ്ങളും

## മാസികകളും.

—— : o : ——

ഏകദേശം നൂറുകൊല്ലങ്ങൾക്കുമുമ്പ് അതായത് ബ്രിട്ടീഷുകാർ രാജ്യഭരണം ചെയ്വാൻ ആരംഭിച്ചപ്പോൾ കേരളീയരായ നമ്മുടെ സ്ഥിതി എന്തായിരുന്നു? അന്നത്തെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയുംകൂടി നോക്കുമ്പോൾ എത്രത്തോളം വ്യത്യാസ

മുണ്ടൊ? ഇത്രവലിയ ഒരു ഭേദഗതിക്ക് എന്താണ കാരണം? ഈ ചോദ്യങ്ങളെപ്പററി ഒരാൾ നല്ലവണ്ണം ആലോചിക്കുന്നതായാൽ അത്യന്തം അതിശയിക്കാതിരിക്കയില്ല. ഏതാദൃശങ്ങളായ ദൃഷ്ടാന്തങ്ങളിൽനിന്നാകുന്നു മനുഷ്യരുടെ അഭിവൃദ്ധി പരിഗണിക്കേണ്ടത്. പണ്ട് ഒരു ചുകന്ന തലയിൽക്കെട്ടുകാരനെക്കണ്ടാൽ "ഓതാ! പുതിയ നിയമക്കാരൻ" എന്നുപറഞ്ഞ എത്ര ശൂരനായാലും വല്ല മുക്കിലോ മൂലയിലോ പോയി ഒളിച്ചിരുന്നുവത്രെ. ഇപ്പോഴാകട്ടെ മൂന്നുവയസ്സായ ഒരു കുട്ടിയുംകൂടി 'കനിഷ്ടബിൾ'യൊ ത്രുക്കിടി സാഹിബിനെയൊ' കണ്ടു ഭയപ്പെട്ടു എന്നു കേൾക്കാറുണ്ടൊ? ജനങ്ങളുടെ ഇടയിൽ ഇത്രവലിയ ഒരു പ്രകൃതഭേദം ഉണ്ടായിത്തീൎന്നതിന്ന പലേ കാരണങ്ങളും ഉണ്ടെങ്കിലും അവയിൽ മുഖ്യമായ ഒന്ന നമ്മുടെ പരിഷ്കാരവൃദ്ധിയാണെന്ന നിൎവ്വിവാദമാകുന്നു. ഈവിധം ഒരു പരിഷ്കാരം നമ്മുടെ ഇടയിൽ ഉണ്ടാകുവാൻ കാരണമെന്തെന്ന് ഒന്നുകൂടി പൎയ്യാലോചനചെയ്താൽ പ്രധാനമായ കാരണം കാലവിശേഷം മാത്രമാണെന്ന ചിലർ പറയുമെങ്കിലും അദ്വിതീയമായ മറെറാരു കാരണം വൎത്തമാനക്കടലാസ്സുകളുടെ പ്രചാരമാണെന്ന് അറിയാവുന്നതാകുന്നു. ഇത്രവലിയ ഒരു വിഷയത്തിന്ന ഹേതുഭൂതമായിത്തീൎന്നിരിക്കുന്ന വൎത്തമാനപത്രത്തെപ്പററി ചില അറിവു നമുക്കുണ്ടാവേണ്ടത അത്യാവശ്യമാകയാൽ അവയുടെ ഉല്പത്തിയേയും ഇപ്പോഴത്തെ സ്ഥിതിയേയും മററും ആലോചിക്കേണ്ടത നമ്മുടെ ഒരു പ്രത്യേക ധൎമ്മമാണല്ലോ.

ഇംഗ്ലണ്ടിൽ "എലിസബത്ത്" രാജ്ഞിയുടെ കാലത്തിൽ 1588-ാമത വൎഷം മുതൽക്കു രാജ്യഭരണ നിശ്ചയങ്ങൾ മാത്രമടങ്ങിയ ഒരുവിധം ഗവൎമ്മെണ്ട ഗസററ * പുറപ്പെട്ടുകയും അതുകൊണ്ടുള്ള ഉപകാരം ഇത്രത്തോളമെന്ന ജനങ്ങൾക്കു അനുഭവസിദ്ധമാകയാൽ ചില വൎത്തമാനപത്രങ്ങളും മാസികകളും തങ്ങളുടെ ഇടയിൽ നടപ്പാക്കേണമെന്നുവെച്ചു അവർ പ്രോത്സാഹിക്ക

* ഇംഗ്ലണ്ടിൽ "ഗസററ്" എന്നൊന്നു തുടങ്ങിയതുതന്നെ, ക്രി. 1665ൽ ആണെന്ന 'ക്യാസൽ' എന്നാളുടെ ശബ്ദസാരസംഗ്രഹത്തിലും (Cassell's Concise Cyclopædia), 1622വാണ്ട 'വീക്ക്ലി ന്യൂസ (Weekly News) എന്ന പത്രം ആരംഭിച്ചതെന്ന ആംഗ്ലേയ ശബ്ദകല്പദ്രുമത്തിലും (Encyclopædia Britanica) കാണുന്നു.

കയും ചെയ്തു. ചാൎക്കസ് ത്രൻ' രാജ്ഞിസിംഹാസനാരോഹണം ചെയ്തതിൻെറ മൂന്നാം ദിവസമായ 1702. മാൎച്ച് 11-ാംനു- മുതൽ കാണ ക്രമമായി ഒരു പ്രതിവാസരപത്രം "Daily courant" പുറപ്പെട്ടുതുടങ്ങിയത്. ആദ്യകാലങ്ങളിൽ രംപത്രങ്ങളുടെയും മാസികകളുടെയും ഉദ്ദേശ്യം ഗവൎമ്മേണ്ടിനെ പരിഷ്കരിക്കേണമെന്നും ജനങ്ങൾക്കു രാജ്യഭരണവിഷയങ്ങളെപ്പററി അറിവുകൊടുക്കേണം എന്നും മാത്രമായിരുന്നു. ഗവൎമ്മേണ്ടിന്നു ഇതൊട്ടും രസിച്ചിരുന്നില്ലെന്നു മാത്രമല്ല പാൎല്ലിമെണ്ടിനെയോ ഗവൎമ്മേണ്ടിനേയോ ചാറെ ആക്ഷേപിച്ച പത്രാധിപന്മാരെ കഠിനമായി ശിക്ഷിക്കയും ചെയ്തിരുന്നു. ഇതുകൊണ്ടൊന്നും ഇവൎക്കു കുറവുണ്ടായില്ല. "മെല്ലത്തിന്നാൽ മുള്ളും തിന്നാം" എന്നവിചാരിച്ച ക്ഷമിച്ചിരുന്നു. കാലക്രമംകൊണ്ട ജനങ്ങൾ ഗവൎമ്മേണ്ടിനെപ്പററി ഗുണദോഷവിവേചനം ചെയ്വാൻ വിശേഷം ആരംഭിച്ചു. അന്നെല്ലാപ്പത്രങ്ങളും മാസികകളും ഒരുപോലെ ഗവൎമ്മേണ്ടിനെ പരിഷ്കരിച്ചുപോന്നുഎങ്കിലും ക്രമേണ മാസികകൾ ഗവൎമ്മേണ്ടുവിഷയം പ്രതിപാദിക്കുന്നതു തന്റെ മുഖ്യഭാരമെന്നു കരുതാതെ ഇംഗ്ലീഷുഭാഷയെ പരിഷ്കരിപ്പാനും പോഷിപ്പാനും അധികമായി ശ്രമിച്ചുപോന്നു. തപാൽ, കമ്പി, തീവണ്ടി മുതലായവ പുറപ്പെട്ടപ്പോൾ പത്രങ്ങൾക്കു സൌകൎയ്യം വൎദ്ധിച്ചു. 1861-ൽ കടലാസ്സിൻെറ ചുങ്കം എടുത്തുകളകയും ക്രമേണ അച്ചുകൂടങ്ങൾ വൎദ്ധിക്കുകയും തന്നിമിത്തം അച്ചടിക്കൂലി വളരെ കുറകയും ചെയ്തപ്പോൾ വൎത്തമാനപത്രങ്ങളുടെ എണ്ണം വൎദ്ധിച്ചുവന്നു. ഇപ്പോൾ ഓരോദിക്കുകളിലായി നടപ്പുള്ള ഇംഗ്ലീഷുപത്രങ്ങൾക്കും മാസികകൾക്കും അററമുണ്ടോ? ഇംഗ്ലീഷുകാർ കുടിയേറി പ്പാൎത്തദിക്കിലെല്ലാം ഇംഗ്ലീഷുപത്രങ്ങളും ധാരാളമായി നിറഞ്ഞിട്ടുണ്ട്. 1897 ഫിബ്രുവരിമാസത്തിൽ കണക്കുനോക്കിയപ്പോൾ ആകപ്പാടെ ഇംഗ്ലീഷുഭാഷയിൽ 15000 വൎത്തമാനപത്രങ്ങൾ നടപ്പുണ്ടായിരുന്നു. ഇപ്പോൾ അതിലും അധികമുണ്ടായിരിക്കമല്ലോ.

ഇംഗ്ലീഷുകാർ ഇന്ത്യയെ കീഴടക്കിയപ്പോൾ നമുക്ക് അവരോടുള്ള സംസൎഗ്ഗം വൎദ്ധിക്കുകയും ആത്മൂലം അവരുടെ പലേ പരി

ഷാരങ്ങളും നമ്മെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ ഇടയിൽ നടപ്പായിരുന്ന പല സമ്പ്രദായങ്ങളും നമ്മുടെ ഇടയിൽ നടപ്പാക്കുവാൻ പലൎക്കും ആഗ്രഹമുണ്ടായിരുന്നു. അവർ കാണിച്ചപോലെ കാണിപ്പാനും അവർ നടന്നപോലെ നടപ്പാനും പലരും ശ്രമിച്ചുവന്നു. എന്തിനു വളരെപ്പറയുന്നു? ഒരു ഇംഗ്ലീഷുപത്രങ്ങളും മാസികകളും കണ്ടിട്ട് വേണ്ടില്ലെന്നു തോന്നുകയാൽ ക്രമേണ സ്വദേശാഭിമാനികളായ പലരും ഇന്ത്യയിൽ തങ്ങളുടെ ഭാഷയിലും വൎത്തമാനപത്രങ്ങൾ നടത്തുവാൻ തുടങ്ങി. പക്ഷേ മലയാളത്തിൽ ഒരു സമ്പ്രദായം കടന്നുപിടിച്ചിട്ട് ഇപ്പോൾ 30. കൊല്ലത്തിൽ അധികമായിട്ടില്ല. മലയാളത്തിൽ വൎത്തമാനക്കടലാസ്സുകൾ ഉണ്ടെന്ന് ജനങ്ങൾക്ക് മനസ്സിലാക്കിയത് തന്നെ 'കേരളപത്രിക'* യാണെന്നുകൂടിപ്പറയാവുന്നതാകുന്നു. അപരിഷ്കൃതന്മാരായ കാരണവന്മാർ ഇപ്പോഴും എല്ലാ വൎത്തമാനക്കടലാസ്സുകളേയും കേരളപത്രിക എന്നുവിളിച്ചുവരുന്നുണ്ടല്ലോ. എതായാലും ഒരു 30. കൊല്ലങ്ങൾക്കിടയിൽ അനവധി പത്രങ്ങളും മാസികകളും പുറപ്പെടുകയും അനവധി അല്പായുസ്സായി അവസാനിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ മലയാളഭാഷയിൽ മാസികകളും പത്രങ്ങളുമായി അയ്മ്പതിൽ അധികം‡ ഉണ്ടെന്നു തോന്നുന്നില്ല.

മലയാളപത്രങ്ങളിൽമിക്കതിലും മുഖ്യമായി ഗവൎമ്മേണ്ടിനെപ്പറ്റിയും സ്വദേശവൎത്തമാനങ്ങളെപ്പറ്റിയും ഒപ്പം ചില പരദേശവൎത്തമാനങ്ങളെപ്പറ്റിയുമാണ പ്രതിപാദിക്കാറുള്ളത. മാസികകളിലാകട്ടെ ഗവൎമ്മേണ്ടിനെപ്പറ്റി ശബ്ദിക്കാറേ ഇല്ല. അവയുടെ പ്രവൃത്തിഭാഷയെ പോഷിപ്പിക്കുകയും ജനങ്ങളെ പരിഷ്കരിക്കുകയുമാണ. എല്ലാംകൊണ്ടും ഇംഗ്ലീഷുകടലാസ്സുകളെ മാതൃകകളാക്കിത്തന്നെയാണ മലയാളക്കടലാസ്സുകൾ പുറപ്പെടുന്നതെന്ന അവ വായിച്ചാൽ നല്ലവണ്ണം വെളിവാകുന്നുണ്ട്.

* "സത്യനാദകാഹളം"ത്തിന്റെ തുടൎച്ചയായ "സത്യനാദ"ത്തിന 27-ഉം "കേരളമിത്ര"ത്തിന 23-ഉം "കേരളപത്രികക്ക 20 മാത്രവും കൊല്ലങ്ങൾ പഴക്കമുള്ളതായി കാണുന്നു.

‡ 16 വൎത്തമാനപത്രങ്ങളും 14 മാസികകളും കൂടി ആകെ 30 മാത്രമെ ഉള്ളു.

ഈവിധം നമ്മുടെ പത്രങ്ങളുടേയും മാസികകളുടേയും† ഉല്പത്തിയും അവക്ക് കാലാനുസരണമായി സംഭവിച്ച അഭിവൃദ്ധിയും പറഞ്ഞുകഴിഞ്ഞതിൻെറശേഷം ഇനി നാം വായിച്ചുവരുന്നതും ഇപ്പോഠം നടപ്പുള്ളതുമായ ഇംഗ്ലീഷുമലയാളപത്രങ്ങളുടെ സ്ഥിതിയെപ്പററി ആലോചിക്കുന്നത് അനാവശ്യമായിരിക്കയില്ലല്ലൊ. വാസ്തവത്തിൽ മുന്നൂറു കൊല്ലങ്ങഠക്ക് മുമ്പുണ്ടായി വളരെ അഭിവൃദ്ധിയോടുകൂടി വരുന്ന ഇംഗ്ലീഷുപത്രങ്ങളെ ഒരു മുപ്പതു കൊല്ലമായുണ്ടായ മലയാളപത്രങ്ങളോട താരതമ്യപ്പെടുത്തുന്നത് തീരെ അനുചിതവും അസാദ്ധ്യവുമാണെന്നും പലരും അഭിപ്രായപ്പെടാതിരിക്കയില്ല. സെൻചുറി, മദ്രാശിമെയിൽ, മുതലായ ഇംഗ്ലീഷു പത്രങ്ങളുടേയും മാസികകളുടേയും സ്ഥിതി എവിടെക്കിടക്കുന്നു? മനോരമ, കേരളമിത്രം, ശോഭിനി മുതലായ മലയാളപത്രങ്ങളുടെ സ്ഥിതി എവിടെക്കിടക്കുന്നു? അവാസ്തവികങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കാതിരിപ്പാൻ ഇംഗ്ലീഷുപത്രങ്ങഠ പ്രത്യേകമായി ശ്രദ്ധവെച്ചുവരുന്നുണ്ട്. പ്രകൃതിശാസ്ത്രം, സ്വജനപരിഷ്കാരം, മതവിശ്വാസം, ഗവമ്മേണ്ടുവിഷയം മുതലായവയെ പ്രതിപാദിപ്പാൻ ഇംഗ്ലീഷിൽ വെവ്വേറെ പത്രങ്ങളും മാസികകളും ഉള്ളതുകൊണ്ട അതാതിൻെറ പ്രവൃത്തി അതാതുപത്രം ശരിയായി ചെയ്യുകയും തന്നിമിത്തം സവ്വവിഷയത്തിലും ഒരുപോലെ അഭിവൃദ്ധി ഉണ്ടാവുകയും ചെയ്യുന്നു. വളരെ യോഗ്യന്മാരായിട്ടുള്ളവരെയാണ് ഇംഗ്ലീഷുപത്രങ്ങളിൽ ലേഖകന്മാരായി നിശ്ചയിക്കാറുള്ളത്. അതുകൊണ്ട് ഒരു ഉന്നതപദവി ഇംഗ്ലീഷുപത്രങ്ങഠക്ക് സിദ്ധിച്ചിട്ടുണ്ടെന്നതിന്ന് സംശയമില്ല.

എന്നാൽ ഒരാഠ സൂക്ഷ്മദൃഷ്ട്യാ നോക്കുമ്പോഠ പലേ ഇംഗ്ലീഷുപത്രങ്ങളിലും ഓരോ ദൂഷ്യങ്ങഠ കാണുമായിരിക്കാം. എങ്കിലും രണ്ടുംകൂടി തട്ടിച്ചുനോക്കുമ്പോഠ ഇംഗ്ലീഷുപത്രങ്ങഠ വളരെ അധികം യോഗ്യതയുള്ളവയെന്നുമാത്രമേ പറയുന്നുള്ളു. ഇംഗ്ലീഷ് രാജഭാഷയാകയാലും ജനങ്ങഠക്ക് രാജഭ്രമം വദ്ധിക്കുന്നത സാധാരണയാകയാലും പുതിയ പരിഷ്കാരികഠ ഇംഗ്ലീഷുപത്രങ്ങളെ ബ

† മാസികകളുടെ കാൎയ്യത്തിൽ ചരിത്രവിഷയമായി കുറച്ചുകൂടി പറയാനുമായിരുന്നു.

ഹുമാനിക്കാറുണ്ടെന്നതിനെ അനുസരിച്ചോ അഭിസ്ഥാനമാക്കിയോ ഞാൻ പറയുന്നില്ല. ഭാഷാസാന്നിദ്ധ്യം ഇതിൽ നോക്കേണ്ട ആവശ്യമുണ്ടോ ?

മലയാളത്തിൽ പല പത്രങ്ങളും മാസികകളും നടക്കുന്നുണ്ടല്ലോ. ഇവയിൽ ഒന്നിന്റെയും ഉദ്ദേശ്യം യഥാർത്ഥമായി നോക്കുമ്പോൾ വായിക്കുന്നവരെ മുഷിപ്പിക്കേണമെന്നോ മൂഢാത്മാക്കളെ വ്യാജോക്തി കൊട്ടിഘോഷിച്ച് രസിപ്പിക്കേണമെന്നോ ആയിരിക്കയില്ലെന്നു നിസ്സംശയം പറയാവുന്നതാകുന്നു. എന്നാൽ ഇപ്പോൾ കണ്ടുവരുന്ന പല പത്രങ്ങളുടേയും അവയെ വരുത്തി വായിക്കുന്നവരുടേയും ഏഴരശ്ശനി ആലോചിച്ചാൽ ആരും പരിതപിക്കാതിരിക്കുമോ ? "ഭിന്നരുചിർഹി ലോകഃ" എന്നിരിക്കെ പത്രപാരകന്മാരെ എല്ലാവരേയും ഒരുപോലെ രസിപ്പിക്കേണമെന്ന് ഞാൻ വിവക്ഷിക്കുന്നില്ല. അപ്രകാരം വിവക്ഷിച്ചാൽതന്നെ അത് ന്യായമാവുകയുംഇല്ല. പക്ഷെ അധികപക്ഷം വായനക്കാരെയെങ്കിലും രുചിപ്പിക്കേണ്ടയോഎന്നു ഞാൻ ശങ്കിക്കുന്നു. അനവധി ജനങ്ങൾ പത്രം വരുത്തി പഞ്ചസാര പൊതിയുവാൻ ഉപയോഗിക്കുന്നു. അനവധി ജനങ്ങൾ പത്രാധിപന്മാരുടേയോ മാനേജരുടേയോ സേവക്ക് പത്രം വരുത്തി തങ്ങളുടെ കുട്ടികൾക്കു പുസ്തകം പൊതിയുവാൻ കൊടുക്കുന്നു. അനവധിപേർ അഭിമാനത്തിന്നു വേണ്ടി വർത്തമാനപത്രങ്ങൾ വരുത്തുകയും വായിക്കാതെ വൃഥാ കെട്ടിവെക്കുകയുംചെയ്യുന്നു. ഇതിനെല്ലാംകാരണമെന്തായിരിക്കും. ആദ്യം ഒന്നുരണ്ടു പത്രങ്ങൾ വായിച്ചുനോക്കുമ്പോൾ സ്വീകാരയോഗ്യമോ ഗ്രാഹ്യമോ ആയി യാതൊരു വിഷയവും ഇല്ലെന്നു കണ്ടാൽ പിന്നെ ആ പത്രം വരുമ്പോൾ ആരെങ്കിലും തിരിഞ്ഞുനോക്കുമോ ? ചില പത്രാധിപന്മാർ വല്ല കല്ലുവെച്ച് വിഡ്ഢിത്തവും എഴുതി കടലാസ്സിലെ സ്ഥലം ഒരുവിധം കഴിക്കും. ചിലർ നാട്ടുകാരേയും ഗവർമ്മേണ്ടിനെയും വൃഥാ ദുഷിച്ച് മാനനഷ്ടക്കേസ്സിലും വികടങ്ങളിലും ചാടിവീഴും. ചിലർ ഉദ്യോഗസ്ഥന്മാരുടേയും മഹാന്മാരുടേയും സേവക്ക് മുഖസ്തുതിവെച്ച് വിലക്കി പത്രസ്ഥലം മുടക്കും. ചിലർ ആകപ്പാടെ നാലു ഭാഗമുള്ള പത്രത്തിൽ മൂന്നുഭാഗ

വും പാരസ്യവും വഷളായ ചിത്രവുമായിക്കഴിക്കും. ഇവയുടെ ഇടയിൽ നമ്മുടെ വല്ലതെ കരട്ടാംചെട്ടാൽ പത്രപാഠകന്മാരുടേയും ലോകത്തിന്റേയും. സൃക്കാരം. ഒരംവിധത്തിലാകുന്ന ഇവിടങ്ങളിൽ നടപ്പുള്ള മിക്ക മലയാളപത്രങ്ങളുടേയും സ്ഥിതി. മാസികകളുടെ സ്ഥിതി ഏകദേശം ഇതുപോലെതന്നെയാണ്. എങ്കിലും രാജസേവയും മുഖസ്തുതിയും കുറയുമെന്ന് ചുരുങ്ങിയ ഒരാശ്വാസമുണ്ട്. വല്ല കവിയശഃപ്രാർത്ഥികളും,

"ശ്രേത്തിചെയ്യാത്തിപ്പുരാജേന്ദ്രമുഖം പ്രക്ഷാളയസ്വാദഃ
ഏഷ്വദൃഹ യതേകക്കചവൈതുഹിചംവൈതുഹി"

എന്നപോലെ വല്ല മുറിശ്ലോകമുണ്ടാക്കി അയച്ചാൽ അവക്ക് നിശ്ചയമായും ഇപ്പോൾ മാസികകളിൽ ഒരാദ്യവസാനപദവി ലഭിക്കുന്നതാകുന്നു.

മലയാളപത്രങ്ങൾ വേണ്ടപോലെ നടത്തുന്നതായാൽ വളരെ നല്ലതുതന്നെ. പത്രങ്ങളെക്കൊണ്ടുള്ള ഉപകാരങ്ങളിൽ ഒന്ന് നാട്ടുകാരുടെ സങ്കടങ്ങൾ ഗവർമ്മെണ്ടിനെ അറിയിച്ച് അവയെ പരിഹരിക്കുന്നതാണല്ലോ. ഇതിനുള്ള സ്വാതന്ത്ര്യം ഇംഗ്ലീഷപത്രങ്ങൾക്കും മലയാളപത്രങ്ങൾക്കും ഒരുപോലെയാണെങ്കിലും സായ്പന്മാരുടെ അടുക്കലേക്ക യഥേഷ്ടം സങ്കടങ്ങൾ കൊണ്ടുചെല്ലുവാനും മദ്ധ്യെ തടസ്ഥമില്ലാതെ തുറന്നു പറവാനും നല്ലത് ഇംഗ്ലീഷപത്രങ്ങളാണല്ലൊ. ഇങ്ങിനെ മലയാളപത്രങ്ങൾക്ക ഒരു ന്യൂനതയുണ്ടെന്ന് ചിലർ സയുക്തികമായി വാദിക്കുമെങ്കിലും മലയാളപത്രങ്ങളുടെയും കൂടി ഒരു സംഗ്രഹം തർജ്ജമക്കാർ മുഖേന ഗവർമ്മെണ്ടുകാർ ഗ്രഹിക്കാറുണ്ടെന്ന് നമുക്ക സമാധാനിപ്പാനും വഴിയില്ലെ ?

ഇതിന്റെ പുറമെ വർത്തമാനക്കടലാസ്സുകൾ വഴിയായി നാനാദിഗന്തരങ്ങളിലുള്ള നാനാജനങ്ങളുടെ അഭിപ്രായഭേദവും സ്ഥിതിയും അറിയുവാനും നാനാദേശക്കാർ തമ്മിൽ ഗൌരവമുള്ള വിഷയങ്ങളെപ്പറ്റി വാദപ്രതിവാദം ചെയ്ത് സംശയനിവാരണം ചെയ്യാനും നാനാരാജ്യക്കാരുടെ ആലോചനകളും പ്രകൃതികളും ഗ്രഹിപ്പാനും നമുക്ക് കഴിയുന്നു. ഇപ്പോഴത്തെക്കാലത്തിൽ

പത്രരംഗത്തിലാണ എല്ലാവരും ഒത്തൊരുമിച്ച അഭിനയം ചെയ്യാൻ സുലഭമായി സാധിക്കുക. ഈ ഉദ്ദേശം അധികം ഇംഗ്ലീഷ പത്രങ്ങൾക്കല്ലയൊ സാധിക്കുന്നത? ഇന്ത്യയിൽ എന്നല്ല ലോകത്തിൽ മിക്കപ്രദേശങ്ങളിലും പടന്നു പിടിച്ചിരിക്കുന്ന ഇംഗ്ലീഷുഭാഷയിൽ പ്രസിദ്ധപ്പെടുത്തിയ പത്രങ്ങൾ നാനാമനുഷ്യവംശശാഖയുടേയും ഇടയിൽ സഞ്ചരിപ്പാനും തങ്ങളിൽ പരിചയം തോന്നിപ്പാനും കഴിയുമല്ലോ. എന്നാൽ മലയാളത്തിൽ മാത്രം സഞ്ചരിച്ച് തദ്ദേശവാസികളെ ഏകയോഗക്ഷേമകാരാക്കിത്തീൎക്കേണ്ടതിന്ന് മാത്രമാകുന്നു മലയാള പത്രങ്ങളെ നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് ഇംഗ്ലീഷപത്രങ്ങൾ അവയുടെ പ്രവൃത്തി ചെയ്യുന്നപോലെ നമ്മുടെ പത്രങ്ങൾ അവയുടെ പ്രവൃത്തി ചെയ്താൽ മതിയായിരുന്നു. പിന്നെ അവക്ക ന്യൂനതയുണ്ടെന്ന് പറഞ്ഞുകൂടാ.

മലയാള പത്രങ്ങൾ വേണ്ടതുപോലെ നടത്തിയാൽ മലയാളത്തിൽ മലയാളപത്രങ്ങൾക്ക മാന്യസ്ഥാനം കൊടുക്കേണ്ടി വരില്ലയോ എന്നുകൂടി ഞാൻ ശങ്കിക്കുന്നു. നാട്ടുവൎത്തമാനങ്ങൾ അറിയിക്കേണ്ടുന്ന സാമൎത്ഥ്യം രണ്ടിന്നും ഒരുപോലെയാണല്ലോ. ഇംഗ്ലീഷറിയാത്ത നമ്മുടെനാട്ടുകാരെക്കൂടി മലയാള പത്രങ്ങൾക്ക വൎത്തമാനങ്ങൾ ധരിപ്പിപ്പാൻ കഴിയില്ലെ?

ഇവിടങ്ങളിൽക്കാണുന്ന മാസികകളിൽ ഗവൎമ്മെണ്ട് വിഷയങ്ങൾ ഒന്നും പ്രതിപാദിക്കാറില്ലെന്നു ഞാൻ പറഞ്ഞുവല്ലോ. അതുകൊണ്ട് ഇവയെക്കൊണ്ടുള്ള ഉപയോഗം ജനങ്ങൾക്ക് ഗവൎമ്മേണ്ടിനെപ്പററി വല്ലതും അറിവു കൊടുക്കേണമെന്നല്ലെന്നും ഭാഷയെ പരിഷ്കരിച്ചും പോഷിപ്പിച്ചും ഒരു ഉന്നതപദവിയിൽ വരുത്തേണമെന്നുമാത്രമേ അവ വിചാരിക്കുന്നുള്ളു എന്നും വെളിവാകുന്നു. ഗവൎമ്മേണ്ടിനേപ്പററി പഠിപ്പിപ്പാൻ പത്രങ്ങൾ ശ്രമിക്കെ മാസികകൾ അവയുടെ പ്രവൃത്തി ശരിയായി ചെയ്താൽ പോരെന്നില്ല. ഇംഗ്ലീഷിലുള്ളതുപോലെ മതവിഷയമായും മററും പ്രതിപാദിപ്പാൻ വെവ്വേറെ മാസികകൾ മലയാളത്തിൽ ഇല്ലാത്തത ഒരു ചെറിയന്യൂനതയെന്ന് പറവാൻ വഴിയുണ്ട. ഇയ്യിടെ ഒരു വൈദ്യമാസിക പുറപ്പെട്ടുതുടങ്ങിയത വളരെ നന്നായിട്ടുണ്ട്. *

* "വ്യവഹാര ചിന്താമണി" എന്നനിയമമാസികയും നടപ്പുണ്ട.

മലയാളത്തിൽ ഇംഗ്ലീഷിലുള്ളതുപോലെ നോവൽ മുതലായ ഗദ്യപുസ്തകങ്ങൾ ധാരാളമില്ലാത്തതുകൊണ്ട് ഭാഷക്കുള്ള ന്യൂനത ഇത്രയെന്ന് അറികയാൽ ചില മാസികകളിൽ ചില നോവലുകളും മററു സരസ ഗദ്യങ്ങളും പ്രസിദ്ധപ്പെടുത്തിവരുന്നത അത്യുത്തമവും ഉചിതവുമാകുന്നു. ഇംഗ്ലീഷുഭാഷയിൽ തന്നെ നോവൽ എന്നൊരുവിധം ഗദ്യങ്ങൾ പുറപ്പെടുവാൻ ഇംഗ്ലീഷുമാസികകളാകുന്നു കാരണമായത്, എന്ന ചരിത്രത്തിൽ പറയുന്നുണ്ട. വർത്തമാന പത്രങ്ങളിലും മാസികകളിലും ചില പുതിയ രീതിയായ സംഭാഷണങ്ങളും കഥകളും ആദ്യം പ്രസിദ്ധപ്പെടുത്തി വരികയും അവയെ വായിച്ച ജനങ്ങൾക്ക രസം തോന്നുകയാൽ സ്കോട്ട് മുതലായവർ നോവൽ എന്നൊരുവിധം പുതിയ പുസ്തകങ്ങൾ എഴുതിത്തുടങ്ങുകയും ചെയ്തു. ഈവിധം തന്നെയാണ എല്ലാ ഭാഷകളിലും സാധാരണ നോവലിന്റെ ഉല്പത്തി എന്നുപറയാം. എന്നാൽ ഉല്ലം ചില ഭാഷകളിൽ നോവലുണ്ടാവുന്നത് മററു ഭാഷകളിൽ നിന്ന് തർജ്ജമപ്പെടുത്തീട്ടും ആയേക്കാം. മലയാളത്തിലും നമ്മുടെമാസികകളുടെ ശ്രമത്താൽ ഇംഗ്ലീഷിലെന്നപോലെ കാലക്രമേണ നോവൽ മുതലായ പലവിധ ഗദ്യപുസ്തകങ്ങൾ വർദ്ധിച്ചുവരുവാൻ ദൈവം കടാക്ഷിക്കട്ടെ.

അവസാനം ആലോചിപ്പാനുള്ളത് ഏതുവിധമായാൽ നമ്മുടെ പത്രങ്ങൾക്കും മാസികകൾക്കും അഭിവൃദ്ധിയുണ്ടാവുമെന്നാകുന്നു. ഇംഗ്ലീഷുപത്രങ്ങളുടെ ആദ്യകാലമായ പതിനെട്ടാം നൂററാണ്ടിൽ ഇംഗ്ലീഷുകാരുടെ സ്ഥിതി എന്തായിരുന്നു? അവരുടെ ഇടയിൽ അന്നുണ്ടായിരുന്ന ദുർനടപ്പുകളും——ഇപ്പോഴും അവർ കുററംതീർന്ന് ആശാന്മാരായി എന്ന ഞാൻ പറയുന്നില്ല. അന്നത്തേക്കാൾ ഭേദം എന്നേയുള്ളൂ——സദാ ക്ലബ്ബിലും നാടകപ്പുരയിലും ആയി കാലംകഴിച്ചിരുന്ന സായ്പന്മാരുടെ ദുർവൃത്തിയും വിചാരിച്ചാൽ ബഹു ലജ്ജാവഹംതന്നെ. ഐഹികവിഷയങ്ങളിൽഭ്രമിച്ചുമുങ്ങിയവരും പരിഹാസം, പുച്ഛം, ആത്മപ്രശംസ മുതലായ

ദോഷനിവഹങ്ങളുടെ അവതാരമൂൎത്തികളും ഘടികാടിച്ച ദിപാളികളിക്കുന്നതിൽ അസാമാന്യതൽപരരുംആയിരുന്നഅന്നത്തെമിക്ക സാജ്ഞന്മാരും ഇങ്ങിനെ അവരുണ്ടായിരുന്ന ദുശ്ശീലങ്ങളും ദുൎന്നടപ്പുകളും അല്പം ഭേദംവരുത്തിയതു വൎത്തമാനക്കടലാസ്സുകളാണെന്ന് ആലോചിച്ചാൽ അറിയാവുന്നതാകുന്നു. മനോഭേദകങ്ങളും പരിഹാസപരിപൂൎണ്ണങ്ങളുമായ ഉപന്യാസങ്ങൾ കണ്ടാൽ ആരുടെയാണ് മനസ്സിളകാത്തത്? വിശേഷിച്ച് അഡിസൻ, സ്റ്റീൽ, സ്വിഫ്ട്ട്, ജോൺസൺ, ഗോൾഡ്സ്മിത്ത്, താക്കറെ മുതലായ അന്നത്തെലേഖകശിരോമണികളുടെ തൂവ്വലിൻെറ മുന ശുദ്ധം ശിലപ്രായന്മാരുടെ ഹൃദയത്തിൽക്കൂടി തറക്കാതിരുന്നിട്ടില്ല. പരമരസികന്മാരായ അന്നത്തെ ഇംഗ്ലീഷുലേഖകന്മാർ മനുഷ്യരുടെയല്ല മൃഗങ്ങളുടേയുംകൂടി പ്രകൃതി നന്നാക്കുവാൻ കഴിവുമായിരുന്നു. ഇവരെപ്പോലെയുള്ള ചില വീരകേസരികൾ അതിൽപിന്നെയും ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഇല്ലെന്നില്ല. ലേഖകന്മാരുടെ പ്രാപ്തിയിലാകുന്നു ജനങ്ങളുടെ അഭിവൃദ്ധിയും കാണുന്നത്. നമ്മുടെ മലയാളമാസികകളിലാകട്ടേ പത്രങ്ങളിലാകട്ടേ എഴുതുന്ന അനവധി ലേഖകന്മാരുടെ യോഗ്യത ഞാൻ പറയാതെ അവരുടെ ലേഖനങ്ങളിൽനിന്നുതന്നെ ഗ്രഹിപ്പാൻ കഴിയുന്നതാണല്ലോ. "ചുക്കിന്നു വില കയറിയിരിക്കുന്നു. കാലം ചീത്തയാണു. മഴ പെയ്യാറില്ല. പഞ്ചസാര മധുരിക്കും" എന്നും മറ്റും എഴുതി നിറച്ച ലേഖനങ്ങൾ വായിച്ചാൽ ആൎക്കാണു തലവേദനയുണ്ടാകാത്തതു? അതുകൊണ്ടു ലേഖകന്മാർ വളരെ യോഗ്യന്മാരായിരിക്കയും അവരുടെ ലേഖനത്തിൻെറ യോഗ്യതയെ അറിയത്തക്ക യോഗ്യതയുള്ളവർ പത്രാധിപന്മാരായിരിക്കയും, ചെയ്താൽ നമ്മുടെ പത്രങ്ങൾക്കും മാസികകൾക്കും, ഇംഗ്ലീഷുപത്രങ്ങളോടും മാസികകളോടും ഏകദേശസാമ്യം ലഭിക്കയും, പത്രവായനക്കാരെയെന്നല്ല. നാട്ടുകാരെ എല്ലാം പരിഷ്കരിച്ച് സദ്വൃത്തന്മാരാക്കയും,മലയാളഭാഷക്ക് ഒരു നല്ല പദവി ലഭിക്കയുംചെയ്യുമെന്നതിന് രണ്ടുപക്ഷമില്ല.

ചുണ്ടയിൽ സി. രാഘവപ്പൊതുവാൾ.

പത്രീന്ദ്രനാല്പ്പരുഷമായൊരു കൊക്കുകൊണ്ടു
കൊത്തിത്തുലച്ച തവ ചാരുശരീരമെന്നായ്
ഓർത്തോർത്തുഹന്ത പരമായ വരണ്ടമൂല
മത്യാർത്തിപൂണ്ടു മരുവീടുകയാണു നൂനം ॥ (ഹാവ്യ)

വൃദ്ധ— (കണ്ണീരോടുകൂടി) ഗരുഡന്റെ മുഖത്തിങ്കൽ പതിതനായിട്ടും അക്ഷതശരീരനായിട്ടുതന്നെ തന്റെ പുത്രന്റെ മുഖം കാണ്മാൻ സംഗതിവന്ന ആ അമ്മ ഭാഗ്യവതിതന്നേ.

ശംഖ— അമ്മേ! കുമാരൻ സ്വസ്ഥനായിരുന്നാൽ ഇത് വാസ്തവം തന്നെ.

ജീമൂതവാ— (വേദനനടിച്ചുകൊണ്ട്) ഹാഹാ! പരാർത്ഥസംപാദനത്തിലുള്ള അത്യൌത്സുക്യംകൊണ്ട ഇത്രനേരവും അറിയാതെകഴിഞ്ഞു. ഇപ്പോൾ ഇതാമർമ്മം ഭേദിക്കുന്ന വേദനകൾ എന്നെ ഉപദ്രവിപ്പാൻ തുടങ്ങിയിരിക്കുന്നു. (മരണാവസ്ഥ നടിക്കുന്നു)

ജീമൂതകേ— (സംഭ്രമത്തോടുകൂടി) ഉണ്ണി! മകനെ! നിയ്യെന്താണിങ്ങിനെ ചെയ്യുന്നത് ?

വൃദ്ധ— അയ്യോ! എന്താണാവോ ഇങ്ങിനെ പറയുന്നത്. (മാറത്തടിച്ചുകൊണ്ട്) രക്ഷിക്കണേ! രക്ഷിക്കണേ! ഇതാ എന്റെ പുത്രൻ ആപത്തിൽ അകപ്പെടുന്നു.

മലയ— ആര്യപുത്ര! എന്നോടുകൂടാതെ പോകുന്നത് അങ്ങക്ക് യുക്തമല്ല.

ജീമൂ— (കൈകൂപ്പുവാൻ ഭാവിച്ചുകൊണ്ട്) ശംഖചൂഡ! എന്റെ കൈകൾ ഒന്ന് യോജിപ്പിക്കു!

ശംഖ— (അപ്രകാരംചെയ്തുകൊണ്ട്) കഷ്ടം! ലോകം അനാഥമായി.

ജീമൂ— (കണ്ണുകൾ ഞെട്ടോന്നമിഴിച്ച് മാതാപിതാക്കന്മാരെ നോക്കിക്കൊണ്ട്) അച്ഛ! അമ്മേ! ഇത് എന്റെ അന്ത്യമായ നമസ്കാരമാണ്. എന്തെന്നാൽ.

ചൈതന്യം ഗതമായൊരീയവയവം ചെററും ചലിക്കുന്നതി
ല്ലേതുംകേൾക്കുവതില്ലഹോ ചെവികളാമേ സ്വവ്യക്തമാമുക്തിയും

സാദത്താത്സഹസാമയത്തിമിഴിയും ഹാ താത! കഷ്ടം കഠോ
രാതങ്കം കലങ്ങുന്നൊരെന്നുടയൊരീപ്രാണങ്ങൾ പോകുന്നിതാ ॥
അല്ലെങ്കിൽ ഇങ്ങിനെ പ്രലപിക്കുന്നത് എന്തിനാണ് ?
("സ്വദേഹമേ കിഫണിരക്ഷചെയ്യുഞാൻ" എന്നുള്ളശ്ലോകം ചൊ
ല്ലിവീഴുന്നു)

വൃദ്ധ— അയ്യോ! മകനേ! അയ്യോഉണ്ണീ! ഗുരുജനവത്സനായുള്ള
വനേ! നീ എവിടെപോയിരിക്കുന്നു. എന്നോട ഉത്തരം പറ
ഞ്ഞാലും! ഹാ നന്ദനാനന്ദന! ഹാ ജീമൂതവാഹന! ഇനിനി
ന്നെ എങ്ങിനെ കാണ്മാൻ കഴിയും.

ജീമൂ— ഹാ പുത്ര! ജീമൂതവാഹന! ഹാ നിഖിലജനവത്സല! ഹാ
സർവ്വഗുണനിധേ! നീ എവിടെ ഇരിക്കുന്നു? ഇനിക്ക് ഉത്തരം
ദാനം ചെയ്യാലും (കൈ പൊക്കീട്ട്) കഷ്ടം! കഷ്ടം!

ധൈര്യത്തിനിടമില്ല, ടക്കമെവനേ തെ ട്ടുന്നു രക്ഷാർത്ഥമാ
യാരോത്താൽക്ഷമയ്ധരിപ്പതിനിനി, ദ്ദാനേഷവിചരിന്നയായ് ।
നേരായ്നേതുനശിച്ചു, സാധ്യപ്രപയിന്നെ ഞാട്ടുപോം ഹന്തമു
പ്പാരും ശൂന്യമതായിഹാ! തനയ! നീലോകാന്തരം പോകവേ ॥

മലയ— ഹാ ആര്യപുത്ര! അങ്ങ് എന്നേ ഉപേക്ഷിച്ചുപോയിരിക്കു
ന്നുവോ? നിഷ്കരുണഹൃദയയും വജ്രകഠിനദേഹയുമായ മലയ
വതി! നീ പ്രാണനാഥനോടു കൂടാതെഇനിയും ജീവിച്ചിരിക്കു
ന്നുവല്ലോ.

ശംഖ— ഹാ! നിഷ്കാരണപരോപകാരവ്രത! അങ്ങ് പ്രാണനേക്കാ
ളും അധികം വിലവെച്ചിട്ടുള്ള ഇയ്യാളേക്കൂടി ഉപേക്ഷിച്ചു
പോകുന്നുവോ? എന്നാൽ ശംഖചൂഡൻ നിശ്ചയമായിട്ടും അ
ങ്ങയേ അനുഗമിക്കുന്നതാണ്.

ഗരു— കഷ്ടം! മഹാത്മാവായ ഇദ്ദേഹത്തിന്റെ കാര്യം കഴിഞ്ഞു
പോയല്ലോ. ഇനി ഞാനിപ്പോൾ എന്ത് ചെയ്യേണ്ടു.

വൃദ്ധ— കണ്ണീരോടുകൂടി ഊർദ്ധ്വഭാഗത്തു നോക്കീട്ട്) ഭഗവാന്മാ
രായ ലോകപാലന്മാരേ! അമൃതവർഷം ചെയ്തിട്ടെങ്കിലും എ
ന്റെ പുത്രനേ ജീവിപ്പിക്കണേ!

ഗരു— (സന്തോഷത്തോടുകൂടി വിചാരം) ഹെയ്! അമൃതിന്റെകഥയാൽ നല്ല ഓർമ്മയുണ്ടായി. ഇപ്പോഠം ഞാൻ എന്റെ ദുഃഖശസ്സു തീരെനശിച്ചതായി വിചാരിക്കുന്നു. വേഗത്തിൽചെന്ന് ദേവേന്ദ്രനോട് അപേക്ഷിച്ച് അദ്ദേഹം തരുന്നഅമൃതിനെ വഷിച്ച ജീമൂതവാഹനനേ എന്നുവേണ്ട പൂർവ്വഭക്ഷിതന്മാരായി അസ്ഥിമാത്രാവശേഷന്മാരായ ഈ സർപ്പാധിപന്മാരേയും ജീവിപ്പിച്ചുകളയാം. അപേക്ഷിച്ചിട്ടു അദ്ദേഹം തരാതിരിക്കുന്നതായാൽ ഞാൻ

പക്ഷത്താലബ്ധിമാററിപ്പവനനെയുരുവേ
ഗേന പായിച്ചു പന്ന
ഗേന്ദ്രന്മാരോടു മഗ്നിക്കുഴുഗനലഭാ
ഹേനമോഹം വരുത്തി ।
കൊത്തീട്ടിന്ദ്രന്റെ വജ്രം ധനദഗദയുമാ
ക്കാലദണ്ഡും തകർത്താ
ദിത്യൗഘത്തെജ്ജയിച്ചിട്ടമൃതു മഴപൊഴി
ച്ചിട്ടുവൻധാടിയോടേ ॥ (൧൧൫)

എന്നാൽ പോവുകതന്നേ. (എന്നരുതോഷത്തോടു കൂടി ചുററിനടന്ന് പോയി)

ജിമൂതകേ— വത്സശംഖചൂഡ! ഇനിയും നാം എന്തിനേ കാത്തുനിൽക്കുന്നു? വിറകുകൊണ്ടുവന്ന് എന്റെ പുത്രന്ന്വേണ്ടി ഒരു ചിത ഉണ്ടാക്കൂ! ഞങ്ങളുംഅയാളേ അനുഗമിക്കുക തന്നെയാണ്.

വൃദ്ധ— മകനേ! വേഗം തെയ്യാറാക്കൂ! നിന്റെഭ്രാതാവ് ഞങ്ങളെ പിരിഞ്ഞിട്ട് ദുഃഖിച്ചിരിക്കുകയാണ്.

ശംഖ— (കണ്ണീരോടു കൂടി) ഗുരുക്കന്മാരുടെ കൽപ്പനപോലെ. എന്നാൽ ഞാൻ നിങ്ങളുടെ മുമ്പിൽ ഗമിപ്പാനാണ് തീർച്ചയാക്കിയിരിക്കുന്നത്. (എണീററ്ചിതഉണ്ടാക്കീട്ട്) താത! അമ്മേ! ഇതാചിത തയാറായി.

ജീമൂതകേ— കഷ്ടം! കഷ്ടം!

ഉഷ്ണീഷംമുടിതന്നി,ലൂർണ്ണപുരികങ്ങൾക്കുള്ളി,ലബ്ജോപമം
കണ്ണാച്ചക്രമൊടൊത്തകൈമൃഗപതിക്കൊക്കുന്നവക്ഷസ്ഥലം!
ഈവണ്ണമൊക്കെയിരിക്കെയിന്നിഹഹ!ഹാഹാവത്സ! മൽദ്ദുഷ്കൃതാൽ
നീവിദ്യാധരചക്രവത്തിപദമിന്നേൽക്കാതെപോകുന്നതും॥ (കരയുന്നു)

ദേവി! എന്തിനിനിയും നിലവിളിക്കുന്നു? എണീക്കു നമുക്കു് ചിതയിൽ പ്രവേശിക്കാം.

(എല്ലാവരും എണീക്കുന്നു)

മലയ— (കൈകൂപ്പി മേൽപ്പോട്ടുനോക്കിക്കൊണ്ട്) ഭഗവതി ഗൌരി! "വിദ്യാധര ചക്രവത്തി നിന്റെ ഭത്താവായിരിക്കും" മെന്ന ഇവിടുന്ന അരുളിച്ചെയ്കയുണ്ടായി. എന്നാൽ മന്ദഭാഗ്യയായ ഞാൻനിമിത്തം ഇവിടുന്ന് അയഥാത്ഥവാദിനിയായി തീന്നിരിക്കുന്നു.

(അനന്തരം സംഭ്രമത്തോടുകൂടി ഗൌരിപ്രവേശിക്കുന്നു)

ഗൌരി— ജീമൂതകേതു മഹാരാജാവേ! സാഹസം പ്രവൃത്തിക്കരുത്.

ജീമൂതകേ— ആശ്ചയ്യം! അമോഘദശനയായ ഗൌരിയോ?

ഗൌരി— (മലയവതിയോടായിട്ടു) വത്സ! ഞാൻ അയഥാത്ഥവാദിനിയായിത്തീരുമോ?

(നായകന്റെ അടുത്തചെന്ന് കിണ്ടിയിൽനിന്ന് വെള്ളം എടുത്ത് തളിച്ചിട്ട്)

ജീവൻകളഞ്ഞു മുലകിന്നുപകാരമേവം
ജീവൽപ്രമോദമൊടു ചെയ്യൊരുനിന്റെമേരിൽ।
ജീമൂതവാഹന! പരം പരിതുഷ്ടയായ്ഞാൻ
ജീവിക്ക നീജവമോടെൻ പ്രിയമേറുമുണ്ണി!

ജീമൂതവാഹനൻ— (എണീക്കുന്നു)

ജീമൂതകേതു— (സന്തോഷത്തോടുകൂടി) ദേവീ! ഭവതി ഭാഗ്യത്താൽ വദ്ധിക്കുന്നു. ഉണ്ണി വീണ്ടും ജീവിച്ചുവല്ലോ

വൃദ്ധ— ഭഗവതിയായ ഗൌരിയുടെ പ്രസാദത്താൽ.

ജീമൂതവാ— (ഗൌരിയേ കണ്ടിട്ട് തൊഴുതുകൊണ്ട്) ആശ്ചര്യം!

അമോഘദൎശനയായ ഭഗവതിയോ?
നമിക്കുമ്പോർമാലത്തുനികിഖിഷരാ
ക്രമത്തിലേറും വരമേകുവോളേ!
നമിച്ചിടുന്നേൻ ചരണാംശരണ്യേ!
സമസ്തവിദ്യാധരവന്ദിതേ! തേ ॥ (ഉപജാ)

(എന്ന് ഗൌരിയുടെ കാക്കൽവിഴുന്നു)
(എല്ലാവരും മേല്പോട്ടു നോക്കുന്നു)

ജീമൂതകേ— എന്ത്! കാറില്ലാതേകണ്ട് മഴപെയ്യുന്നുവോ? ഭഗവതി! ഇതെന്താണ്?

ഗൌരി— രാജാവേ! പശ്ചാത്താപത്തോടു കൂടിയ ഗരുഡൻ ജീമൂതവാഹനനേയും അസ്ഥിമാത്രാവശേഷങ്ങളായ സൎപ്പങ്ങളേയും ജീവിപ്പിക്കുന്നതിന്നായിദേവലോകത്തിൽ നിന്ന് അമൃതവൎഷം ചെയ്തതാണ് ഇത്. (വിരൽകൊണ്ടു ചൂണ്ടിക്കാണിച്ച് ഇതാ അങ്ങകാണുന്നില്ലേ?

നാനായുന്നൊത്തമെയ്യുംനവമണിരുചിയാൽ
ദീപ്രമാം മൌലിയും ചേ
ൎന്നൊന്നായ്ജീയൂഷലോഭാൽ പൃഥിവിയധികമാ
ലേഹനംചെയ്തുകൊണ്ട്
ഇന്നിസ്സൎപ്പേന്ദ്രസംഘം മലയഗിരിസരി
ദ്വാരിപൂരങ്ങൾ പോലെ
മാന്ദ്യംവിട്ടുംവളഞ്ഞുള്ളൊരുഗതികളൊടും
വാൎദ്ധിയിൽച്ചേൎന്നിടുന്നു ॥ (സ്രഗ്ദ്ധരാ)

(ജീമൂതവാഹനനോടായിട്ട്) വത്സ! ജീമൂതവാഹന! ഭവാൻ പ്രാണദാനത്തിന്ന്മാത്രം അൎഹനായ ആളല്ല. അതിനാൽ ഇതാവേറേ ഒരു പ്രസാദവും കൂടി ഇരിക്കട്ടേ.

അന്തത്തിൽ ചുമൽ കൊണ്ടുലഞ്ഞ കനകാമ്പുജപ്പൂമ്പോടിപ്പൂരമാ
ന്നിന്നെന്മാനസജാതമായ് ശുചിയതായിപ്പോഠംതെയാറുള്ളതാം
തന്നിഷ്ടപ്പടി തീൎത്ത പൊൻകുടമതിൽച്ചേൎത്തായുനീരാൽഞാൻ
നിന്നെപ്രീതിയൊടിന്നു ചെയ്യുവനിതാവിദ്യാധരാദ്ധ്യക്ഷനായ് ॥

ഇനിയും

കനകരുചിരചക്രം നല്ല നാഗ്ഗോപമാമീ
കളരുചികരിവീരൻ, ശ്യാമമാമശ്വരത്നം ।
മലയവതിയിതെല്ലാം രത്നജാതങ്ങളുണ്ടെ
ക്കലിവൊടു മിഹതന്നേൻ കാങ്കഹേചക്രവൎത്തിൻ ॥ (൧൧൦)

അതിന്നും പുറമേ ഇതാ!

എല്ലാവരും ദൎശിച്ചാലും! മതംഗൻ തുടങ്ങിയുള്ളവിദ്യാധരപതികൾ ശരൽക്കാലത്തിലേ ചന്ദ്രനേപ്പോലേ ധവളങ്ങളായ ചാമരങ്ങൾ കയ്യിലെടുത്തുകൊണ്ടും ഭക്തിയാൽ പൂൎവ്വകായത്തെ നമിച്ചുകൊണ്ടും അഭിവാദ്യം ചെയ്കയും നമസ്കരിക്കുകയും ചെയ്യുന്നു. അതുകൊണ്ട പറയു! ഇനി ഞാൻ അങ്ങേക്കു എന്ത് ഇഷ്ടമാണ ചെയ്യേണ്ടത്.

ജീമൂതവാ— ഇതിലും അധികമായിഎന്തിഷ്ടമാണുള്ളത്.

രക്ഷിച്ചുശംഖചൂഡന്നുടൽ ഗരുഡനിൽ നി
ന്നിട്ടു, താൎക്ഷ്യന്നടക്കം
ശിക്ഷിച്ചുണ്ടാക്കി, മുൻതിന്നൊരുഭുജഗവര
ക്കൊക്കെയുണ്ടാക്കിജീവൻ ।
രക്ഷപ്പെട്ടുമരിക്കാതിഹ ഗുരുജനമെൻ
പ്രാണലാഭാൽ, സമക്ഷം
വീക്ഷിച്ചുദേവി! ഞാനങ്ങയെ യിനിയുമിനി
ക്കെന്തൎത്ഥ്യമെന്തൎത്ഥമുള്ളു ॥ (൧൧൧)

എന്നാലും ഇതിരിക്കട്ടേ

(ഭരതവാക്യം.)

നാഗാനന്ദം.

കാലേ വർഷിച്ചിടട്ടേ മയിൽനിരകൾ മദി
ച്ചീടുമാറംബുദൌഘം
ചാലേ ഭൂലോകമെല്ലാം പരമവിരള സ
സ്യങ്ങളാൽ മൂടിടട്ടേ ।
ഈ ലോകം മത്സരാകൂലതയൊടു മപകാരമേ
ലാതെയും ബന്ധുവർഗ്ഗ
ത്താലുണ്ടാം സൌഖ്യസമ്പത്തോടു സുകൃതവുമാ
ർജ്ജിച്ചു വർത്തിച്ചിടട്ടേ ॥
(എന്ന് എല്ലാവരും പോയി.)

;o;

അഞ്ചാമങ്കം കഴിഞ്ഞു.

നാഗാനന്ദം നാടകം സമാപ്തം.

ശുഭം.

# കസ്തൂരിശ്ശീട്ട.

കറുത്തുകുഴംവച്ചോരു ചെറുതാലിസ്സതുല്യമായ് ।
ഇരിക്കുമിസ്സിശീട്ടെന്ന ധരിച്ചീടണമേവരും ॥
ഭദ്രാസനേപ്രതിഷ്ഠിച്ചരുദ്രലിംഗം കണക്കിനേ ।
ഛിദ്രംകൂടാതെകാണുന്നതു ദ്ദേശാൽക്കാവരാഷ്ട്രരും ॥
അധികം പുത്തതായുള്ള രുധിരത്തിന്റെ വർണ്ണമായ് ।
ചതുരക്കോണുമായ്ക്കാണുന്നതുഭൈമനതാഷ്ട്രരും ॥
പാരാതെഞെട്ടിപൊട്ടിച്ച പേരാലിലയോടൊപ്പമായ് ।
പാരംചുമന്നുകണ്ടീടുന്നൊരു ശീട്ടാഢ്യനാഷ്ട്രരും ॥

വെണ്മണി അച്ഛൻ നമ്പൂരിപ്പാട്.

# ഒരു വിലാപം.

൧. അജനവ്യയനായൊരീശ്വരൻ
നിജസന്തോഷമതിന്നുതന്നെയോ
പലമട്ടുവിചിത്രപൂർണ്ണമാ
മുലകാഹന്ത! ചമച്ചതീവിധം.

൫. പരചേതനാമചേതനം
ഉലവിട്ടുള്ളൊരു മട്ടസംഖ്യമായ്
പലരൂപഗുണാദിയോടൊത്ത
തലമെങ്ങും പരിപൂർണ്ണമത്രയും.
൬. ചെറുപുല്ലുകൾ പോലുമേതുമേ
വെറുതേയല്ല ജനിപ്പതൂഴിയിൽ
സകലത്തിനുമുള്ളജോലിതാൻ
നികരം ചേർന്നതുതാൻ പ്രപഞ്ചവും.
൭. പലവൃക്ഷലതാദയെണ്ണിയാൽ
ഉലയാലോഹശിലാദിവസ്തുവും!
ബഹുപക്ഷിമൃഗാദിജന്തുവും
ബഹുധാ ഭൂമിയിലുണ്ടവർണ്ണ്യമായ് !
൮. ഇവസർവ്വവുമീശ്വരന്റെ വൈ
ഭവശക്ത്യാദി ഗുണങ്ങൾതമ്മുടെ
പരിപൂർണ്ണതയുണ്ടചിഹ്നസം
ഹതിതാൻമർത്ത്യനുപാഠമേകുവാൻ.

സി. എസ്സ്. സുബ്രഹ്മണ്യൻപോററി.

# ബാലാപഞ്ചകം.

---

കുട്ടിക്കാലത്തുമെത്തും കതിരവ, "നെതിരാ
യാരുമിപ്പാരിലെന്നെ
ച്ചൊട്ടിക്കാനില്ല"യെന്നോർത്തടവൊട്ടു വിട്ടുമാ
വൈലിനം തോലിയേകി
തട്ടിക്കേറുന്ന മാറേറാരുടെ വലിയതരം
വമ്പിനെപ്പിമ്പിലാക്കും
മട്ടിൽ കത്തുന്ന, കാലാന്തകവരദയിതാ
കാന്തി, കാമന്തരട്ടെ. (1)
"പേരാളും നിങ്ങൾതമ്മിൽ പെരുകിവരുമൊരീ
മുഷ്കുടൻ രാജിയായി

തീരാൻ ശോകേണ്ണ"മെന്നായ്നിജവചനമുണ്ണാം
കിട്ടീടും മട്ടിലോതാൻ
താരാണെന്നോൎത്തു ശുദ്ധസ്ഫടികജപപടീ
കൈതവം കൊണ്ടു വന്നി
ത്താരാജാലങ്ങളാം ചേരുന്നൊരു കരമിഹമേ
ഹന്ത സൌഖ്യം തരട്ടെ. (2)
ശ്രോങ്കൽ തങ്ങുന്ന ഭക്ത്യാ തരമൊടു പണിയു
ന്നോർകളെസ്സൎവ്വദാ നി
ശ്ശങ്കം പാലിയ്ക്കുമിക്കൊണ്ടന്നാളുജന്മാതമിയെ
ക്കൊട്ടാരമാണെന്നമട്ടിൽ
തങ്കത്താരിൻദളത്തോടൊരുവിരലുകളാൽ
പുസ്തകം ശസ്തമാം ത
ന്നങ്കത്തിൽ ചേൎത്തുവെച്ചിട്ടുമൊരുപരകരം
സന്തതം ശന്തരട്ടെ. (3)
പാരംസംസാരമാകും കടലിന്നടുവിൽ
ജായമുന്നായകള്ള
ന്നാരൻപോടാക്രമിച്ചാഴ്ത്തിടുമള്ളുമരി
കാത്താസൽഭക്തരെല്ലാം
സാരംമാൎഗ്ഗംധരിച്ചിക്കരയണവതിനാ
യ്ക്കാട്ടിടും നൽപതാകാ
ഹീരം,സാമീപ്യമുദ്രം, പരമപരകരം
ചേൎക്കമേനേക്കുസൌഖ്യം. (4)
മിന്നുംരുദ്രാക്ഷമാല്യം പെടുമൊരുകര,മ
പ്പുസ്തകാഭാതിയുഗ്മം
മിന്നുംകൈരണ്ടു,മറവുള്ളൊരുകര,മിവയാം
നാലുതൃക്കൈകളോടും
ഇന്നുംകല്ഹാരപുഷ്പത്തിനുനടുവണിയി
ക്കുന്നൊരാക്കാന്തിവന്നി
ട്ടെന്നും,ഹൃൽക്കുത്തരങ്ങത്തഴകൊടു വിളയാ
ടീടണം മോടിയോടെ (5)

വി. സി. ബാലകൃഷ്ണമേനോൻ.

# ഒരു ദുർമ്മരണം.

:0:

വീട്ടിൽ നിന്നു കാൎയ്യവശാൽ പുറത്തേക്കു പോയിരിക്കുന്ന കുഞ്ഞിരാമൻനായരുടേയും കുമാരൻനായരുടേയും മനോഗതം അമ്മു ശങ്കിച്ചപോലെ ഭാസ്കരമേനവനെ കാണുവാൻതന്നെയായിരുന്നു. അദ്ദേഹം കേസ്സു കഴിഞ്ഞു തിരിച്ചുവരുംവഴി കണ്ടുമുട്ടുന്നതായാൽ എളുവല്ലുക്ക് നൽകാതെ കഴിക്കാമെന്നു കരുതിയാവർ മജിസ്ട്രേട്ടുകോടതിയിലേക്കാണു പുറപ്പെട്ടത്. അഥവാ സ്റ്റേഷൻആപ്സർ കോടതിജ്ജോലി എല്ലാം ഒതുക്കി എളുവല്ലുക്ക് മടങ്ങിക്കഴിഞ്ഞുവെങ്കിൽ അപ്പോൾതന്നെ അവർ അങ്ങോട്ടുപോകുവാനും ഒരുക്കമായിരുന്നു. എങ്കിലും അവൎക്ക് ഫലം കൂടാതെ, അപ്പുറവഴി ആവർത്തിച്ചുള്ളകേണ്ടതായിവന്നില്ല.

സ്റ്റേഷൻആപ്സർക്ക് ഹാജരാകുവാൻ സാധിക്കാഞ്ഞതിനാൽ ആറാന്തിയ്യതി വിചാരണക്കു വച്ചിരുന്ന കവൎച്ചക്കേസ്സ് എട്ടാന്തിയ്യതിക്കാണു നീട്ടിയത. നീട്ടിവച്ച കേസ്സ് മുമ്പിലെടുത്തേക്കാമെന്നുവിചാരിച്ച ഭാസ്കരമേനോൻ അന്നേദിവസം കോടതി കൂടിയപ്പോൾ അവിടെ ഹാജർകൊടുത്തു. പക്ഷേ 'കോടതിയുക്തം' വിപരീതമായിരുന്നതിനാൽ കോടതിപിരിഞ്ഞതും സ്റ്റേഷൻആപ്സരുടെ ജോലി ഒതുങ്ങിയതും ഒട്ടയോജിച്ചിട്ടായിരുന്നു. അദ്ദേഹം അവിടെനിന്ന് ഇറങ്ങിപ്പുറപ്പെട്ടപ്പോൾ കുഞ്ഞിരാമൻനായരും കുമാരൻനായരും എതിരായിട്ടു വരുന്നതും പഞ്ചപുച്ഛമടക്കി പിന്നാലെ നടക്കുന്ന പരിവാരപ്പട്ടരുടെ നായകനായ മജിസ്ട്രേട്ടിനു വഴി മാറിക്കൊടുക്കുന്നതും കണ്ടുവെങ്കിലും പടിവാതുക്കലെ തിരക്കുമൂലം വിചാരിച്ച വേഗത്തിൽ പുറത്തു ചാടിവീഴുവാൻ കഴിഞ്ഞില്ല. ബഹളമൊന്നു ശമിച്ചതോടുകൂടി ഭാസ്കരമേനോൻ അവരുടെ സമീപത്തു ചെന്നുചേൎന്നു.

"വിശേഷിച്ചു വല്ലതും ഉണ്ടായിട്ടോ? കാൎയ്യസ്ഥൻ ഇന്നു കാലത്ത വീട്ടിൽ വന്നിരുന്നു അല്ലേ? പത്തുമണികഴിഞ്ഞ പതിനൊന്നു മണിയോടുകൂടി കിഴക്കോട്ടു പോയിരിക്കണം. പരിവട്ടത്തുതന്നെ ഊണംപറിച്ചിരിക്കുന്നു. ഞാൻ അങ്ങോട്ടു വരണമെന്നുവിചാരിച്ചിരിക്കയായിരുന്നു. കണ്ടതേതെങ്കിലും നന്നായി" എ

ന്ന നേരംപോക്കായിട്ട ചിരിച്ചുംകൊണ്ടു പറഞ്ഞു. സംസാരിക്കു ന്ന സമയത്ത ദൃഷ്ടി കുഞ്ഞിരാമൻനായരുടെ മുഖത്തായിരുന്നില്ല. ഉദാസീനമെന്നപോലെ വഴിയുടെ വലത്തുവശത്ത് സഞ്ചരിക്കുക യായിരുന്നു.

സ്നേഷനാപ്പരുടെ വാക്കിൽനിന്ന കുഞ്ഞിരാമൻനായർ യ ഥാശ്രുതമായ അത്ഥം ഗ്രഹിച്ചിട്ട്—

"അല്ലാ! കാൎയ്യസ്ഥനെക്കണ്ടു സംസാരിക്കുക കഴിഞ്ഞുവോ? ഞങ്ങടെ ഈ വഴിയാക്കെ നടന്നുവന്നത് നിഷ്ഫലമായിഎന്നു ണ്ടോ"?എന്നു ചോദിച്ചതിന്നുത്തരമായി,—

"ഇല്ല" എന്നരണ്ടക്ഷരം ഒരുചോദ്യത്തിനുകൂടി എടകൊടുത്തു.

"എന്നാൽ വല്ലവരും പറഞ്ഞിരിക്കാം അല്ലേ?" എന്നതിന്ന,

"ആരും ഇല്ല" എന്നായിരുന്നു സമാധാനം. ഇത ഭാസ്കരമേ നോൻ വിചാരിച്ചപോലെ ഫലിച്ചു. ചെപ്പിടിവിദ്യകാട്ടുകയോ ക ടംപറകയോ ചെയ്യുമ്പോൾ ബാലന്മാൎക്കുണ്ടാവുന്നതുപോലെയു ള്ളൊരൽഭുതഭാവം കുമാരൻനായരുടെ മനസ്സിലുദിച്ചത മുന്നോട്ട തള്ളിയ മുഖത്തിലും മലൎക്കവിടൎത്തിയ മിഴികളിലും ധാരാളം തെളിഞ്ഞിരുന്നു. കുമാരൻനായരുടെ മനസ്സിലുദിച്ച് മുഖത്തു തെ ളിഞ്ഞ ആശ്ചൎയ്യഭാവം വാചകരൂപേണ സ്നേഷനാപ്പരുടെ ചെവി കളിലേക്ക പകൎന്നത കുഞ്ഞിരാമൻനായരായിരുന്നു.

"പിന്നെയെങ്ങിനെയാണ് നിങ്ങൾക്കിതുമനസ്സിലായത്."

"കാൎയ്യസ്ഥനേ കണ്ടുകിട്ടിയാൽ വിവരം ചോദിച്ചറിഞ്ഞ് എ ന്നോട്ട വന്നുപറഞ്ഞുകൊള്ളാമെന്നു നിങ്ങൾതന്നെ ഏററിട്ടില്ലേ?"

"കാൎയ്യസ്ഥൻെറ ചരിത്രം മുഴുവനും ഇതുകൊണ്ടറിയാ റായോ?"

"ഇതുകൊണ്ട നിങ്ങൾ കാൎയ്യസ്ഥനേക്കണ്ടു എന്നുഹിക്കരു തോ? നിങ്ങളുടെ പടിക്കൽ മുൻഭാഗം അധികം പതിഞ്ഞിട്ടുള്ള കുറേ അടികൾ കണ്ടു. മുടന്തന്മാരുടെയാണെങ്കിൽ രണ്ടടികളും ഒ രുപോലെയായിരിക്കുവാൻ തരമില്ല. മടമ്പുയൎത്തി നടക്കുന്ന ചി ലവകക്കാരുണ്ട്. അവരുടെയാണെങ്കിൽ ഉപ്പുകുററി മണ്ണിൽ പതി ഞ്ഞു കാണുവാനും വഴിയില്ല. ഈസംഗതികളിൽ നാന്ന് ക്ലനുള്ള

ഒരാളുടെ ആയിരിക്കണമെന്നല്ലേ വിചാരിക്കേണ്ടത്? അടിയുടെ ആകൃതിയുംവലിപ്പവും നോക്കിയപ്പോൾ കാൎയ്യസ്ഥൻെറതന്നെയെന്നു തീൎച്ചയായി. ഞാൻ പരിവട്ടത്തെ പടി പിന്നിട്ടപ്പോൾ പത്തുമണി കഴിഞ്ഞിരിക്കുന്നു. അടികളുടെ ഗതികൊണ്ടു അതുവരെ കാൎയ്യസ്ഥൻ തിരിച്ചുപോയിട്ടില്ലെന്നും മനസ്സിലായി.”

“പതിനൊന്നാമണിക്കു കിഴക്കോട്ടു പോയിഎന്നും ഊണുകഴിഞ്ഞുവെന്നും എങ്ങിനെയാണു മനസ്സിലായത്?” എന്നുചോദിച്ചത കുമാരൻനായരാണ്.

“ഞാൻ പറഞ്ഞപോലെയുള്ള അടികൾ കാണുന്നുണ്ടോ എന്നവഴിയുടെവലത്തുപുറത്തുള്ള മണൽപ്രദേശത്തു നോക്കു. അവയുടെ പോക്ക് കിഴക്കോട്ടല്ലേ? അവയിൽ ചിലത കോടതിക്കു വരുന്നവരുടെ കാലടികളേക്കൊണ്ട് കാണാതെയായിട്ടുണ്ട്. പതിനൊന്നുമണിയോടുകൂടി ആളുകളും കോടതിയിലെത്തികഴിഞ്ഞിരിക്കുന്നു. വിശേഷിച്ച് തെളിഞ്ഞിട്ടുള്ള അടികൾ അടുത്തടുത്തിരിക്കുന്നില്ലേ. ഒന്നുനോക്കു. കുന്നുള്ളവൎക്ക്വയറു നിറഞ്ഞിരിക്കുമ്പോൾ കാലകത്തിവെക്കുവാൻ സാധിക്കില്ല. പിന്നെ പരിചയക്കാരുടെ വീട്ടിൽ കാലത്തുചെന്ന് ഉച്ചവരെ താമസിച്ചാൽ പട്ടിണിയിട്ടു പറഞ്ഞയക്കാറുണ്ടോ?”

“ഇനി കാററിൻെറ ഗതിയിൽനിന്ന് കാൎയ്യസ്ഥൻ പറഞ്ഞതുകൂടി മനസ്സിലാക്കികഴിഞ്ഞിട്ടുണ്ടെങ്കിൽ ഞങ്ങൾ വന്നവഴിയേ പൊക്കോളാം. നിങ്ങൾ വെറുതേ ബുദ്ധിമുട്ടേണ്ട.” എന്നു കുഞ്ഞിരാമൻനായർ പറഞ്ഞതിൽ പ്രകൃതിശാസ്ത്രവിരുദ്ധമായ ഒരു പ്രയോഗം കുമാരൻനായൎക്കു സുഖമായില്ല.

“നല്ലവണ്ണം മനസ്സിരുത്തുവാനുള്ള മിടുക്കും അതിനടുത്ത പരിചയവും ഉള്ളവൎക്ക് വായുവിൻെറ എത്രയും സൂക്ഷ്മമായ ചലനഭേദത്തിൽനിന്ന ഏററവുംകലൎന്നിട്ടുള്ള ശബ്ദവുംകൂടി വേൎതിരിച്ചറിയുവാനുള്ള ഒരു പ്രത്യേകശക്തി ഉണ്ടാവുന്നതല്ലെന്നുസിദ്ധാന്തിക്കുന്നില്ല. പക്ഷെ ഞാൻ അത ശീലിച്ചിട്ടില്ല. അതുകൊണ്ടു കാൎയ്യസ്ഥൻ ഇന്നുനിങ്ങളോടുപറഞ്ഞത് എനിക്കുമനസ്സിലാവണമെങ്കിൽ നിങ്ങൾ പറഞ്ഞുകേൾക്കുകതന്നെവേണം. വരു. ഇനി ഏതെങ്കിലും അമാന്തിക്കേണ്ട. നടക്കുന്ന വഴിക്കു സംസാരിക്കാം.”

എന്നപറഞ്ഞിട്ട കുഞ്ഞിരാമൻനായരൊരുമിച്ച നടന്നുതുടങ്ങി. കുമാരൻനായർ അടുത്തു പിന്നാലെയും പുറപ്പെട്ടു.

വളരെത്താന്ന ശ്രുതിയിലാണ് അവർതമ്മിൽ സംസാരിച്ചിരുന്നത്. സംഭാഷണങ്ങിന്റെ അധികം ഭാഗവും കുഞ്ഞിരാമൻനായരുടെ ഓഹരിയിൽപ്പെട്ടതായിരുന്നു. പിന്നാക്കം തിരിഞ്ഞ് "അല്ലേ കുമാരാ" എന്നുചോദിക്കുമ്പോാൾ, അമ്മാമൻ പറഞ്ഞതിനോക്കി വെയ്ക്കുകയോ അമ്മാമന്റെ ഓർമ്മയേസ്സഹായിക്കുകയോ ചെയ്യുകമാത്രമേ മരുമകനു ഭാരമുണ്ടായിരുന്നുള്ളൂ. സ്റ്റേഷനാപ്പരുടെ ജോലി എടുക്കു ചില ചോദ്യങ്ങൾ ചോദിക്കുകമാത്രമായിരുന്നു. ഇങ്ങിനെ 'ഒസ്യത്തെ'ന്നും, 'ശിഷ്യനെ'ന്നും 'ശങ്കരമേനവനെ'ന്നും 'ദേവകിക്കുട്ടി'യെന്നും 'പ്പെട്ടുപോ'എന്നും 'അങ്ങിനെയല്ല, ബാലകൃഷ്ണമേനവന്റെ ആവശ്യപ്രകാരം ഇതിനുമുമ്പും അമ്മു അവരേ കാണാവാൻ പോയിട്ടുണ്ട്' എന്നും മററും പറഞ്ഞും ചോദിച്ചും തെററുതിർത്തും അവർ മൂന്നാപേരും ശിവക്ഷേത്രത്തിങ്കലോളം എത്തി. ഇവിടെവെച്ച കുഞ്ഞിരാമൻനായർ പിന്നാക്കം തിരിഞ്ഞ്

"കുമാരാ, 'കുമാരൻപോയി കണ്ണുണ്ണിനായരിൻസ്പെക്ടർ വന്നിട്ടുണ്ടോ ഇല്ലെങ്കിൽ എന്നുവരും എന്നൊക്കെ അന്വേഷിച്ചുവരു. വന്നിട്ടുണ്ടെങ്കിൽ കാര്യസ്ഥൻ എന്നാണ ഹാജരാവേണ്ടത എന്നുകൂടി അറിഞ്ഞുവരണം" എന്ന മരുമകനോട കല്പിച്ചിട്ട ഭാസ്കരമേനവനോടുംകൂടി പരിവട്ടപ്പാടത്തേക്കുള്ള എടവഴിയിലേക്കുതിരിച്ചു.

കുമാരൻനായർ 'ഉപ്പുംകൊള്ളാം വാഴ്വും കുളിക്കാം' എന്ന കരുതി സ്സല്പാചരംഗം പ്രവേശിപ്പാനായി ശിവൻകാട്ടിലേക്ക പുറപ്പെട്ടപ്പോാൾ കുഞ്ഞികൃഷ്ണൻ അത്താഴത്തിനുള്ള അരിയും വാങ്ങിക്കൊണ്ട ചേരിപ്പുറമ്പിലെക്കുള്ള യാത്രയായിരുന്നു.

"കുഞ്ഞികൃഷ്ണാ!" എന്ന കയ്യുകൊട്ടി വിളിച്ചപ്പോാൾ അയാൾ ചെട്ടന്നുതിരിഞ്ഞ കുമാരൻനായരെക്കണ്ട താമസം അവിടെത്തന്നെനിന്നു. എന്നിട്ട നെററിചുളിച്ച വായ ഒരുപുറത്തേക്കുകോട്ടി എന്തെന്നില്ലാത്ത അസഹ്യതയുള്ളതുപോലെ

"എന്താവേണ്ടത ?" എന്ന കഴുത്തവെട്ടിച്ചുകൊണ്ടുചോദിച്ചു. ഇതുകഴിഞ്ഞപ്പോാൾതന്നെ കുമാരൻനായക്ക സാമാന്യത്തിലധികം തൃപ്തിയായി എങ്കിലും ആവശ്യം തന്റേതായിപ്പോയല്ലോ എന്ന വിചാരിച്ച ഒരു ദീർഘശ്വാസത്തോടുകൂടി

# ഒരെഴുത്ത.

———— : o : ————

(വിവേകാനന്ദസ്വാമികൾ ഒരു സ്നേഹിതനയച്ചത്)

കല്പിക്കുന്നു വെളിച്ചമായിരുളുമെങ്ങാസ്സൗഖ്യമായ് ദുഃഖവും
വിഷ്ടക്ഷാന്തരമായ് നടപ്പെവിടെയിന്നാരോഗ്യമായ് രോഗവും
അപ്പോൾപ്പെററ ശിശുക്കരച്ചിലെവിടെജ്ജീവോദയം ചൊല്ലുതു,
യിപ്പാരിൽസ്സുമതേ! സുഖാനുഭവമുണ്ടെന്നോ നിനയ്ക്കുന്നു നീ! ॥ 1.
കാളും കാന്തിയിൽ നാകവും നരകവും കൂടിക്കുഴമ്പായതാ
ണീലോകം പുനരോർക്കിലീയതിരുവിട്ടാക്കും ഗമിക്കാവതോ?
കാലേ തങ്ങടെ കർമ്മമാം കയറിനാൽകണ്ടും കുടുക്കിട്ടു താൻ
മാലേന്തുന്നടിമപ്രവൃത്തിയൊഴിയും നാമെങ്ങുചെന്നാലിനി? 2.

(തർജ്ജമ) എൻ. കുമാരു ആശാൻ.

(തുടരും)

# പലവക.

———— : o : ————

(പുസ്തകപരിശോധന.)

ധർമ്മപുത്രവിജയം (കഥകളിപ്പാട്ട):—തെവപ്പുറത്ത് നാരായണൻനമ്പി അവർകളുടെ കൃതിയായ മെൽപറഞ്ഞ പുസ്തകം ഞങ്ങൾ സന്തോഷത്തോടെ കൈപററിയിരിക്കുന്നു. പ്രസ്തുതപുസ്തകത്തിലെ ശ്ലോകങ്ങൾ മുഴുവൻ സംസ്കൃതവും പദങ്ങളെല്ലാം മണിപ്രവാളവുമാണ്. കഥകളിയിൽ പ്രായെണ വിമുഖന്മാരായിത്തീർന്നിട്ടുള്ള മലയാളികൾ ഇങ്ങിനെയുള്ള കൃതിയെപററി ശ്ലാഘിക്കെന്നമെങ്കിൽ കവിത സാമാന്യത്തിലധികം നന്നായിരിക്കെണമെന്നു പ്രത്യേകം പറയെണ്ടതില്ലല്ലൊ. "എന്നാൽ ഒരു കവിത വായിക്കുവാൻക്ഷമയുള്ളവരാരും ഇതിനെപററി ശ്ലാഘിക്കാതിരിക്കയില്ലെന്നാണ് ഞങ്ങൾക്കു തൊന്നുന്നത. കവിതയ്ക്കു പഴക്കവും ഓജസ്സും ഉണ്ടെന്നു മാത്രമല്ല കഥകളിയിൽ അവശ്യം വെണ്ടുന്ന രസനിഷ്യന്ദികളായ പദങ്ങളും ഇതിൽ ധാരാളമുണ്ട." എന്നും മററും പറഞ്ഞു ഞങ്ങൾ വായനക്കാരെ ഭ്രമിപ്പിക്കുന്നില്ല. ധർമ്മപുത്രൻ അംശുമതിയുടെ അടുക്കലെക്കു പൊകുമ്പൊൾ പിശാചിനെ കണ്ടുമട്ടുന്നതും കവിയുടെ മനൊധർമ്മത്തിന്നനുരൂപമായിരിക്കുന്നു. ആണ്ട്യാട്ട പാട്ടുജാതിയിലുള്ള പദങ്ങളെ ഉപയോഗിച്ചതു പാത്രത്തിന്നു ചെർന്നതുതന്നെ. എന്നാൽ അച്ചടി ഒന്നുമാത്രമാണ് ദുസ്സഹമായിരിക്കുന്നത.

## സ്വന്തം.

പഞ്ചകോശവിവേകപ്രകരണം, ദക്ഷിണാമൂർത്ത്യഷ്ടകം, ശ്രീമൽ ഭഗവൽഗീത, ഈ പുസ്തകങ്ങൾ സന്തോഷത്തോടെ കൈപ്പററിയിരിക്കുന്നു. അഭിപ്രായങ്ങൾ വഴിയെ.

# T. S. Subramania & Co.,

## താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

—— : o : ——

### വെററിലമുറുക്കിനെ സ്വാദുപിടിപ്പിക്കുന്ന ഒരു രുചിപ്രദമായ സുഗന്ധവസ്തു. രമ്യം. വിശേഷം. രുചിപ്രദം.

ഇത ഉത്തമം കസ്തൂരി, പനിനീർസത്ത്, അത്തർ മററു സുഗന്ധവസ്തുക്കൾ എന്നിവ ചേർത്തുണ്ടാക്കിയതായി നൂതനമായ ഒരു കൂട്ടാകുന്നു. വെററിലമുറുക്കിന്നു അതിരസം ഉണ്ടാകും. മുറുക്കുന്നവർക്ക ഇത അതിസുഖാനുഭവമായൊരു സാധനമാകയാൽ അവർ ഈ സാധനത്തെ വാങ്ങി പരീക്ഷിച്ചുനോക്കേണ്ടതാകുന്നു.

| | | ക. | ണ. |
|---|---|---|---|
| ഒരു അളുക്കിന്ന വില | ... ... ... | 0 | 4 മാത്രം. |
| 12 അളുക്കുകൾക്ക | ... ... ... ... | 2 | 12 |

തപാൽകൂലി പുറമെ.

## DANTADABANA CHURNA. ദന്തധാവന ചൂർണ്ണം

ശ്രുതിപ്പെട്ട പല്ലു തേപ്പാനുള്ള പൊടി. ഒരു പെട്ടിക്ക വില 0-3 ണ. തൊണ്ണുകെട്ടുകൾക്കും, പല്ലിലൊ, അതിന്നടുത്തൊ ഉണ്ടായ്വരുന്ന പുണ്ണുകൾക്കും, പല്ലിന്റെ ദ്രവിച്ചുപോകലിന്നും വേദനക്കും പല്ലിൽനിന്നു ചോരപോകുന്നതിന്നും വായനാററത്തിന്നും മററും ഉതകുന്ന ഒരു പൊടിയാണിത. ഈ പോടിപല്ലിന്നുണ്ടാവുന്ന കുറ, ചെകുട്ട മുതലായവയെ നശിപ്പിക്കും. പല്ലുകളിന്മേൽ ചിലപ്പോൾ കന്മായമിട്ടപോലെ പററിപ്പിടിച്ചുകാണുന്ന ഒരു വസ്തുവുണ്ടു, അതിനെയും ഈ പൊടി നശിപ്പിച്ചുനീക്കും. നാററമുള്ള സകല ദന്ത സക്തങ്ങളേയും ഈ പൊടി നശിപ്പിക്കും. പല്ലിന്മേൽ പററിപ്പിടിച്ചിരിക്കുന്നതിനെയെല്ലാം കളയും മുത്തുപോലെ വിളങ്ങുന്ന പല്ലുകളെ ഈ പൊടികൊണ്ടു സമ്പാദിക്കാം. പല്ലുകൾക്ക ബലവും ശക്തിയും ജനിക്കും, ഊണിന്നു ഒരു രുചിയും വരും. ദന്തദ്രവവും ഉണ്ണലുകളിൽ പുണ്ണും കുരുവും ഉണ്ടാവുമ്പോൾ ഈ പൊടി വളരെ നന്ന്. ഇതിന്നു പുളിരസമില്ല. വളരെ മിനുസമാംവണ്ണം നേരിയ പൊടിയാക്കിയ ചൂർണ്ണമാകകൊണ്ടു പല്ലിന്നു ഉരസൽതട്ടി കേടുവരുന്നതല്ല. പല്ലുകൾക്ക ചീച്ചൽതട്ടിളരുമാററം വരുന്നതിനെ ഈ പൊടി തടുക്കും. പല്ലുകളിൽ കടികൊണ്ടു നാശം വരുത്തുന്ന അതിസൂക്ഷ്മങ്ങളായ അണുപ്രാണികൾ ഉണ്ടു. അവയെ ഈ പൊടി കൊല്ലും. തൊണ്ണുകളെ ചൂടുപിടിപ്പിച്ചൊ വേദനപ്പെടുത്തിയൊ ചൊറിച്ചൽ മുതലായതൊന്നും ഈ ചൂർണ്ണമൂലം ഉണ്ടാവില്ല. നാവിന്നും മൂക്കിന്നും ഈ ചൂർണ്ണം സുഖകരമാണ. കിഴവന്മാർ പ്രത്യേകിച്ചു ഈ ചൂർണ്ണം ഉപയോഗിക്കേണ്ടതാണ. അപ്പോൾ അവർ പല്ലുകൊണ്ടുള്ള പ്രയോജനം മരണപര്യന്തമുണ്ടായ്വരും. വായക്കു രുചികരവും സൌ

ദൃഢമാംസങ്ങളുമാകയാൽ ശ്വാസത്തിന്ന ഒരു നല്ല മണവുമുണ്ടാവും വായനാറ്റം ദുസ്സഹങ്ങളൊന്നും ഉണ്ടാവില്ല. നല്ല ഒരു മണം വായിൽനിന്ന പുറപ്പെടുകയും ചെയ്യും.

**KARPURARISTHA.** **കർപ്പൂരാരിഷ്ടം.** നടപ്പുദീനത്തിന്നുള്ള പ്രത്യേക ഔഷധം. (വിഷൂചികക്കുള്ള സിദ്ധൌഷധം.) ഒരു കുപ്പിക്കു വില 8ണ. കർപ്പൂരാരിഷ്ടം, വിഷൂചികാ, അതിസാരം, വയറ്റിൽകടി, ദഹനക്കുറവു, ചെവിക്കുന്നിയുടെ കേട, അരി വയറ്റിന്ന വിസ്താരം എന്നിങ്ങിനെയുള്ള രോഗങ്ങൾക്കു നല്ല മരുന്നാണ. ഈ ഔഷധം പാരുഷ്യതയായ വേദനകളെ തീർത്തു അവയവങ്ങൾക്കു ശാന്തമായ പ്രസാദചൈതന്യത്തെ വരുത്തും. അവയവങ്ങൾക്കു ക്ഷണസംഭവങ്ങളായ വിറയൽ പിടച്ചൽ മുതലായ വികൃതികളെ മാറ്റും. മലത്തിന്റെ അയച്ചിൽ മാറ്റി മലത്തെ കെട്ടി മലബന്ധം വരുത്തി ബലം കൊടുക്കും. അവീൻ (കറപ്പു) കൂട്ടിട്ടുള്ള അന്യ മരുന്നുകളെപ്പോലെ ഒരു ഔഷധം തലവേദനയെ ഉണ്ടാക്കില്ല. തലതിരിച്ചൽ, ഉറക്കം, മന്ദത, അസ്വാസ്ഥ്യം മോഹം മുതലായതുകളെ ഉണ്ടാകുന്നതുമല്ല. അല്പ നിമിഷങ്ങൾക്കകത്ത ഛർദ്ദിയും വേദനയും നോവുകളും നിന്നുപോകും. ഏകമൂലികാപ്രയോഗക്കാരായ ഹോമിയോപ്പതി വൈദ്യന്മാരും ബഹുമൂലികാപ്രയോഗക്കാരായ അല്ലോപ്പതി വൈദ്യന്മാരും കൊടുക്കുന്ന കർപ്പൂരം ക്ലോറോഡൈൻ എന്നിത്യാദി മരുന്നുകളെക്കാൾ ഞങ്ങളുടെ കർപ്പൂരാരിഷ്ടം ഇന്ത്യയിലെ ജനങ്ങളുടെ ദേഹങ്ങൾക്കും അതിന്റെ സമ്പ്രദായങ്ങൾക്കും പറ്റിയതാണ. ഇത ഞങ്ങളുടെ അനുഭവമാണ.

മേല്പറഞ്ഞ എല്ലാ മരുന്നുകൾ താഴെ എഴുതിയ മേൽവിലാസത്തിൽ ഇംഗ്ലീഷിലൊ മലയാളത്തിലൊ തമിഴിലൊ എഴുതി ചോദിക്കേണ്ടതാണ.

എൻ. ടി. എസ്സ്. സുബ്രഹ്മണ്യം ആൻറ കമ്പനിയാര
33 ആർമീനിയൻ സ്ട്രീറ്റ,
മദിരാശി.

## സരസ്വതിത്തൂവൽ.

---

## (THE SARASWATI PEN.)

ഒരിക്കൽ മഷി മുക്കിയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

## സ്തുത്യലിഖിതങ്ങൾ.

**സർ. വാൾട്ടർ ലൊറൻസ്** (കെ. സി. ഐ. ഇ.) ഇന്ത്യാഗവർണ്ണർ ജനറാളുടെ പ്രൈവറ്റ സിക്രട്ടേരി:— സരസ്വതിത്തൂവലുകൾ വളരെ ഉപയോഗമുള്ളവയായി കാണുന്നു. താങ്കളുടെ നൂതനമായ ഈ കണ്ടുപിടിക്കലിന്ന താങ്കൾക്ക എല്ലാ ജയവും സിദ്ധിക്കട്ടെ.

---

**സർ. ലൊറൻസ് ജെങ്കിൻസ്** (കെ. സി. കെ. സി. ഐ. ഇ.) ബൊംബെ ഹൈക്കോട്ട ഒന്നാംജഡ്ജി:— സരസ്വതിത്തൂവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു. കുറെ തൂവലുകൾ താങ്കൾ എനിക്ക അയച്ചുതരുന്നതിന ഉപകാരം.

ബഡ്ധ്വാൻ മഹാരാജാധിരാജ ബിംജായി ചാന്ദ മഹ താബ് ബഹദ്ദൂർ:— ഈ സൂത്രവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

---

നാട്ടോർ മഹാരാജാ ബഹദ്ദൂർ ജഗനിന്ദ്രനാഥറോയി:— മഷി നിറച്ച "സ്വാൻ" ഇവൻപോലെ മിക്കവാറും അത്ര ഉപകാരമുള്ളതാണ.

---

ബഹുമാനപ്പെട്ട രാജാ റാംജട്ട് സിങ്ങ് ബഹദ്ദൂർ:— ഞങ്ങളുടെ പരിപാലനക്ക് താങ്കൾ തീരെ അർഹനാകുന്നു.

---

രാജാ പെയറിമോഹന മുഖർജ്ജി:— (സി. എസ്സ്. ഐ):— സരസ്വതി ഇവൻ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു.

---

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചാരുമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിക്കൽതന്നെയാണ.

---

പണ്ഡിതർ കെ. എം. ഗാംഗുലി (ബി. എൽ.) മഹാഭാരത പരിഭാഷകൻ:— "സ്റ്റിക്പെൻ" ഉപയോഗിക്കുന്ന എല്ലാവരുടേയും പാലനക്ക് ഇത് പാത്രമായി നിൽക്കുന്നതാണ.

---

ബഹുമാനപ്പെട്ട മിസ്റ്റർ ആർ. ടി. ഗ്രിയെർ (ഐ. സി. എസ്സ്.) കല്കത്താ മുനിസിപ്പാൽ ചെയർമാൻ:— താങ്കളുടെ ഇവൻ തൃപ്തികരമായ ഒന്നാകുന്നതായി കണ്ടിരിക്കുന്നു. സൂത്രം വളരെ സാമർത്ഥ്യമുള്ളൊന്നുതന്നെയാണ.

---

മിസ്റ്റർ എച്ച്. ഡി. വില്യംസ് (ഐ. സി. എസ്സ്.), കമീഷണർ:— കൂടക്കൂടെ മഷി മുക്കേണ്ടുന്ന ബുദ്ധിമുട്ടില്ല. ഒരിക്കൽ മുക്കിയാൽ മൂന്നു നാല് പായ കത്തുകടലാസ്സ് എഴുതാവുന്നതാണ.

---

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്സ്.) കലക്ടർ:— ഇവൻ വളരെ സൌകര്യമുള്ളതും കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുംതന്നെ.

---

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്യൂട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യ വളരെ തൃപ്തികരം.

---

മിസ്റ്റർ ജി. ചക്രവർത്തി, സിമിണ്ടാർ, ബാംങ്കുറ മുനിസിപ്പാൽ ചെയർമാൻ:— കണ്ടുപിടിച്ച സൂത്രം വളരെ സാമർത്ഥ്യമുള്ളതുതന്നെ. ഇവൻ വളരെ ഉപയോഗമുള്ളതാകുന്നു.

**മിസ്റ്റർ സീതാക[illegible]ാരി,** ജാപ്പാൻ "ഡിൻഗാമിറെറസ്ഗാൻഗിയെ" ന്റ മാനേജിംഗ് പ്രസിഡെണ്ട്:— താങ്കളുടെ ഉപയോഗകരമായ കണ്ടുപിടിത്തങ്ങൾ ജയത്തെ പ്രാപിച്ചതിന്നു ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

---

**റവരണ്ട് ഡോക്ടർ മോറിസൻ** (എം.എ):— കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

---

**ഡോക്ടർ എം. എൻ. ഗാംഗുലി,** കൊൺപൂരി:— ഇതിന്റെ ഫലപ്രാപ്തി കേൾവിപ്പെട്ടതുപോലെതന്നെയാണ്.

---

**പ്രൊഫസർ എച്ച്. സ്റ്റീഫൻ** (എം. എ):— സരസ്വതിതൂവൽ ഞാൻ ഉപയോഗിച്ചുനോക്കിയതിൽ വളരെ ഫലപ്രാപ്തിയുള്ളതായി കണ്ടിരിക്കുന്നു.

---

**ഡോക്ടർ സറാട്ട് കെ. മുള്ളിക്ക്** (എം. ബി. സി. എം.):— എഴുത്തറിയുന്ന ലോകത്തിൽ ഇതിന്നു വളരെ ചെലവുണ്ടാകുമെന്നു ഞാൻ നിശ്ചയമായി പറയുന്നു.

---

**ഡോക്ടർ എസ്സ്. സി. ബാനർജ്ജി** (എം. എ, എൽ. എൽ. ഡി):— മഷിനിറച്ച തൂവൽ പ്രയോഗിക്കുവാൻ ആഗ്രഹിക്കുന്ന യോഗ്യന്മാർ അവയെ ഉപയോഗിച്ചുനോക്കിയതിൻശേഷം അവ താങ്കളുടെ തൂവലെക്കാൾ നന്നായി എഴുതുകയില്ലെന്നു കാണാതിരിക്കില്ല.

---

| വില. | ക. | ണ. | പ. |
|---|---|---|---|
| 12 തൂവലുകൾക്ക് ... ... ... | 0 | 8 | 0 |
| 72-ന്ന ... ... ... ... | 2 | 12 | 0 |
| 144-ന്ന ... ... ... ... | 5 | 8 | 0 |

"വി. പി." പോസ്റ്റായി അയപ്പാൻ 4ണ. പുറമെ.

താഴെകാണിച്ച കമ്പനിയോട് ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

ടി. എസ്സ്. സുബ്രഹ്മണ്യം ആൻറ കമ്പനിയാര

33. അർമീനിയൻ സ്ട്രീറ്റ്,

മദിരാശി,

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

*adras.*

# T. S. Subramania & Co.,

താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

———:o:———

വെററിലമുറുക്കിനെ സ്വാദുപിടിപ്പിക്കുന്ന ഒരു രുചിപ്രദമായ

സുഗന്ധവസ്തു. രമ്യം. വിശേഷം. രുചിപ്രദം.

ഇത മേത്തരം കസ്തൂരി, പനിനീർസത്ത്, അത്തർ മുതൽ സുഗന്ധവസ്തുക്കൾ എന്നിവ ചേർത്തുണ്ടാക്കിയതായി നൂതനമായ ഒരു കൂട്ടാകുന്നു. വെററിലമുറുക്കിന്നു അതിരസം ഉണ്ടാകും. മുറുക്കുന്നവർക്കു ഇത അതിസുഖാനുഭവമായൊരു സാധനമാകയാൽ അവർ ഈ സാധനത്തെ വാങ്ങി പരീക്ഷിച്ചുനോക്കേണ്ടതാകുന്നു.

| | | ക. | ണ. |
|---|---|---|---|
| ഒരു അളുക്കിന്ന വില | ... ... ... | 0 | 4 മാത്രം. |
| 12 അളുക്കുകൾക്ക | ... ... ... ... | 2 | 12 |

തപാൽക്കൂലി പുറമെ.

## DANTADABANA CHURNA. ദന്തധാവന ചൂൎണ്ണം

ശുദ്ധിപ്പെടുത്തുന്ന പല്ലു തേപ്പാനുള്ള പൊടി ഒരു പെട്ടിക്കു വില 0-8 ണ. തൊണ്ണുകെട്ടുകൾക്കും, പല്ലിലൊ, അതിന്നടുത്തൊ ഉണ്ടാകുന്ന പുണ്ണുകൾക്കും, പല്ലിന്റെ വേദന പോകുവാനും വേദനക്കും പല്ലിൽനിന്നു ചോരപോകുന്നതിനും ... ഉതകുന്ന ഒരു പൊടിയാണിത. ഈ പൊടി പല്ലിലുണ്ടാവുന്ന കറ, കേടു മുതലായവയെ നശിപ്പിക്കും. പല്ലുകളിന്മേൽ ചിലപ്പോൾ കുമ്മായമിട്ടപോലെ പററിപ്പിടിച്ചുകാണുന്ന ഒരു വസ്തുവുണ്ട. അതിനെയും ഈ പൊടി നശിപ്പിച്ചുനിക്കും. നാററമുള്ള സകല ദന്ത സങ്കടങ്ങളെയും ഈ പൊടി നശിപ്പിക്കും. പല്ലിന്മേൽ പററിപ്പിടിച്ചിരിക്കുന്നതിനെയെല്ലാം കളഞ്ഞും മുത്തുപോലെ വിളങ്ങുന്ന പല്ലുകളെ ഈ പൊടികൊണ്ടു സമ്പാദിക്കാം. പല്ലുകൾക്കു ബലവും ശക്തിയും ജനിക്കും. ഊണിന്നു ഒരു രുചിയും വരും. ദന്തരോഗവും ... പുണ്ണും കുരുവും ഉണ്ടാവുമ്പോൾ ഈ പൊടി വളരെ നന്ന. ഇതിന്ന പുളിരസമില്ല. വളരെ മിനുസമായും വണ്ണം നേരിയ പൊടിയാക്കിയ ചൂൎണ്ണമാകകൊണ്ടു പല്ലിന്നു ഉരസൽകൊണ്ടു കേടുവരുന്നതല്ല. പല്ലുകൾക്കു ചീച്ചൽതട്ടി ഉരുമാററം വരുന്നതിനെ ഈ പൊടി തടുക്കും. പല്ലുകളിൽ കടികൊണ്ടു നാശം വരുത്തുന്ന അതിസൂക്ഷ്മങ്ങളായ അണുപ്രാണികൾ ഉണ്ട. അവയെ ഈ പൊടി കൊല്ലും. തൊണ്ണുകളെ ചുട്ടുപിടിപ്പിച്ചൊ വേദനപ്പെടുത്തിയൊ പൊറിച്ചൽ മുതലായതൊന്നും ഒരു ചൂൎണ്ണമൂലം ഉണ്ടാവില്ല. നാവിന്നും മൂക്കിന്നും ഈ ചൂൎണ്ണം സുഖകരമാണ. കിഴവന്മാർ പ്രത്യേകിച്ച ഈ ചൂൎണ്ണം ഉപയോഗിക്കേണ്ടതാണ. അപ്പോൾ അവൎക്കു പല്ലുകൊണ്ടുള്ള പ്രയോജനം മരണപൎയ്യന്തമുണ്ടാകുന്നതും. വായക്കു രുചികരവും ...

സുഗന്ധമുള്ളതുമാകയാൽ ശ്വാസത്തിന്ന ഒരു നല്ല മണവുമുണ്ടാവും വായനാററം ഉസ്സഹമല്ലെ-ങ്കിലും ഉണ്ടാവില്ല. നല്ല ഒരു മണം വായിൽനിന്ന പുറപ്പെടുകയും ചെയ്യും.

**KARPURARISTHA. കപ്പൂരാരിഷ്ടം.** നടപ്പദീനത്തിന്നുള്ള പ്രത്യേക ഔഷധം. (വിഷൂചികക്കുള്ള സിദ്ധൌഷധം.) ഒരു കപ്പിക്കു വില 8 ണ. കപ്പൂരാരിഷ്ടം, വിഷൂചികാ, അതിസാരം, വയററിൽകടി, ദഹനക്കുറവ്, ചെറികുന്നിയുടെ കേട, അതി വയററിന്ന വിസ്സാരം എന്നിങ്ങിനെയുള്ള രോഗങ്ങൾക്ക നല്ല മരുന്നാണ. ഈ ഔഷധം പല ജാതിയായ വേദനകളെ തീൎത്തു അവയവങ്ങൾക്ക ശാന്തമായ പ്രസാദചൈതന്യത്തെ വരുത്തും. അവയവങ്ങൾക്ക ക്ഷണസംഭോഗങ്ങളായ വിറയൽ പിടുത്തൽ മുതലായ വികൃതികളെ മാററും. മലത്തിന്റെ അയച്ചിൽ മാററി മലത്തെ കെട്ടി മലബന്ധം വരുത്തി ബലം കൊടുക്കും. അവീൻ (കറുപ്പ) കൂടിട്ടുള്ള അന്യ മരുന്നുകളെപ്പോലെ ഈ ഔഷധം തലവേദനയെ ഉണ്ടാക്കില്ല, തലതിരിച്ചൽ, ഉറക്കം, മന്ദത, ആലസ്യം, മോഹം മുതലായതുകളെ ഉണ്ടാക്കുന്നതുമല്ല. അല്പ നിമിഷങ്ങൾക്കുള്ളിൽ ഛൎദ്ദിയും വേദനയും നോവുകളും നിന്നു പോകും. ഏകമൂലികാപ്രയോഗക്കാരായ ഹോമിയോപ്പതി വൈദ്യരും ബഹുമൂലികാപ്രയോഗക്കാരായ അല്ലോപ്പതി വൈദ്യരും കൊടുക്കുന്ന കപ്പൂരം ക്ലോരോഡൈൻ എന്നിത്യാദി മരുന്നുകളെക്കാൾ ഞങ്ങളുടെ കപ്പൂരാരിഷ്ടം ഇന്ത്യയിലെ ജനങ്ങളുടെ ദേഹങ്ങൾക്കും അതിന്റെ സഹജസ്വഭാവങ്ങൾക്കും പററിയതാണ. ഇത ഞങ്ങളുടെ അനുഭവമാണ.

☞ മേല്പറഞ്ഞ എല്ലാ മരുന്നുകൾ താഴെ എഴുതിയ മേൽവിലാസത്തിൽ ഇംഗ്ലീഷിലൊ മലയാളത്തിലൊ തമിഴിലൊ എഴുതി ചൊദിക്കേണ്ടതാണ.

എന്ന ടി. എസ്സ. സുബ്രഹ്മണ്യം ആൻറ കമ്പനിയാര

33. ആൎമീനിയൻ സ്ത്രീററ,

മദിരാശി.

## സരസ്വതിതൂവൽ.

---

## (THE SARASWATI PEN.)

ഒരിക്കൽ മഷി മുക്കിയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

## സ്തുത്യലിഖിതങ്ങൾ.

**സർ. വാൾട്ടർ ലൊറൻസ്** (കെ. സി, ഐ. ഇ.) ഇന്ത്യാഗവൎണ്ണർ ജനറാളുടെ പ്രൈവററ. സിക്രട്ടേരി:— സരസ്വതിതൂവലുകൾ വളരെ ഉപയോഗമുള്ളവയായി കാണുന്നു. താങ്കളുടെ നൂതനമായ ഈ കണ്ടുപിടിക്കലിന്ന താങ്കൾക്ക എല്ലാ ജയവും സിദ്ധിക്കട്ടെ.

---

**സർ. ലൊറൻസ് ജെങ്കിൻസ്** (കെ. സി. കെ. സി. ഐ. ഇ.) ബൊംബെ ഹൈക്കോൎട്ട ഒന്നാംജഡ്ജി:— സരസ്വതിതൂവൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു. കുറെ തൂവലുകൾ താങ്കൾ എനിക്ക അയച്ചുതരുന്നതിന ഉപകാരം.

**ബർഡ്വാൻ മഹാരാജാധിരാജ ബീജെയി ചാന്ദ മഹതാബ് ബഹദൂർ:—** ഈ സൂത്രവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

---

**നാട്ടോർ മഹാരാജ ബഹദൂർ ജഗന്നിന്ദ്രനാഥറോയി:—** മഷി നിറച്ച "സ്വാൻ" ഇവൽപോലെ മിക്കവാറും അത്ര ഉപകാരമുള്ളതാണ.

---

**ബഹുമാനപ്പെട്ട രാജാ റൺജട്ട് സിങ്ങ് ബഹദൂർ:—** ഞങ്ങളുടെ പരിപാലനക്ക് താങ്കൾ തീരെ അർഹനാകുന്നു.

---

**രാജാ പെയറിമോഹന മൂക്കർജി:—** (സി. എസ്സ്. ഐ):— സരസ്വതി ഇവൻ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു.

---

**ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റീസ്സ് ശാരദ ചാരുമിത്രൻ:—** ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിക്കൽതന്നെയാണ.

---

**പണ്ഡിതർ കെ. പ്പി. ഗാംഗുലി** (ബി. എൽ.) മഹാഭാരത പരിഭാഷകൻ:— "സ്റ്റീൽപെൻ" ഉപയോഗിക്കുന്ന എല്ലാവരുടേയും പാലനക്ക് ഇരു പാത്രമായി നിൽക്കുന്നതാണ.

---

**ബഹുമാനപ്പെട്ട മിസ്റ്റർ ആർ. ടി. ഗ്രിയെർ** (ഐ. സി. എസ്സ്.) കല്കത്താ മുനിസിപ്പാൽ ചെയർമാൻ:— താങ്കളുടെ ഇവൻ തൃപ്തികരമായ ഒന്നാണെന്ന കണ്ടിരിക്കുന്നു. സൂത്രം വളരെ സാമർത്ഥ്യമുള്ളൊന്നുതന്നെയാണ.

---

**മിസ്റ്റർ എച്ച്. ഡി. വില്യംസ്** (ഐ. സി. എസ്സ്.), കമിഷണർ:— കൂടക്കൂട മഷി മുക്കേണ്ടുന്ന ബുദ്ധിമുട്ടില്ല, ഒരിക്കൽ മുക്കിയാൽ മൂന്നു നാലു പായ കത്തുകടലാസ്സ് എഴുതാവുന്നതാണ.

---

**മിസ്റ്റർ കെ. സി. ഡി.** (ഐ. സി. എസ്സ്.) കലക്ടർ:— ഇവൻ വളരെ സൌകര്യമുള്ളതും കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുംതന്നെ.

---

**മിസ്റ്റർ എസ്സ്. സി. മിത്രൻ,** ഡിപ്യൂട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യ, വളരെ തൃപ്തികരം.

---

**മിസ്റ്റർ ജി. ചക്രവർത്തി,** സിമിണ്ടാർ, ബാംബ്വെ മുനിസിപ്പാൽ ചെയർമാൻ:— കണ്ടുപിടിച്ച സൂത്രം വളരെ സാമർത്ഥ്യമുള്ളതുതന്നെ. ഇവൻ വളരെ ഉപയോഗമുള്ളതാകുന്നു.

**മിസ്റ്റർ സീതാകഹോരി,** ജാപ്പാൻ "ഡിൻഗാജിറ്റ് സാൻഗിയെ" സമാജം പ്രസിഡെണ്ട:— താങ്കളുടെ ഉപയോഗകരമായ കണ്ടുപിടിക്കൽ ജയത്തെ പ്രാപിച്ചതിന്നു ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

---

**റവറണ്ട് ഡോക്റ്റർ മോറീസൻ** (എം. എ):— കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

---

**ഡോക്റ്റർ എം. എൻ. ഗാംഗുലി,** കോൺപുരി:— ഇതിന്റെ ഫലപ്രാപ്തി കേൾവിപ്പെട്ടൊന്നുതന്നെയാണ്.

---

**പ്രൊഫസർ എച്ച്. സ്റ്റീഫൻ** (എം. എ):— സരസ്വതിപ്പുറാൽ ഞാൻ ഉപയോഗിച്ചുനോക്കിയതിൽ വളരെ ഫലപ്രാപ്തിയുള്ളതായി കണ്ടിരിക്കുന്നു.

---

**ഡോക്റ്റർ സറാട്ട് കെ. മുള്ളിക്** (എം. ബി. സി. എം.):— എഴുത്തറിയുന്ന ലോകത്തിൽ ഇതിന്നു വളരെ ചെലവുണ്ടാകുമെന്നു ഞാൻ തീർച്ചയായി പറയുന്നു.

---

**ഡോക്റ്റർ എസ്സ്. സി. ബാനർജി** (എം. എ, എൽ. എൽ. ഡി):— മഷിനിറച്ച തൂവൽ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന യോഗ്യന്മാർ അവയെ ഉപയോഗിച്ചുനോക്കിയതിൻശേഷം അവ താങ്കളുടെ തൂവലുകളെ നന്നായി [illegible] കാണാതിരിക്കില്ല.

---

| വില. | | | | ക. | ണ. | പ. |
|---|---|---|---|---|---|---|
| 12 തൂവലുകൾക്ക് | ... | ... | ... | 0 | 8 | 0 |
| 72-ന്ന | ... | ... | ... | 2 | 12 | 0 |
| 144-ന്ന | ... | ... | ... | 5 | 8 | 0 |

"വി. പി." പൊസ്റ്റായി അയപ്പാൻ 4ണ. പുറമെ.

താഴെകാണിച്ച കമ്പനിയോട് ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

ടി, എസ്സ്. സുബ്രഹ്മണ്യം ഐയ്യർ കമ്പനിയാര

33. ആർമീനിയൻ സ്റ്റ്രീറ്റ്,

മദിരാശി.

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

*Madras.*

# സംഗതിവിവരം.

—:o:—


ഭാഗം.

൧. മാനുഷ പരിഷ്കരണം- കെ. പരമുപിള്ള എം. എ. ... ൧൦൦

൨. പുരാണ പുരുഷന്മാർ- ... ... ൧൦൩

൩. ബൃഹസ്പതി- ഏ. ശങ്കരപ്പൊതുവാൾ ബി. ഏ. ബി. എൽ. ... ൧൧൧

൪. ഒരു നീളംകൂറഞ്ഞ കത്ത്- സി. എസ്. ജി. പി. ... ൧൧൪

൫. പത്രചരിത്രം- പി. നാരായണപ്പൊതുവാൾ ... ൧൧൯

൬. ആലോചനകൾ- കിട്ടിയാടി കട്ടൻ (പി. എ) ... ൧൨൮

൭. പച്ച മലയാളം- പച്ച മലയാളി ... ൧൨൯

൮. ദാരിദ്ര്യശമനം- രാമപ്പുറത്തു നാരായണൻ നമ്പി ... ൧൩൧

൯. ഒരു വിലാപം- സി. എസ്. സുബ്രഹ്മണ്യൻ പോററി ... ൧൩൨

൧൦. ഒരെഴുത്ത്- എൻ. കുമാരൻ ആശാൻ ... ൧൩൬

൧൧. വിദ്യാഭ്യാസദോഷം- കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ ... ൧൩൭

൧൨. കേരളകവിത രത്നമാല- ... ... ൧൪൬

൧൩. ഒരു ദുർമ്മരണം- ... ... ൧൪൭

൧൪. പലവക- ... ... ... ൧൫൦

പുസ്തക പരിശോധന.

സമാപ്തം-


☞ രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ആ സംഖ്യ ആപ്പീസിൽ അടക്കുന്നവർക്ക് ൧൦. ഉറുപ്പികയിൽ കുറയാതെയുള്ള സംഖ്യകൾക്കു ൧൦൦ക്കു ൧൦ക്കു വീതം കമ്മിഷനും ൩൦. കയിൽ കുറയാതെ പിരിച്ചടക്കുന്നവർക്കു മേൽപറഞ്ഞ കമ്മിഷനും പുറമേ മുപ്പതിതെ ഉറുപ്പികക്കു രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യവുംകൊടുക്കപ്പെടും.

ര. ര. മാനേജർ.


PRINTED AT THE VIDYA VILASUM PRESS, ERNAKULAM.

## ററെർലെവക പണമടച്ചവരുടെ പേരുവിവരം.

| | | | | | |
|---|---|---|---|---|---|
| കൊച്ചി ഇളയതമ്പുരാൻ | | തൃപ്പൂണിത്തുറ | ൩ | ൦ | ൦ |
| ടി | ൭-ാംകൂറ കുഞ്ഞുണ്ണിത്തമ്പുരാൻ | ടി | ൩ | ൦ | ൦ |
| ടി | ൧൨-ാംകൂറ കുഞ്ഞികിട്ടൻ തമ്പുരാൻ | ടി | ൩ | ൦ | ൦ |
| ടി | ൧൭-ാംകൂറ കേരളവൎമ്മത്തമ്പുരാൻ | ... | ൩ | ൦ | ൦ |
| ടി | ൧൯-ാംകൂറ കേരളവൎമ്മത്തമ്പുരാൻ | ... | ൩ | ൦ | ൦ |
| ടി | വലിയ കാൎയ്യത്തമ്പുരാൻ ... | ... | ൧ | ൨ | ൦ |
| മങ്കുഴിപ്പുറത്ത കൊട്ടാരത്തിൽ കേരളവൎമ്മ വലിയതമ്പുരാൻ | | | ൩ | ൦ | ൦ |
| | മഴുഴി കൃഷ്ണൻ നമ്പൂരിപ്പാട് ... | ... | ൩ | ൦ | ൦ |
| | വെങ്കണി കൃഷ്ണൻ നമ്പൂരിപ്പാട് ... | ... | ൩ | ൦ | ൦ |
| | ഹിറെക്ക് വൈദ്യരി ... | ... | ൦ | ൮ | ൦ |
| | പെരുന്താനം കൃഷ്ണൻ നമ്പൂരി ... | ... | ൩ | ൦ | ൦ |
| | ചേന്ദുത്ത ഗോവിന്ദ മന്നാടിയാർ | പിറക് | ൩ | ൦ | ൦ |
| | സി. വി. കൃഷ്ണയ്യർ ഹൈസ്കൂൾ മാനേജർ | ടി | ൩ | ൦ | ൦ |
| | സ, രാമപ്പിള്ളാൾ | തൃശിനാപ്പിള്ളി | ൩ | ൦ | ൦ |
| | മൊഴാക്കൽ ഗോവിന്ദമേനോൻ | ചാലക്കുടി | ൦ | ൧൨ | ൦ |
| | എ. എ. കുമാരപിള്ള | ഇരണിയൽ | ൧ | ൧൦ | ൦ |
| | കാവിൽ ...ത്താനിയിൽ പരമേശ്വരൻ നമ്പൂരി | നെല്ലായി | ൩ | ൦ | ൦ |
| | ചെറുകാട്ട കുഞ്ഞികൃഷ്ണമേനോൻ | എറണാകുളം | ൩ | ൦ | ൦ |
| | പുളിക്കാട്ടത്ത വിഷ്ണുനമ്പൂരി ... | ... | ൩ | ൦ | ൦ |

---

ശ്രീ പാലക്കാട്ട് എഷ്ഷണ്ട ആർ. കെ. വെങ്കടേശ്വരയ്യർ അവർകൾ മാതൃകയായി അയച്ചുതന്നിട്ടുള്ള 1903ലെ 'കേരളരഞ്ജൻ ഒറ്റപ്പഞ്ചാംഗം' ഏറ്റവും കൌതുകമുള്ളതാണെന്നും ... മുഖ്യമായി ജീവൻ കൊടുക്കുന്നത കോയിത്തമ്പുരാൻ തിരുമനസ്സിലെ അതിമനോഹരമായ ലക്ഷ്മീപടമാണെന്നും അഭിപ്രായപ്പെടുവാൻ ഞങ്ങൾ സംശയിക്കുന്നില്ല. വരും കൊല്ലവും ഇമ്മാതിരി വിശേഷമായ ഒറ്റപ്പഞ്ചാംഗം പുറപ്പെടുവിക്കാതിരിക്കയില്ലെന്ന വിശ്വസിക്കുന്നു.

ര. ര. ര.

---


**നോക്കുവിൻ!** **നോക്കുവിൻ!!**

**ചേരയിൽ പരമേശ്വര ഭട്ടതിരി.**

അഞ്ചാടിവീഥി. കോട്ടക്കകം. തൃപ്പൂണിത്തുറ.

എല്ലാമാതിരി ടെന്നീസ് ബ്യാറ്റുകളും തൃപ്തികരമാംവണ്ണം ഇവിടെ കേടുപാടുതീൎത്തു കൊടുക്കപ്പെടും. ഉപായപ്പണി ഇവിടെ കാണില്ല. ഒന്നാന്തരം ശീമഗൂട്ട മുതലായ സാമാനങ്ങൾ മാത്രമെ ഉപയോഗിക്കയുള്ളു. കൂലി ചുരുക്കം, പണിമെച്ചം.

**വരുവിൻ!!** **വരുവിൻ!!**